

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

...മൂന്നാമത്... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3, 4.5 മുതൽ 4.12 വരെയുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

.....മൂന്നാമത്..... റിപ്പോർട്ട്

(2026 ഒക്ടോബർ മാസം 28-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3, 4.5 മുതൽ 4.12 വരെയുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	:	v
മുഖവുര	:	vii
റിപ്പോർട്ട്	:	1
അനുബന്ധം I പ്രധാനപ്പെട്ട നിഗമനങ്ങളും /ശിപാർശകളും	:	55
അനുബന്ധം II ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടി	:	60

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
(2026-28)

ഘടന

ചെയർപേഴ്സൺ :

ശ്രീ. അൻവർ സാദത്ത്

അംഗങ്ങൾ

ശ്രീ. അപു ജോൺ ജോസഫ്

ശ്രീ. എ. കെ. എം. അഷ്റഫ്

ശ്രീ. വി. ജോയി

ശ്രീ. കെ പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. രാജൻ ജെ. പല്ലൻ

ശ്രീ. സജീവ് ജോസഫ്

ശ്രീ. സജി ചെറിയാൻ

ശ്രീ. പി. എം. എ. സമീർ

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ- ചാർജ്

ശ്രീമതി. രജി. ഡി. ഒ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി. ബിന്ദുരാജ് ഡി, അണ്ടർ സെക്രട്ടറി.

മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2026-28) യുടെ ...മൂന്നാമത്... റിപ്പോർട്ട് സമർപ്പിക്കുന്നു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3, 4.5 മുതൽ 4.12 വരെയുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഒക്ടോബർ മാസം 26 -ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

റിപ്പോർട്ട്

കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇൻഡ്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3, 4.5 മുതൽ 4.12 വരെയുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കി തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

സ്വർണ്ണജയന്തി ശഹരി റോസ്ഗാർ യോജനയുടെ കീഴിൽ നടപ്പിലാക്കിയ പ്രധാന ഘടകങ്ങൾ

ആമുഖം

നഗരങ്ങളിലെ തൊഴിൽ രഹിതർക്കും മുഴുവൻ സമയം തൊഴിൽ ലഭിക്കാത്തവർക്കും പ്രതിഫലം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കാൻ വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ അല്ലെങ്കിൽ വേതനത്തോടുകൂടിയ തൊഴിൽ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരത സർക്കാർ സ്വർണ്ണജയന്തി ശഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ) നടപ്പിലാക്കി (1997 ഡിസംബർ). നേരത്തെയുള്ള മൂന്ന നഗരദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളായ അർബൻ ബേസിക് സർവ്വീസസ് ഫോർ പൂവർ (യു.ബി.എസ്.പി), നെഹ്റു റോസ്ഗാർ യോജന (എൻ.ആർ.വൈ), പ്രൈംമിനിസ്റ്റേഴ്സ് ഇന്റഗ്രേറ്റഡ് അർബൻ പൊവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം (പി.എം.ഐ.യു.പി.ഇ.പി) എന്നിവ ഈ പദ്ധതിയിൽ ലയിപ്പിച്ചു. സംസ്ഥാനങ്ങൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളെ തരണം ചെയ്യാൻ നാല് പ്രധാന ഘടകങ്ങളായ അർബൻ സെൽഫ് എംപ്ലോയിമെന്റ് പ്രോഗ്രാം (യുഎസ്ഇപി), അർബൻ വിമൻ സെൽഫ് ഹെൽപ്പ് പ്രോഗ്രാം (യുഡബ്ല്യുഎസ് പി). സ്കിൽ ട്രയിനിംഗ് ഫോർ എംപ്ലോയ്മെന്റ് പ്രൊമോഷൻ എമങ്ങ് അർബൻ പൂവർ (സ്റ്റെപ്പ് അപ്പ്), അർബൻ വേജ് എംപ്ലോയ്മെന്റ്) പ്രോഗ്രാം (യുഡബ്ല്യുഇപി) എന്നിവയെ ഒരുമിച്ച് കൊണ്ടുവന്ന 2009 ഏപ്രിലിൽ പദ്ധതി നവീകരിക്കുകയും

ഗുണഭോക്താക്കൾക്കുള്ള സഹായം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യ. ഭാരത സർക്കാർ എസ്.ജെ.എസ്.ആർ.വൈ യ്ക്കുള്ള ഫണ്ട് മുഴുവനായി സംസ്ഥാനത്തിന് നൽകുന്നു. ആവശ്യാനുസരണം വിവിധ ഘടകങ്ങൾക്കായി നിർദ്ദിഷ്ട ഭൗതിക ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനായി ഫണ്ട് വിഭജിച്ചു നൽകാനുള്ള സ്വാതന്ത്ര്യം സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. വിവിധ ഘടകങ്ങളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

എസ്ജെഎസ്ആർവൈയുടെ ഘടകങ്ങളുടെ വിവരങ്ങൾ

പ്രധാന ഘടകങ്ങളുടെ പേര്	ഘടകങ്ങളുടെ വിവരങ്ങൾ /ഗുണഭോക്താക്കൾക്കുള്ള സഹായം
യു.എസ്.ഇ.പി.	പ്രതിഫലം ലഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ നഗരത്തിലെ പാവപ്പെട്ട വ്യക്തിഗത ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കുന്നു. അനുവദിക്കപ്പെട്ട പരമാവധി പദ്ധതി അടങ്കൽ ₹ രണ്ട് ലക്ഷം ആണ്. അതിൽ പരമാവധി ₹50,000 ലഭ്യമാകത്തക്കവിധം 25 ശതമാനം സഹായധനമായും ഗുണഭോക്തൃ വിഹിതമായി അഞ്ചു ശതമാനവും ബാക്കിതുക ബാങ്കുവായ്പയായും ലഭിക്കുന്നതാണ്.
യു.ഡബ്ലു.എസ്.പി.	നഗരത്തിലെ കുറഞ്ഞത് അഞ്ച് പാവപ്പെട്ട സ്ത്രീകൾ ചേർന്ന സംഘത്തിന് സ്വയം തൊഴിൽ സംരംഭം തുടങ്ങാൻ വേണ്ടിയുള്ള പ്രത്യേക സഹായ പരിപാടിയാണ് ₹ മൂന്ന് ലക്ഷമോ പദ്ധതിയടങ്കലിന്റെ 35 ശതമാനമോ അംഗങ്ങൾക്കോരോർത്തർക്കും ₹60,000 വീതമോ, ഏതാണോ കുറവ് അത് സംഘത്തിന് സഹായധനമായി ലഭിക്കും. ബാക്കി തുക ബാങ്കു വായ്പയിലൂടെയും മാർജിൻ ധനമായും കണ്ടെത്തേണ്ടതാണ്.
സ്റ്റെപ് അപ്പ്	സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാനും കഴിവു വർദ്ധിപ്പിക്കാനും കൂടുതൽ വേതനം ലഭ്യമാകുന്ന തൊഴിൽ നേടാനും വേണ്ടി നഗരത്തിലെ പാവപ്പെട്ടവരുടെ നൈപുണ്യ രൂപീകരണ വികസനത്തിന് സഹായം നൽകുന്നു. പരിശീലനത്തിനായി അനുവദിച്ചിരിക്കുന്ന ശരാശരി തുക പരിശീലനത്തിനെത്തുന്ന ഓരോർത്തർക്കും ₹10000-ൽ കൂടരുത്.
യു.ഡബ്ലു.ഇ.പി.	അഞ്ചുലക്ഷം വരെ ജനസംഖ്യയുള്ള പട്ടണങ്ങളിലും നഗരങ്ങളിലും സാമൂഹ്യവും സാമ്പത്തികവുമായി പ്രയോജനപ്രദമായ പൊതുമുതലുകളുടെ നിർമ്മാണത്തിനു വേണ്ടി ബി.പി.എൽ. ഗുണഭോക്താക്കളുടെ കർമ്മശേഷി ഉപയോഗിച്ച് തൊഴിൽ നൽകുന്നു. ഈ പദ്ധതിയ്ക്കു കീഴിലുള്ള പ്രവൃത്തികളുടെ സാധനങ്ങളുടെയും തൊഴിലിന്റെയും അനുപാതം 60:40 ആയി നിലനിർത്തേണ്ടതാണ്.

2010 ഏപ്രിലിൽ നവീകരിച്ച എസ്.ജെ.എസ്.ആർ.വൈ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനാണ് (കുടുംബശ്രീ)[1] നഗര തദ്ദേശ സ്ഥാപനങ്ങളിൽ (യുഎൽബികൾ) പദ്ധതി നടപ്പാക്കുന്ന സംസ്ഥാനതല നോഡൽ ഏജൻസി (എസ്എൽഎൻഎ) കുടുംബശ്രീയുടെ കീഴിലുള്ള കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി (സിഡിഎസ്) ഗുണഭോക്താക്കൾക്ക് സബ്സിഡി ബാങ്കുകളിലൂടെ വിതരണം ചെയ്യുന്നതുൾപ്പെടെ പദ്ധതിയുടെ വിവിധ വശങ്ങൾ നടപ്പിലാക്കാൻ യുഎൽബികളെ സഹായിക്കുന്നു. നഗര തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ.

പദ്ധതി നടപ്പാക്കുന്നതിൽ കേന്ദ്ര സംസ്ഥാന വിഹിതം 75:25 എന്ന അനുപാതത്തിലാണ്. സ്റ്റെപ്പ് അപ്പിനുവേണ്ട പദ്ധതി നടപ്പാക്കൽ ഫണ്ട് കുടുംബശ്രീ മിഷൻ ജില്ലാ മിഷൻ വഴി സിഡിഎസിനു നൽകുന്നു. ബാക്കി ഘടകങ്ങൾക്കുള്ള ഫണ്ട് നഗര തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിയിലൂടെ നൽകുന്നു.

2013 ഏപ്രിൽ മുതൽ 2013 ജൂലൈ വരെയുള്ള സമയത്ത്, 2008-09 മുതൽ 2012-13 വരെയുള്ള കാലയളവിലെ പദ്ധതി നടപ്പാക്കലിന്റെ വിവിധ വശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കി. പ്രോബബിലിറ്റി പ്രോപ്പോഷണൽ ടു സൈസ് വിത്ത്ഔട്ട് റീപ്ലൈസ്മെന്റ് (പിപിഎസ്ഡബ്ല്യുഒആർ) രീതിയിലൂടെ സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും അഞ്ച്[2] എണ്ണം തെരഞ്ഞെടുത്തു. പിപിഎസ്ഡബ്ല്യുഒആർ രീതിയിലൂടെ തെരഞ്ഞെടുത്ത ഓരോ ജില്ലകളിൽ നിന്നും 33.33 ശതമാനം നഗര തദ്ദേശ സ്ഥാപനങ്ങളെയും തെരഞ്ഞെടുത്തു. തുടർന്ന് 20 നഗര തദ്ദേശ സ്ഥാപനങ്ങളിലും[3] ഇവയ്ക്ക് കീഴിലുള്ള 28 സിഡിഎസുകളിലും സൂക്ഷിച്ചിരുന്ന രേഖകൾ പരിശോധിച്ചു. ഗുണഭോക്തൃ

---

1 1955-ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക്ക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിനു കീഴിൽ രജിസ്റ്റർ ചെയ്ത സൊസൈറ്റിയാണ് കുടുംബശ്രീ. അതിന്റെ പ്രവർത്തനം മൂന്ന് ലക്ഷ്യങ്ങൾക്ക് ചുറ്റും നിർമ്മിതമാണ് - സാമ്പത്തിക ശാക്തീകരണം, സാമൂഹിക ശാക്തീകരണം, സ്ത്രീ ശാസ്ത്രീകരണം ഇവയിലധിഷ്ഠിതമായി സംസ്ഥാനത്തെ 2.5 ലക്ഷം സ്ത്രീകളുടെ കൂട്ടായ്മയിലൂടെ ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യുക

2 തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ.

3 തിരുവനന്തപുരം, ആറ്റിങ്ങൽ, നെടുമങ്ങാട്, വർക്കല, ചേർത്തല, മാവേലിക്കര, ആലപ്പുഴ, ചെങ്ങന്നൂർ, കൊച്ചി, കോതമംഗലം, കളമശ്ശേരി, അങ്കമാലി, കൊടുങ്ങല്ലൂർ, ഗുരുവായൂർ, കുന്നംകുളം,ചാലക്കുടി, കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ, തളിപ്പറമ്പ്.

പരിശോധന, ഗുണഭോക്താക്കളുടെ യൂണിറ്റുകളിലുള്ള സംയുക്ത പരിശോധന., സിഡിഎസ്, ജില്ലാ മിഷൻ ഓഫീസുകൾ, സംസ്ഥാന മിഷൻ ഓഫീസുകൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരുന്ന രേഖകളുടെ പരിശോധന., ഓഡിറ്റ് ചോദ്യാവലി നൽകി മറുപടികൾ ശേഖരിക്കൽ, ഉദ്യോഗസ്ഥരുമായുള്ള ചർച്ച, സർക്കാർ വകുപ്പുമായുള്ള ആശയവിനിമയം തുടങ്ങിയവയുൾപ്പെട്ടതായിരുന്നു ഓഡിറ്റിന്റെ രീതി.

ഓഡിറ്റ് കണ്ടെത്തലുകൾ

ആസൂത്രണം

ഒരു പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനു വേണ്ട ഒരു പ്രധാന ഘടകമാണ് ആസൂത്രണം. ഒരു നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തിക്കാൻ മുൻകൂർ ആസൂത്രണം അത്യന്താപേക്ഷിതമാണ് . സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച (2010 ഏപ്രിൽ 1) പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സിഡിഎസുകൾ പദ്ധതിയ്ക്ക് വേണ്ട കർമ്മ പദ്ധതികൾ വാർഷികമായി തയ്യാറാക്കേണ്ടതാണ്. പരിശോധിച്ച കാലയളവിൽ ആറ് സിഡിഎസുകൾ ഒരു വർഷവും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. എന്നാൽ, മറ്റു സിഡിഎസുകൾ കർമ്മ പദ്ധതി തയ്യാറാക്കിയത് ഒരു വർഷം മുതൽ നാലു വർഷം വരെയാണ് (ആറ് സിഡിഎസുകൾ- ഒരു വർഷം, മൂന്ന് സിഡിഎസുകൾ - രണ്ടു വർഷം, ഒരു സിഡിഎസ് - മൂന്നു വർഷം, മൂന്ന് സിഡിഎസുകൾ നാലു വർഷം) ഒരു സിഡിഎസിനെ സംബന്ധിച്ച് ഒരു വിവരവും ലഭ്യമല്ല.

പദ്ധതിയ്ക്ക് കീഴിൽ അനുവദിച്ച ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിൽ വാർഷിക കർമ്മ പദ്ധതിയുടെ അഭാവം പ്രകടമായിരുന്നു.

പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച്, യുഎസ്ഇപി, യുഡബ്ല്യുഎസ്പി ഘടകങ്ങൾക്ക് നഗര തദ്ദേശ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ പ്രത്യേകം വകയിരുത്തുകയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും വേണം. ലാക്ഷണിക പരിശോധന നടത്തിയ ഒരു നഗര തദ്ദേശ സ്ഥാപനവും ഇതു ചെയ്തിട്ടില്ല.

ഗുണഭോക്താക്കളെ കണ്ടെത്തിയത്

എസ്ജെഎസ്ആർവൈ സംസ്ഥാന മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നത്, പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളുടെ അന്തിമ പട്ടിക വാർഡ് സമിതി അല്ലെങ്കിൽ വാർഡ് സഭയിൽ കൂടെയായിരിക്കണം തയ്യാറാക്കേണ്ടത്

എന്നാണ്. അയൽക്കൂട്ടങ്ങളും ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റി (എഡിഎസ്)കളും ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കിയത് ബന്ധപ്പെട്ട വാർഡ് സമിതി/ വാർഡ് സഭയിലൂടെയല്ലായിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി. അതിനാൽ, സിഡിഎസ് അന്തിമമായി തയ്യാറാക്കിയ പട്ടികയിൽ ഈ പദ്ധതിയുടെ കീഴിൽ വരാത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയതിനോ അർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കിയതിനോ ഉള്ള സാധ്യതയുണ്ട്.

എസ്.ജെ.എസ്.ആർ വൈയുടെ വിവിധ ഘടകങ്ങളുടെ നടപ്പാക്കൽ

എസ്.ജെ.എസ്.ആർ.വൈയുടെ കീഴിലെ നാല് പ്രധാന ഘടകങ്ങളിൽ ഒരു ഘടകം (യുഡബ്ല്യുഇപി) നടപ്പാക്കിയില്ല.

2008-09 മുതൽ 2012-13 വരെയുള്ള കാലയളവിൽ ബാക്കി മൂന്ന ഘടകങ്ങൾക്ക് ഭാരത സർക്കാർ നിശ്ചയിച്ച ഭൗതിക ലക്ഷ്യവും അതിനെതിരെ കൈവരിച്ച പുരോഗതിയും ചുവടെ കൊടുത്തിരിക്കുന്നു.

2008-2013 കാലഘട്ടത്തിലെ ലക്ഷ്യവും നേട്ടവും

(ഗുണഭോക്താക്കളുടെ എണ്ണം)

വർഷം	യുഎസ്ഇപി		യുഡബ്ലുഎസ്പി		സ്റ്റെപ് അപ്	
	ലക്ഷ്യം	നേട്ടം (%)	ലക്ഷ്യം	നേട്ടം(%)	ലക്ഷ്യം	നേട്ടം(%)
2008-2009	2449		3820(156)[4]		3062	3632(119)
2009-2010	531	813(153)	531	283(53)	3613	2696(75)
2010-2011	531	1065(201)	531	254(48)	4250	3190(75)
2011-2012	1345	1305(97)	897	425(48)	5362	3072(57)
2012-2013	2164	1914(88)	1585	1353(85)	29000	20011(69)

85 ശതമാനമുണ്ടായിരുന്ന 2012-13-ൽ ഒഴികെ യുഡബ്ല്യുഎസ്പിയുടെ നടപ്പാക്കൽ തൃപ്തികരമല്ലായിരുന്നു. ആദ്യവർഷത്തെ 119 ശതമാനം എന്ന ഉയർന്ന നേട്ടത്തിനു ശേഷം പുരോഗതി കുറഞ്ഞത് 2011-12-ൽ 57 ശതമാനമായ സ്റ്റെപ്പ് അപ്പ് - ന്റെ നേട്ടം ക്രമകരമായിരുന്നില്ല. ഉയർന്ന പലിശ നിരക്കിലുള്ള വായ്പാ ബാധ്യത

4 യുസ്ഇപി, യുഡബ്ലുഎസ്പി എന്നിവയ്ക്കുള്ള വിഭജനം വകുപ്പ് സൂക്ഷിച്ചിരുന്നില്ല

ഏറ്റെടുക്കാൻ ഗുണഭോക്താക്കൾ കാണിച്ച വിമുഖത, വായ്പ കിട്ടുന്നതിലെ നടപടിക്രമത്തിലെ കാലതാമസം, സ്വയംതൊഴിൽ സംരംഭങ്ങളിലെ ലാഭം സംബന്ധിച്ച് അനിശ്ചിതത്വം, യുഡബ്ല്യുഎസ്പി സംഘങ്ങളിലെ അംഗങ്ങൾക്കിടയിലുണ്ടായ സ്വരച്ചേർച്ചയില്ലായ്മ എന്നിവയാണ് ഈ ഘടകങ്ങളുടെ നടപ്പാക്കലിലെ കുറഞ്ഞ പുരോഗതിയ്ക്ക കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് . എസ്ജെഎസ്ആർവൈയുടെ കീഴിലെ ഘടകങ്ങളുടെ നടപ്പാക്കലിൽ ഓഡിറ്റ് കണ്ടെത്തിയ മറ്റ് പാളിച്ചകൾ താഴെ പറയുന്നവയാണ്.

<u>വേണ്ടത്ര പിൻതുടർച്ചയുടെ കുറവു കാരണം യൂണിറ്റുകൾ അടച്ചുപൂട്ടിയത്</u>

കമ്മ്യൂണിറ്റി തലത്തിൽ ഒരു കമ്മ്യൂണിറ്റി ഓർഗനൈസറെ (സിഒ) നിയമിക്കാൻ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച ഭാരത സർക്കാരിന്റെ മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി നടപ്പാക്കൽ സംവിധാനവും (അതായത്, നഗര തദ്ദേശ സ്ഥാപനത്തിന്റെ തലത്തിൽ നഗര ദാരിദ്ര്യ ലഘൂകരണ സെൽ), നഗരത്തിലെ പാവപ്പെട്ട ജനങ്ങളും (സിഡിഎസിലൂടെ പ്രതിധാനം ചെയ്യുന്നത്) തമ്മിൽ ഒരു ബന്ധം സ്ഥാപിക്കുന്നത് സിഒ മാർ ആയതിനാൽ അവരുടെ പ്രകടനത്തെ ആശ്രയിച്ചാണ് പദ്ധതിയുടെ വിജയം നിലകൊള്ളുന്നത്. സാമ്പത്തിക സഹായം ലഭിച്ച ഗുണഭോക്താക്കളെ അവരുടെ സ്വയം തൊഴിൽ സംരംഭങ്ങളുടെ പുരോഗതിയും വായ്പയുടെ സമയബന്ധിത തിരിച്ചടവും നിരീക്ഷിക്കുക, പതിവായി തുടർ നടപടി സ്വീകരിക്കുക മുതലായവ സിഒയുടെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു. 2013 മാർച്ച് 31 വരെ സ്ഥാപിച്ച 1504[5] യൂണിറ്റുകളിൽ 918[6] യൂണിറ്റുകൾ അടച്ചുപൂട്ടിയതായി ഓഡിറ്റിൽ കണ്ടെത്തി. തുടർച്ചയായി അനന്തര നടപടികൾ എടുക്കാനുള്ള സിഡിഎസിന്റെ ഉചിതമായ സംവിധാനത്തിന്റെ അഭാവം യൂണിറ്റുകൾ അടച്ചുപൂട്ടാനുള്ള കാരണങ്ങളിലൊന്നാണ് . സംരംഭങ്ങൾ നടത്തുന്നതിലെ വൈദഗ്ധ്യത്തിന്റെ അഭാവം സംഘാംഗങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം തുടങ്ങിയവയാണ് യൂണിറ്റുകൾ നിന്നു പോകാനുള്ള കാരണങ്ങളായി കുടുംബശ്രീ പറഞ്ഞത് (2013 ഡിസംബർ). സിഡിഎസുകൾക്ക് വേണ്ടിയുള്ള കർമ്മ പദ്ധതികൾ തയ്യാറാക്കുക, സമൂഹത്തെ സജ്ജമാക്കുക, തുടങ്ങിയ മറ്റുപ്രവർത്തനങ്ങൾ സിഒ മാർക്ക് നടത്തേണ്ടിയിരുന്നതിനാൽ അവർക്ക് സംരംഭങ്ങളെ

5 യുഎസ്ഈപി : 1370, യുഡബ്ല്യുഎസ്പി :134

6 യുഎസ്ഇപി : 859, യുഡബ്ല്യുഎസ്പി : 59

തുടർച്ചയായി പിന്തുണക്കാൻ കഴിഞ്ഞില്ലെന്ന് കുടുംബശ്രീ സംസ്ഥാന മിഷൻ പ്രസ്താവിച്ചു.

സൂക്ഷ്മ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കാത്തത്

ഭാരത സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് എസ്ജെഎസ് ആർവൈയുടെ കീഴിൽ ₹80 ലക്ഷത്തിൽ കവിയാത്ത സാമ്പത്തിക സഹായത്തോടെ നോഡൽ ഏജൻസിയായ കുടുംബശ്രീ സൂക്ഷ്മ വ്യവസായ കേന്ദ്രങ്ങൾ (എംബിസികൾ) സ്ഥാപിക്കേണ്ടതാണ് . സ്വന്തമായി ചെറുവ്യവസായങ്ങൾ അല്ലെങ്കിൽ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിലൂടെ സ്വയം തൊഴിൽ ആഗ്രഹിക്കുന്ന നഗരത്തിലെ പാവപ്പെട്ടവർക്ക് ഉത്പന്നങ്ങൾ വിപണനം നടത്താനും സൂക്ഷ്മസംരംഭങ്ങൾ തുടങ്ങാനും സാങ്കേതികത, വിപണനം, ഉപദേശം എന്നീ തലങ്ങളിൽ സഹായം നൽകാനുമുള്ള ധർമ്മം, എംബിസികളാണ് നിർവ്വഹിക്കേണ്ടത് . എംബിസികൾ സ്ഥാപിക്കാൻ വേണ്ട ഒരു ശ്രമവും കുടുംബശ്രീ തുടങ്ങിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങൾ കാണിച്ച ഉദാസീനതയാണ് സൂക്ഷ്മ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കാതിരുന്നതിന്റെ കാരണമായി കുടുംബശ്രീ പറഞ്ഞത്.

(ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ഖണ്ഡികകൾ 4.3.1, 4.3.2, 4.3.3, 4.3.4.1, 4.3.4.2)

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

1. പ്രസ്തുത ഖണ്ഡികയിലെ പരാമർശങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നിഗമനങ്ങൾ / ശിപാർശകൾ

2. ആസൂത്രണം, ഗുണഭോക്താക്കളെ കണ്ടെത്തിയത്, എസ്ജെഎസ്ആർവൈ - യുടെ വിവിധ ഘടകങ്ങളുടെ നടപ്പാക്കൽ, വേണ്ടത്ര പിൻതുടർച്ചയുടെ കുറവു കാരണം യൂണിറ്റുകൾ അടച്ചു പൂട്ടിയത്, സൂക്ഷ്മ വ്യവസായ കേന്ദ്രങ്ങൾ

സ്ഥാപിക്കാത്തത് എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

<u>തിരിച്ചടവിന്റെ അധികഭാരം</u>

യുഡബ്ല്യുഎസ്പിയുടെ കീഴിൽ ചേർത്തല മുനിസിപ്പാലിറ്റി ഏകീകൃത ആടുവളർത്തൽ എന്ന ഒരു പദ്ധതി ₹20 ലക്ഷം ചെലവിൽ രൂപീകരിച്ചു (2008-09). അഞ്ച് അംഗങ്ങൾ വീതമുള്ള 14 പ്രവർത്തക സംഘങ്ങൾ ഈ പദ്ധതിയ്ക്കു വേണ്ടി രൂപീകരിച്ചു. മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഗുണഭോക്തൃ സംഘങ്ങൾ നേരിട്ട് ബാങ്കിൽ നിന്നും വായ്പയെടുക്കണമായിരുന്നെങ്കിലും സിഡിഎസ്, ചേർത്തല തെറ്റായ മാർഗ്ഗം അവലംബിച്ച് ബാങ്കിൽനിന്നും നേരിട്ട് വായ്പയെടുത്തു. തൽഫലമായി 2013 ജൂൺ 12 ന് സിഡിഎസിന്റെ വായ്പാ അക്കൗണ്ടിൽ ₹6.57 ലക്ഷം തിരിച്ചടയ്ക്കാനുണ്ടായിരുന്നു. ജില്ലാമിഷൻ കോ-ഓർഡിനേറ്ററുമായുള്ള ഗുണഭോക്താക്കളുടെ യോഗത്തിൽ (2013 ജൂൺ) വായ്പാബാധ്യതയായ ₹6.57 ലക്ഷം ഗുണഭോക്താക്കൾക്കിടയിൽ വീതിയ്ക്കാൻ തീരുമാനമായി. ഈ വിഷയത്തിലെ പിന്നീടുണ്ടായ പുരോഗതി ലഭ്യമായിട്ടില്ല (2014 മേയ്).

[ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ): ഓഡിറ്റ് ഖണ്ഡിക 4.3.4.3]

ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

3. ചേർത്തല നഗരസഭ സി.ഡി.എസ് ജില്ലാ സഹകരണ ബാങ്കിന്റെ ചേർത്തല ശാഖയിൽ നിന്നും സമഗ്ര ആട് വളർത്തൽ പദ്ധതിക്കായി എടുത്ത വായ്പാത്തുക പലിശ സഹിതം തിരിച്ചടച്ചിട്ടുണ്ടോ ; അത് ഗുണഭോക്താക്കൾക്ക് എങ്ങനെയാണ് വീതിച്ചു നൽകിയത് ; ഈ വിഷയത്തിൽ ബാങ്കിന്റെ മറുപടി ലഭ്യമായോ; എന്നിവ സംബന്ധിച്ച

വിശദാംശം വകുപ്പ് ലഭ്യമാക്കേണ്ടതായിട്ടുണ്ടെന്ന് നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

4. പ്രസ്തുത പദ്ധതി നടപ്പാക്കി കഴിഞ്ഞതാണെന്നും ഗുണഭോക്താക്കൾ നേരിട്ട് വായ്പ എടുക്കുന്നതിന് പകരം സി.ഡി.എസ്. വായ്പ എടുത്ത് ഗുണഭോക്താക്കൾക്ക് നൽകിയെന്നും ഗുണഭോക്താക്കൾ വായ്പ തിരിച്ചടയ്ക്കുന്നതിൽ വിമുഖത പ്രകടിപ്പിച്ചുവെന്നും 5,22,602/- രൂപ മുതലും 2,28,737/- രൂപ പലിശയും തിരിച്ചടയ്ക്കാനുണ്ടെന്നും ബാങ്ക് ആർബിട്രേഷൻ നടപടികൾ ഫയൽ ചെയ്തിട്ടുണ്ടെന്നും മാനദണ്ഡപ്രകാരമാണ് തുക വിനിയോഗിച്ചതെന്നും പ്രസ്തുത തുക ഉപയോഗിച്ച് 70 കുടുംബങ്ങൾക്ക് ആടിനെ വാങ്ങി നൽകിയെന്നും 5% തുക ഗുണഭോക്തൃ വിഹിതവും 25% തുക സബ്സിഡിയും ബാക്കി വായ്പയുമാണെന്നും ഗുണഭോക്താവിന് 7,500/- രൂപയാണ് സബ്സിഡിയായി അനുവദിച്ചതെന്നും സി.ഡി.എസ്. ചെയർപേഴ്സണാണ് വായ്പാ എഗ്രിമെന്റ് ഒപ്പിട്ടതെന്നും നാല്പതോളം ഗുണഭോക്താക്കൾ മാത്രമേ തുക തിരിച്ചടച്ചിട്ടുള്ളുവെന്നും സമിതിയുടെ ചോദ്യത്തിനുത്തരമായി ചേർത്തല നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

5 ഗുണഭോക്താക്കളുടെ ബാധ്യത സംബന്ധിച്ച് 2014 മേയിൽ ഉണ്ടാക്കിയ ധാരണ ഒമ്പത് വർഷമായിട്ടും നടപ്പാക്കാൻ കഴിഞ്ഞില്ലേയെന്ന് സമിതി അംഗം ആരാഞ്ഞതിന് ഇക്കാര്യത്തിൽ കേരള ബാങ്കാണ് നടപടി സ്വീകരിക്കേണ്ടതെന്നും ഗുണഭോക്താക്കളിൽ കുറെപ്പേർക്ക് നോട്ടീസ് അയയ്ക്കുകയും ചിലർ തുക അടയ്ക്കുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ ആർബിട്രേഷന് വച്ചിരിക്കുകയാണെന്നും - ചേർത്തല നഗരസഭ സെക്രട്ടറി മറുപടി നൽകി. ഗുണഭോക്താക്കൾക്ക് വേണ്ടി സി.ഡി.എസ്. ബാങ്കിൽ നിന്ന് വായ്പ എടുത്തിട്ടുള്ളതിനാൽ എങ്ങനെയാണ് അവർക്ക് നോട്ടീസ് അയയ്ക്കുന്നതെന്നും ഇതിന്റെ നിയമവശം വ്യക്തമാക്കണമെന്നും സമിതി ആവശ്യപ്പെട്ടപ്പോൾ സി.ഡി.എസ്. കമ്മിറ്റിയാണ് പ്രോമിസറി നോട്ടിൽ ഒപ്പിട്ടിരിക്കുന്നതെന്നും എഗ്രിമെന്റ് വച്ചിരിക്കുന്നത് സി.ഡി.എസ്. ചെയർപേഴ്സനും സെക്രട്ടറിയും കൂടിയാണെന്നും ബാങ്കിൽ സമർപ്പിച്ച അപേക്ഷയോടൊപ്പം ഗുണഭോക്താക്കളുടെ ലിസ്റ്റ് അറ്റാച്ച് ചെയ്തിരുന്നെന്നും വായ്പാ തുക

സി.ഡി.എസ്. വാങ്ങിയശേഷം ഗുണഭോക്താക്കൾക്ക് ആടിനെ വാങ്ങി നൽകുകയാണ് ചെയ്തതെന്നും ചേർത്തല നഗരസഭ സെക്രട്ടറി അറിയിച്ചു

6 പ്രസ്തുത വിഷയം എങ്ങനെ അവസാനിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് സമിതി അംഗം ആരാഞ്ഞതിന് ബാങ്കുമായി കരാറിലേർപ്പെട്ടത് സി.ഡി.എസ്. ആണെന്നും ബാങ്ക് സി.ഡി.എസ്.-ന് എതിരെ മാത്രമേ നിയമനടപടി സ്വീകരിക്കുകയുള്ളുവെന്നും ഗുണഭോക്താക്കളിൽ നിന്നും വായ്പാ തുക ഈടാക്കുന്നതിന് സി.ഡി.എസ്.ന് തടസ്സമുണ്ടെന്നും ആർബിട്രേഷൻ നടപടികൾ എന്താകുമെന്ന് പരിശോധിക്കേണ്ടതുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ പറഞ്ഞു.

7. സംസ്ഥാനത്ത് ഈ യൂണിറ്റിൽ മാത്രമാണ് സി.ഡി.എസ്. നേരിട്ട് വായ്പയെടുത്തിട്ടുള്ളതെന്നും സി.ഡി.എസ്.ന് മാർജിൻ ലഭിക്കുന്നതിന് വേണ്ടിയാണ് വലിയ തുക വായ്പയെടുക്കുന്നതെന്നും സ്വയം തൊഴിൽ പദ്ധതിക്ക് വേണ്ടിയുള്ള വായ്പയാണിതെന്നും വ്യക്തികൾക്ക് മാത്രമേ പ്രസ്തുത വായ്പ അനുവദിക്കുകയുള്ളുവെന്നും പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ദേശീയ കമ്മീഷന്റെയും വനിതാ വികസന കോർപ്പറേഷന്റെയും വായ്പകൾ കുടുംബശ്രീ മൂന്ന് ശതമാനം പലിശയ്ക്ക് എടുത്ത് നാല് ശതമാനം പലിശയ്ക്ക് അംഗങ്ങൾക്ക് വിതരണം ചെയ്യുമ്പോൾ ഒരു ശതമാനം മാർജിൻ മണി ലഭിക്കുമെന്നും ആ രീതിയിൽ വായ്പയെടുത്തുവെന്നതാണ് ഇതിലെ കൃത്യതയില്ലായ്മയെന്നും പ്രസ്തുത പദ്ധതി പ്രകാരം ഓരോ അംഗങ്ങളും വ്യക്തിഗത വായ്പയെടുക്കണമായിരുന്നെന്നും അക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ ഗുണഭോക്തൃ കമ്മിറ്റി വിളിച്ചു ചേർക്കുകയും ബാധ്യത ഏറ്റെടുത്തുകൊള്ളാമെന്ന് അവർ സമ്മതിച്ചതായി മിനിട്ട്സിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നെന്നും അതിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ ബാങ്ക് നെഗോസിയേഷൻ നടത്തുന്നതെന്നും സി.ഡി.എസ്. ഇത് ഏറ്റെടുക്കാൻ ബാധ്യസ്ഥരാണെന്നും ഗുണഭോക്താക്കളിൽ കുറേ പേർ വായ്പ തിരിച്ചടച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവർ തിരിച്ചടയ്ക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും കുടുംബശ്രീ ചീഫ് ഫിനാൻസ് ഓഫീസർ അറിയിച്ചപ്പോൾ ആകെ 15,66,600/- രൂപയാണ് വായ്പയായി അനുവദിച്ചിരുന്നതെന്നും 16 ലക്ഷത്തോളം രൂപ മുതലിന്

ആനുപാതികമായ തുക ഇതു വരെ തിരിച്ചടച്ചിട്ടുണ്ടെന്നും ചേർത്തല നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

8. സി.ഡി.എസ്. നേരിട്ട് വായ്പയെടുത്തതിനാൽ തിരിച്ചടയ്ക്കുന്നതിനുള്ള മാർഗവും കണ്ടെത്തേണ്ടതായിരുന്നെന്നും വായ്പാ തുക ഗുണഭോക്താക്കൾക്ക് എങ്ങനെയാണ് വീതിച്ചതെന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും 5,22,602/- രൂപ പലിശയിനത്തിൽ തിരിച്ചടയ്ക്കാനുണ്ടെന്നും പലിശ ഇളവ് ചെയ്തുകൊണ്ട് തീർപ്പ് ഉണ്ടാക്കാൻ സി.ഡി.എസ്.-ന് സാധിക്കുമെന്നും സീനിയർ ഡി.എ.ജി. ചൂണ്ടിക്കാട്ടി. ബാങ്കിന്റെ പതിവ് നടപടിക്രമ പ്രകാരം റിക്കവർ ചെയ്യാമെന്ന് കാണിച്ച് മുൻസിപ്പാലിറ്റി കത്ത് നൽകിയിരുന്നെന്നും കുടുംബശ്രീയുടെ വായ്പകൾക്ക് സെക്യൂരിറ്റി ഇല്ലെന്നും പ്രോമിസറി നോട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്കിന് നടപടി സ്വീകരിക്കാമായിരുന്നെന്നും മാർഗ്ഗരേഖ പ്രകാരമല്ല ബാങ്ക് വായ്പ അനുവദിച്ചതെന്നും സി.ഡി.എസ്.-ന് അത് സംബന്ധിച്ച് വ്യക്തമായ ധാരണ ഇല്ലായിരുന്നെന്നും ക്യാപ്പിറ്റൽ സബ്സിഡിയും ഗുണഭോക്തൃ വിഹിതവും കോമൺ പൂളിലേക്കാണ് വരുന്നതെന്നും വായ്പ അനുവദിച്ചെങ്കിലും നൽകാതിരിക്കാമായിരുന്നെന്നും റാൻഡം ചെക്കിംഗ് നടത്തിയപ്പോൾ കണ്ടെത്തിയതാണിതെന്നും പരിശോധിച്ചാൽ കൂടുതൽ കേസുകൾ കണ്ടെത്താൻ സാധിക്കുമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടതിന് മറ്റ് കേസുകൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് കുടുംബശ്രീ ചീഫ് ഫിനാൻസ് ഓഫീസർ മറുപടി നൽകി.

9. പിഴപ്പലിശയും പലിശയിനത്തിൽ ചെറിയൊരു സംഖ്യയും ഒഴിവാക്കിക്കൊണ്ട് പ്രശ്നം പരിഹരിക്കാൻ സാധിക്കുമെങ്കിലും വായ്പ അനുവദിക്കുമ്പോൾ ജില്ലാ സഹകരണ ബാങ്കുകളാണ് ഉണ്ടായിരുന്നതെന്നും കേരള ബാങ്ക് നിലവിൽ വന്നതിനാൽ അത് പ്രായോഗികമല്ലെന്നും ആർബിട്രേഷൻ നടപടികൾ പൂർത്തിയാകുന്നതുവരെ കാത്തിരിക്കുന്നതാണ് ഉചിതമെന്നും വിലയിരുത്തിയ സമിതി അത് എത്ര വർഷത്തേയ്ക്കുള്ള വായ്പയാണെന്ന് ആരാഞ്ഞതിന് അഞ്ച് വർഷത്തേയ്ക്കുള്ള വായ്പയായിരുന്നെന്നും വായ്പയെടുത്തിട്ട് നിലവിൽ 14 വർഷത്തോളമായെന്നും 2009-ലെ കാര്യമാണെന്നും 2013-ലാണ് ഓഡിറ്റ് ചെയ്തതെന്നും കുടുംബശ്രീ ചീഫ് ഫിനാൻസ്

ഓഫീസർ അറിയിച്ചു. എ.ജി.യ്ക്ക് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കണമെന്നും എ.ജി.യുടെ പരിശോധനയ്ക്ക് ശേഷം പരിഹാരം കാണാവുന്നതാണെന്നും നിയമസഭാ സ്പെഷ്യൽ സെക്രട്ടറി വ്യക്തമാക്കി.

10. ഭാവിയെക്കുറിച്ച് വ്യക്തതയുണ്ടാകണമെന്നും ഗ്രാമീണ മേഖലയിൽ മൂന്ന്-നാല് കോടി രൂപ വരെ കുടുംബശ്രീ, വനിതാ വികസന കോർപ്പറേഷൻ എന്നിവ വഴി വായ്പയായി ലഭിക്കുന്നുണ്ടെന്നും വായ്പാഉക ഗുണഭോക്താക്കൾ ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോയെന്ന് മോണിറ്ററിംഗ് നടത്തുന്നതിന് വകുപ്പ് നടപടി സ്വീകരിക്കണമെന്നും ജാഗ്രതയുണ്ടാകണമെന്നും 2009-ലെ വിഷയമാണ് പരിശോധിക്കുന്നതെന്നും ഈ രീതി തുടർന്നാൽ ശരിയായ വിനിയോഗം സാധ്യമല്ലെന്നും പൊതുമുതലാണെന്നും ജനങ്ങളുടെ പണമാണെന്നും ഉത്തരവാദിത്തത്തോടെ അത് ഉപയോഗിക്കുന്നതിനുള്ള സംവിധാനം വകുപ്പിനുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത്തരം വിഷയങ്ങൾ പരിശോധിക്കുന്നതിനായി 2010-ൽ കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാരെ നിയമിച്ചിരുന്നെന്നും നിലവിൽ ഫോളോ അപ്പ് ചെയ്യുന്നതും ഡി.പി.ആർ. തയ്യാറാക്കുന്നതും പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതും പ്രസ്തുത കൺസൾട്ടന്റുമാരാണെന്നും നിലവിൽ ഇത്തരം വിഷയങ്ങൾ ഇല്ലെന്നും ബൾക്ക് ലോണുകൾ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാണെന്നും പ്രശ്നമുണ്ടായാൽ എഫ്.ഐ.ആർ. ഇടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ടെന്നും കുടുംബശ്രീ ചീഫ് ഫിനാൻസ് ഓഫീസർ അറിയിച്ചു.

11. വായ്പയെടുക്കുന്നതിനുള്ള ലക്ഷ്യം പലപ്പോഴും പൂർത്തീകരിക്കാറില്ലെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ ലിങ്കേജ് വായ്പകൾ, സംരംഭം തുടങ്ങുന്നതിനുള്ള വായ്പകൾ എന്നിങ്ങനെ രണ്ട് തരം വായ്പകൾ കുടുംബശ്രീ യൂണിറ്റുകൾ വഴി അനുവദിക്കാറുണ്ടെന്നും വായ്പയെടുക്കുന്നവരുടെ കൈവശം തുക വരികയെന്ന ഉദ്ദേശ്യത്തോടെ ബാങ്കുകൾ നൽകുന്നതാണ് ലിങ്കേജ് വായ്പകൾ എന്നും അയൽക്കൂട്ടങ്ങളിൽ നിശ്ചിതയെണ്ണം ത്രിഫ്റ്റ് രൂപീകരിച്ചു കഴിഞ്ഞാൽ അതിന്റെ നാലിരട്ടിയോളം ലോൺ സെക്യൂരിറ്റി ഇല്ലാതെ സംരംഭം തുടങ്ങുന്നതിനായി വ്യവസ്ഥകളോടെ ബാങ്കുകൾ അനുവദിക്കാറുണ്ടെന്നും നഗര

പ്രദേശങ്ങളിൽ 20 ലക്ഷം രൂപ വരെ ഇങ്ങനെ ഗ്രൂപ്പുകൾക്ക് അനുവദിക്കാറുണ്ടെന്നും അത് മോണിറ്റർ ചെയ്യുന്നതും ഡി.പി.ആർ. പരിശോധിക്കുന്നതുമെല്ലാം ബാങ്കിന്റെ ബാധ്യതയാണെന്നും അതിന് ഒരു കമ്മിറ്റി ഉണ്ടെന്നും ടാസ്ക് ഫോഴ്സ് ഓരോ അപേക്ഷയും പരിശോധിച്ച ശേഷമാണ് വായ്പ അനുവദിക്കുന്നതെന്നും ബാങ്കും കുടുംബശ്രീ സംവിധാനവും ആവശ്യമായ ഫോളോ അപ്പ് നടത്താറുണ്ടെന്നും കുടുംബശ്രീ ചീഫ് ഫിനാൻസ് ഓഫീസർ വിശദീകരിച്ചു. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് എ.ജി.യ്ക്ക് സമർപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

12. ചേർത്തല നഗരസഭ സി.ഡി.എസ്സ് 25.06.2009 ൽ ജില്ലാ സഹകരണ ബാങ്ക് ചേർത്തല ശാഖയിൽ നിന്ന് 15,66,600/- രൂപ സമഗ്ര ആട് വളർത്തൽ പദ്ധതിക്കായി വായ്പയെടുത്തുവെന്നും, 2019 നവംബർ മാസത്തിൽ ഗുണഭോക്താക്കളുടെ വ്യക്തിപരമായ ബാധ്യതയാക്കി ഗുണഭോക്താക്കളിൽ നിന്നും വായ്പ തിരികെ ഈടാക്കുന്നതിനുള്ള നടപടി ബാങ്ക് സ്വീകരിക്കണമെന്ന് ബാങ്കിനോട് രേഖാമൂലം നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു

13. സമഗ്ര ആട് വളർത്തൽ പദ്ധതിക്കായി ചേർത്തല നഗര സഭ സിഡിഎസ്സ് ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുള്ളതിനാൽ, ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കിയത് നിയമപരമായി നിലനിൽക്കില്ലെന്നും, മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്ത ചേർത്തല നഗരസഭ സിഡിഎസ്സ്, ജില്ലാ സഹകരണ ബാങ്ക് ചേർത്തലയിൽ നിന്ന് നേരിട്ട് വായ്പയെടുത്തത് ശരിയായ നടപടിയല്ലെന്നും സമിതി വിലയിരുത്തുന്നു.

14. സമഗ്ര ആട് വളർത്തൽ പദ്ധതിക്കായി 2009-ൽ വായ്പ എടുത്തത് സംബന്ധിച്ച വിഷയം 2013-ന് ഓഡിറ്റ് കണ്ടെത്തുന്നതിനുമുമ്പ് നഗരസഭയുടെ ശ്രദ്ധയിൽ പെട്ടിരുന്നില്ലെന്നും, ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിനു ശേഷവും പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കുന്നത് 2019 ൽ മാത്രമാണെന്ന് ചൂണ്ടിക്കാണിച്ച സമിതി, ആടു വളർത്തൽ പദ്ധതിക്കായി എടുത്ത വായ്പ തിരിച്ച് അടയ്ക്കുന്നതിനുള്ള നടപടി

സ്വീകരിക്കുന്നതിൽ അക്ഷന്തവ്യമായ കാലതാമസം ഗ്രാമപഞ്ചായത്ത് വരുത്തിയെന്ന് സമിതി വിലയിരുത്തുന്നു.

15. ബാങ്ക്, സി.ഡി.എസ്സിന് എതിരെ മാത്രമേ നിയമ നടപടി സ്വീകരിക്കുകയുള്ളുവെന്നും, ഉപഭോക്താക്കളിൽ നിന്നും വായ്പ തുക ഈടാക്കുന്നതിന് സിഡിഎസിന് തടസ്സമുണ്ടെന്നും, പ്രസ്തുത വിഷയത്തിൽ ആർബിട്രേഷൻ നടപടി സ്വീകരിച്ചുവരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആട് വളർത്തൽ പദ്ധതിക്കായി വായ്പ എടുത്ത വിഷയത്തിൽ ബാങ്കിന്റെ നിലപാട് വളരെ പ്രാധാന്യമുള്ളതായി കാണുന്നതിനാൽ, പ്രസ്തുത വിഷയത്തിൽ ബാങ്കുമായി (നിലവിൽ കേരള ബാങ്ക്) ബന്ധപ്പെട്ട നടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡികകൾ

ബാങ്കുകളിൽ നിന്നും വായ്പയെടുക്കൽ

യു.എസ്.ഇ.പി/യു.ഡബ്ല്യു.എസ്.പി.യുടെ കീഴിൽ തെരഞ്ഞെടുത്ത 7559 ഗുണഭോക്താക്കളിൽ നിന്നും 5405 ഗുണഭോക്താക്കളുടെ വായ്പാ അപേക്ഷകൾ വായ്പ ലഭ്യമാക്കുന്നതിനായി ബാങ്കുകളിലേയ്ക്ക് അയച്ചിരുന്നു, ഇതിൽ 3990 ഗുണഭോക്താക്കൾക്ക് ₹33.24 കോടിയുടെ വായ്പ അനുവദിച്ചു. 1389 ഗുണഭോക്താക്കളെ തിരസ്കരിച്ച് ബാക്കി 26 എണ്ണം പരിഗണനയിലാണ്. ആർ.ബി.ഐയുടെ നിർദ്ദേശങ്ങൾ ബാങ്കുകൾ പാലിക്കുന്നില്ലെന്നാണ് വായ്പകൾ പരിശോധിച്ചതിൽ വെളിവായത്. വായ്പ ലഭ്യമാക്കിയതിന്റെ തൊട്ടടുത്ത മാസം തന്നെ തിരിച്ചടവ് തുടങ്ങിയത് (തുടക്കത്തിൽ ആറ് മുതൽ 18 മാസങ്ങൾ വരെയുള്ള നിയമാനുസൃതമായ കാലാവധി അനുവദിക്കാത്തത്). സഹായധനം സബ്സിഡി റിസർവ്വ് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കാതെ ബാങ്കുകൾക്ക് നൽകിയപ്പോൾ തന്നെ വായ്പാ തുകയിൽ നിന്നും കുറവ് ചെയ്തത്, വിതരണം ചെയ്യാത്ത സഹായധനം തിരിച്ചടയ്ക്കാത്തത് എന്നിവ വ്യതിയാനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു.

പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്ന പ്രധാന തടസ്സമായ ബാങ്ക് വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിൽ എസ്.എൽ.എൻ.എ എന്ന നിലയ്ക്ക് കുടുബശ്രീയ്ക്ക് ഉത്തരവാദിത്വമുണ്ടായിരുന്നു. ബാങ്കുകളുമായി ഫലപ്രദമായ ചർച്ചകളും പരിഹാര മാർഗ്ഗങ്ങളുമായി കുടുംബശ്രീ യഥാസമയം ഇടപെട്ടിരുന്നുവെങ്കിൽ അവസ്ഥ മെച്ചമാകുമായിരുന്നു.

നൈപുണ്യവികസന പരിപാടി

യു.എസ്.ഇ.പി.യുടെയും യു.ഡബ്ല്യു.എസ്.പി.യുടെയും കീഴിൽ സംരംഭക സഹായം ലഭ്യമാക്കുന്ന സമർത്ഥരായ ഗുണഭോക്താക്കൾക്ക് വിജയകരമായ സൂക്ഷ്മ സംരംഭകത്വത്തിനാവശ്യമായ അഭിരുചി, അറിവ്, പ്രാവിണ്യം എന്നിവയുണ്ടെന്നുറപ്പുവരുത്തേണ്ടത് എസ്.ജെ.എസ്.ആർ.വൈ.യുടെ സ്റ്റെപ് അപ് ഘടകമാണ്. അഞ്ച് ദിവസത്തെ ഓറിയന്റേഷൻ പരിപാടികളെ (പൊതു ഓറിയന്റേഷൻ പരിശീലനം (ജി.ഒ.ടി) സംരംഭക വികാസ പരിപാടി (ഇ.ഡി.പി) തുടർന്ന് ഭക്ഷണം തയ്യാറാക്കി വിതരണം, തയ്യൽ, മരപ്പണി, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങിയവയിൽ ആറുമാസത്തേയ്ക്കുള്ള കൂടുതൽ നിശ്ചിത പ്രാവിണ്യം പരിശീലനം എന്നിവയാണ് സ്റ്റെപ്പ് അപ്പിൽ ഉൾപ്പെട്ടിരുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് എസ്.ജെ.എസ്.ആർ.വൈ.യുടെ ആത്യന്തിക ലക്ഷ്യം. ഈ പരിപാടിയുടെ ഫലം ഗുണഭോക്താക്കൾ തുടങ്ങിയ യൂണിറ്റുകളുടെ എണ്ണവും അവയുടെ നിലനിൽപ്പിനെയുമാണ് ആശ്രയിച്ചിരിക്കുന്നത്.

ആദ്യ ദിവസങ്ങളിൽ ഓറിയന്റേഷൻ പരിപാടിയ്ക്ക് ഹാജരായ ഗുണഭോക്താക്കളിൽ നിന്നും നല്ല പ്രതികരണം ലഭിച്ചുവെങ്കിലും പരിശീലനം കൂടുതൽ കാഠിന്യവും നൈപുണ്യ നിബന്ധവുമായപ്പോൾ ഗുണഭോക്താക്കളുടെ എണ്ണം പൊടുന്നനെ കുറഞ്ഞതായി ഓഡിറ്റ് നിരീക്ഷിച്ചു. ലഘുവായ ഓറിയന്റേഷൻ പരിപാടിയിൽ ഹാജരായ ഗുണഭോക്താക്കൾ തുടങ്ങിയ സംരംഭങ്ങൾ വളരെ കുറവാണ് എന്നും (ശരാശരി 6.77 ശതമാനം) നൈപുണ്യപരിശീലനം നേടിയവർ സംരംഭം തുടങ്ങാൻ കൂടുതൽ തല്പരരായതായും തെരഞ്ഞെടുത്ത യു.എൽ.ബി.കളുടെ സൂക്ഷ്മപരിശോധനയിലൂടെ ഓഡിറ്റ് കണ്ടെത്തി. യൂണിറ്റുകളുടെ സാമ്പത്തികമായ നിലനിൽപ്പിനെക്കുറിച്ചുള്ള ഗുണഭോക്താക്കളുടെ മനസ്സിലെ ഉറപ്പില്ലായ്മ, നൈപുണ്യപരിശീലന ഏജൻസികളെ തെരഞ്ഞെടുക്കാതിരിക്കൽ, പരിശീലന കാലയളവിൽ ബി.പി.എൽ ഗുണഭോക്താക്കൾക്കുണ്ടാകുന്ന വേതന നഷ്ടം തുടങ്ങിയവയാണ് പങ്കെടുത്തവരുടെ എണ്ണത്തിലെ ഗണ്യമായ കൊഴിഞ്ഞുപോകലിനു കാരണം. ജി.ഒ.ടി.യിലൂടെ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രക്രിയകളെയും ഉണ്ടാകാവുന്ന പ്രശ്നങ്ങളെയും കുറിച്ച് ഗുണഭോക്താക്കൾക്ക് ഒരു വ്യക്തമായ അറിവ് ലഭിക്കുമെന്നും

അങ്ങനെ യഥാർത്ഥ താല്പര്യമുള്ള വ്യക്തികൾ മാത്രമേ ഇ.ഡി.പി.യ്ക്കും തദ്വാര നൈപുണ്യവികസന പരിപാടികൾക്കുമായി വരികയുള്ളുവെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്താവിച്ചു (2013 ഡിസംബർ). വർദ്ധിച്ച കൊഴിഞ്ഞുപോകൽ പ്രശ്നം പരിഹരിക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലനത്തിന് നാല് പ്രമുഖ പരിശീലന ഏജൻസികളുമായി 2013-14 കാലയളവിൽ കുടുംബശ്രീ ധാരണാപത്രത്തിൽ ഏർപ്പെട്ടതായും എക്സിക്യൂട്ടീവ് ഡയറക്ടർ കൂട്ടിച്ചേർത്തു.

അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം നടപ്പാക്കാത്തത്

അവിദഗ്ധ ബി.പി.എൽ ഗുണഭോക്താക്കളുടെ കർമ്മശേഷി ഉപയോഗിച്ച് സാമൂഹ്യവും സാമ്പത്തികവുമായ ഉപയോഗപ്രദമായ പൊതുമുതലുകൾ സൃഷ്ടിക്കുകയും അങ്ങനെ അവർക്ക് വേതനത്തിനായി തൊഴിൽ പ്രദാനം ചെയ്യുക എന്നതുമായിരുന്നു യു.ഡബ്ല്യു.ഇ.പി.യുടെ ലക്ഷ്യം. എസ്.ജെ.എസ്.ആർ.വൈ.യുടെ മൊത്തം തുകയുടെ 18 ശതമാനം ഇതിന്റെ നടത്തിപ്പിനായി മാറ്റിവച്ചിരിക്കുന്നു. സംസ്ഥാന സർക്കാർ സഹായത്തോടെയുള്ള പദ്ധതിയായ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി (എ.യു.ഇ.ജി.എസ്)-യുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷനിലൂടെ ഈ ഘടകം നടപ്പാക്കാനാണ് ആദ്യം തീരുമാനിച്ചത് (2011 മേയ്) യു.ഡബ്ല്യു.ഇ.പി എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷനിലൂടെ നടപ്പാക്കാത്തതിനാൽ സർക്കാർ നയം മാറ്റി നഗരകാര്യ ഡയറക്ടറിലൂടെ (ഡി.യു.എ) എ.യു.ഇ.ജി.എസിന്റെ ഭാഗമായി നടപ്പാക്കാൻ തീരുമാനിച്ചു (2012 മേയ്) എന്നാൽ ഡി.യു.എ 2013 നവംബറിൽ മാത്രമേ യു.ഡബ്ല്യു.ഇ.പി. നടപ്പാക്കാൻ ആരംഭിച്ചുള്ളൂ ഏജൻസികളെ നിശ്ചയിക്കുന്നതിൽ ഇടയ്ക്കിടെയുള്ള നയവ്യതിയാനങ്ങൾ കാരണം യു.ഡബ്ല്യു.ഇ.പി നടപ്പിലാക്കാൻ കാലതാമസം നേരിട്ടു.

ഫണ്ടിന്റെ വിനിയോഗം

കുടുംബശ്രീ രേഖകളിൽ നിന്നുള്ള ഫണ്ടിന്റെ വരവിന്റെയും ചെലവിന്റെയും വാർഷിക വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

വരവും ചെലവും (₹ ലക്ഷത്തിൽ)

വർഷം	ആരംഭ നീക്കിയിരിപ്പ്	വരവ്			ചെലവ്	മിച്ചം
		കേന്ദ്രം	സംസ്ഥാനം	ആകെ വരവ്		
2008-2009	0	1017.91	339.30	1357.21	1357.21	0
2009-2010	0	948.13	316.04	1264.17	1264.17	0
2010-2011	0	474.03	158.01	632.04	632.04	0
2011-2012	0	1376.53	394.00	1770.53	1696.53	74.00
2012-2013	74.00	3228.42	1185.12	4413.54	2339.25	2148.29
ആകെ		**7045.02**	**2392.47**	**9437.49**	**7289.20**	

ഓഡിറ്റ് താഴെപ്പറയുന്നവ നിരീക്ഷിച്ചു.

- 2008-09 മുതൽ 2012-13 വരെ ആകെ ₹94.37 കോടി എസ്.ജെ.എസ്.ആർ.വൈയിൽ ലഭ്യമായിരുന്നെങ്കിലും ₹72.89 കോടിയുടെ (77 ശതമാനം) ചെലവ് മാത്രമേ ഉണ്ടായുള്ളൂ.
- 2011-12 വരെ ഭാരതസർക്കാരിന് കുടുംബശ്രീ നൽകിയ വിനിയോഗ രേഖയിൽ ചെലവിനെ പെരുപ്പിച്ചു കാണിച്ചു. 2008-09 മുതൽ 2010-11 വരെ ലഭിച്ച തുകയുടെ സിംഹഭാഗവും സംസ്ഥാന മിഷൻ ഓഫീസിന്റെ പദ്ധതി അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്നുവെങ്കിലും മുഴുവൻ തുകയും ചെലവാക്കിയതായി കാണിച്ചു. സംസ്ഥാന മിഷൻ ഓഫീസ്, നഗര തദ്ദേശ സ്ഥാപനങ്ങൾ, സി.ഡി.എസുകൾ എന്നിവയിൽ സൂക്ഷിച്ചിരുന്ന മിച്ചം ഫണ്ട് ചെലവായതായി വിനിയോഗ രേഖയിൽ കാണിച്ചു.
- ഓഡിറ്റിനു നൽകിയ രേഖകളനുസരിച്ച് 2012 മാർച്ച് 31-ന് കുടുംബശ്രീയുടെ കാഷ് ബാലൻസ് ₹74 ലക്ഷം ആയിരുന്നു. ഓഡിറ്റ് കണ്ടെത്തിയ യഥാർത്ഥ കാഷ് ബാലൻസ് ₹31.95 കോടിയാണ്. എന്നാൽ 2011-12 വർഷത്തെ വിനിയോഗരേഖയിൽ അന്തിമ കാഷ് ബാലൻസ് പൂജ്യം ആയി കാണിച്ചിരിക്കുന്നു. അതിനാൽ, ഭാരത സർക്കാരിന് സമർപ്പിച്ചിരിക്കുന്ന വിനിയോഗ രേഖ ₹31.95 കോടി പെരുപ്പിച്ചു കാണിച്ചു.

നഗര തദ്ദേശ സ്ഥാപനങ്ങളിലും സി.ഡി.എസുകളിലും ഭീമമായ ഫണ്ട് ഉപയോഗിക്കാതെ മുടങ്ങിക്കിടക്കുന്നു.

കുടുംബശ്രീ, നഗരതദ്ദേശ സ്ഥാപനങ്ങൾ, സി.ഡി.എസ് തുടങ്ങിയ പദ്ധതി നിർവ്വഹണ ചക്രത്തിലെ ഏജൻസികളിൽ ഉപയോഗിക്കാതെ മുടങ്ങിക്കിടക്കുന്ന ഭീമമായ ഫണ്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വിഘാതമായിത്തീർന്നു. കുടുംബശ്രീ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ ഫണ്ടിലെ മുഴുവൻ തുകയും സി.ഡി.എസിന് കൈമാറിയില്ല. മാത്രമല്ല, സി.ഡി.എസ് അവർക്ക് ലഭിച്ച ഫണ്ടിന്റെ ഒരു ഭാഗം മാത്രമേ ഉപയോഗിച്ചുള്ളൂ. ലാക്ഷണിക പരിശോധന നടത്തിയ നഗര തദ്ദേശ സ്ഥാപനങ്ങളിൽ, 2011-12 (1997-98 മുതൽ) വരെ കുടുബശ്രീയിൽ നിന്നും ലഭിച്ച ₹31.30 കോടിയിൽ, ₹11.58 കോടി നഗര തദ്ദേശ സ്ഥാപനങ്ങളിലും (₹3.26 കോടി) സി.ഡി.എസുകളുമായി (₹8.32 കോടി) ചെലവാകാതെ കിടക്കുന്നു. ഫണ്ടിന്റെ കുറഞ്ഞ വിനിയോഗത്തിനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്.

- എസ്.ജെ.എസ്.ആർ.വൈ നടപ്പിലാക്കാൻ സി.ഡി.എസുകൾ പൂർണ്ണമായും സജ്ജമായിരുന്നില്ല.
- കർമ്മ പദ്ധതി തയ്യാറാക്കലും അതിന് അംഗീകാരം നേടലും ധാരാളം സമയമെടുക്കുന്നതായിരുന്നു. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കർമ്മ പദ്ധതി തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ല.

പദ്ധതി ത്വരിതഗതിയിൽ നടപ്പാക്കാനായുള്ള ഒരു തീവ്ര വികസന പ്രചാരണം സംസ്ഥാനമൊട്ടുക്കും തുടങ്ങിയതായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്താവിച്ചു (2013 ഡിസംബർ).

എസ്.ജെ.എസ്.ആർ.വൈയുടെ കീഴിലെ പ്രത്യേക ഘടകത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്താത്തത്

മട്ടാഞ്ചേരിയിൽ[7] ദാരിദ്ര്യ ലഘൂകരണ പരിപാടിയ്ക്കായി ₹4.67 കോടി എസ്.ജെ.എസ്.ആർ.വൈയുടെ കീഴിലുള്ള ഒരു പ്രത്യേക ഘടകമായി അനുവദിച്ചു (2004 മേയ്). ഇതിൽ ₹25 ലക്ഷം നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനുള്ള (ഡി.ഡബ്ല്യു.സി.യു.എ) അടിസ്ഥാന സൗകര്യ സഹായത്തിനും ₹30 ലക്ഷം വിപണന സഹായത്തിനുമായിരുന്നു. ഈ ഘടകം നടപ്പിലാക്കാനുള്ള

7 കൊച്ചി കോർപ്പറേഷന്റെ പടിഞ്ഞാറുള്ള സോണൽ പ്രദേശമാണ് മട്ടാഞ്ചേരി.

കാലാവധി ഒരു വർഷമായിരുന്നെങ്കിലും മൊത്തം തുകയും (₹55 ലക്ഷം) കൊച്ചി കോർപ്പറേഷന്റെ സി.ഡി.എസ് (പടിഞ്ഞാറ്)ന്റെ കൈവശം വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ): ഓഡിറ്റ് ഖണ്ഡികകൾ 4.3.4.4, 4.3.5, 4.3.6, 4.3.7, 4.3.7.1, 4.3.7.2] ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

16. പ്രസ്തുത ഓഡിറ്റ് ഖണ്ഡികകളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു

നിഗമനങ്ങൾ / ശിപാർശകൾ

17. ബാങ്കുകളിൽ നിന്നും വായ്പയെടുക്കൽ, നൈപുണ്യവികസനപരിപാടി, അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം നടപ്പാക്കാത്തത്, ഫണ്ടിന്റെ വിനിയോഗം, നഗരതദ്ദേശ സ്ഥാപനങ്ങളിലും സി.ഡി.എസ്കളിലും ഭീമമായ ഫണ്ട് ഉപയോഗിക്കാതെ മുടങ്ങിക്കിടക്കുന്നു, എസ്.ജെ.എസ്.ആർ.വൈയുടെ കീഴിലെ പ്രത്യേക ഘടകത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്താത്തത് എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

വിനിയോഗ രേഖ സമർപ്പിക്കുന്നതിലെ കാലതാമസം കേന്ദ്ര വിഹിതം കിട്ടാതിരിക്കുന്നതിനിടയാക്കി

വിനിയോഗ രേഖ സമർപ്പിക്കുന്നതിലെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പൂർത്തീകരിക്കുകയും മുൻകാലങ്ങളിലെ വിഹിതങ്ങൾക്കനുസൃതമായ സംസ്ഥാന വിഹിതം നൽകുകയും ചെയ്താൽ മാത്രമേ ഭാരത സർക്കാർ വിഹിതം ലഭിക്കുകയുള്ളൂ. 2008-09-ലെ വിനിയോഗ രേഖ സമർപ്പിക്കുവാൻ കുടുംബശ്രീ താമസിച്ചതും അനുയോജ്യമായ സംസ്ഥാന വിഹിതം (2010-11-ലെ ഭാരത സർക്കാരിന്റെ ആദ്യ

തവണയ്ക്കുള്ള) നൽകാത്തതും 2010-11 വർഷത്തെ കേന്ദ്ര വിഹിതമായ ₹5.86 കോടിയുടെ രണ്ടാം തവണ ലഭ്യമാകാതിരിക്കുന്നതിനിടയാക്കി.

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ): ഓഡിറ്റ് ഖണ്ഡിക 4.3.7.3] ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

18. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പ്രസ്തുത കാലയളവിൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടെന്നും കുടുംബശ്രീയുടെ തനത് ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയതിനാൽ നഷ്ടം സംഭവിച്ചതായി പറയാൻ കഴിയില്ലെന്നും നിലവിൽ അത്തരം വിഷയങ്ങൾ ഇല്ലെന്നും വിനിയോഗ സാക്ഷ്യപത്രം യഥാസമയം സമർപ്പിക്കുന്നുണ്ടെന്നും കുടുബശ്രീ ചീഫ് ഫിനാൻസ് ഓഫീസർ വിശദീകരിച്ചു. കുടുംബശ്രീയുടെ അനാസ്ഥ മൂലം അർഹമായ തുക ലഭിക്കാത്തത് ഗൗരവമായ വിഷയമാണെന്നും നഷ്ടം സംഭവിച്ചിട്ടില്ലെന്ന ഫിനാൻസ് ഓഫീസറുടെ വിശദീകരണം അംഗീകരിക്കാൻ കഴിയില്ലെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. കഴിഞ്ഞകാലങ്ങളിൽ കേന്ദ്രവിഹിതം നഷ്ടപ്പെടുത്തിയത് സംബന്ധിച്ചും ഫണ്ട് വിനിയോഗം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം, മോണിറ്ററിംഗിന്റെ രീതി, മോണിറ്റർ ചെയ്യുന്നത് ആരാണ് എന്നീ കാര്യങ്ങൾ സമിതി ആരാഞ്ഞതിന് മോണിറ്റർ ചെയ്യാനുള്ള സംവിധാനങ്ങൾ നിലവിലുണ്ടെന്നും ജില്ലയിൽ നിന്നും നഗരസഭകൾക്ക് ഫണ്ട് നല്കിയാണ് പദ്ധതി നടപ്പിലാക്കുന്നതെന്നും വിനിയോഗത്തിനനുസരിച്ച് യു.സി. നല്കിയതിന് ശേഷമാണ് അടുത്ത ഗഡു ലഭിക്കുന്നതെന്നും സ്റ്റേറ്റ് മിഷൻ ആണ് ഇവ മോണിറ്റർ ചെയ്യുന്നതെന്നും ബാങ്ക് മുഖേനയാണ് ഫണ്ട് വിതരണം ചെയ്യുന്നതെങ്കിലും ബാങ്കുകൾക്ക് ഉത്തരവാദിത്വമില്ലെന്നും കുടുംബശ്രീയുടെ സ്റ്റേറ്റ് നോഡൽ അക്കൗണ്ട് വഴി ഫണ്ട് കൈമാറുന്നതിനാൽ മുൻസിപ്പാലിറ്റികളിൽ ചെലവാകാത്ത തുക തിരിച്ചുപിടിക്കാൻ സാധിക്കുമെന്നും സ്റ്റേറ്റ് മിഷന് ഒരു അക്കൗണ്ടും 93 മുൻസിപ്പാലിറ്റികൾക്കും സീറോ ബാലൻസ് അക്കൗണ്ടുമാണുള്ളതെന്നും ഫണ്ട് അലോട്ട് ചെയ്യുക മാത്രമാണ് ചെയ്യുന്നതെന്നും മുൻസിപ്പാലിറ്റികൾ ക്ളെയിം ചെയ്താൽ മാത്രമേ തുക ട്രാൻസ്ഫറാവുകയുള്ളുവെന്നും അതുവരെ തുക സ്റ്റേറ്റ് മിഷന്റെ അക്കൗണ്ടിലുണ്ടാകുമെന്നും

മുമ്പ് യു.സി നൽകുന്നതിന് ചീഫ് ഫിനാൻസ് ഓഫീസറുടെ തസ്തിക ഇല്ലായിരുന്നെന്നും നിലവിൽ ധനകാര്യ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥനെ ചീഫ് ഫിനാൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ടെന്നും കൂടാതെ അക്കൗണ്ട്സ് ഓഫീസർ ജില്ലകളിൽ അർബനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിനായി എ.ഡി.എം.സി.മാർ (അസിസ്റ്റന്റ് ഡിസ്ട്രിക്ട് മിഷൻ കോ-ഓർഡിനേറ്റർ) എന്നിവരെയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കുടുംബശ്രീ ചീഫ് ഫിനാൻസ് ഓഫീസർ ബോധിപ്പിച്ചു

19. ക്രമമായ ഇടവേളകളിൽ റിട്ടേൺ സംവിധാനമുണ്ടാകണമെന്നും ധനവിനിയോഗത്തിന്റെ റിപ്പോർട്ട് തയ്യാറാക്കുകയോ കൺസോളിഡേറ്റ് ചെയ്യുന്ന സിസ്റ്റത്തിൽ ഫോളോഅപ്പ് നടത്തുകയോ ചെയ്തിട്ടുണ്ടോ; വിനിയോഗം കഴിഞ്ഞതിന് ശേഷം എപ്പോഴെങ്കിലും തരുന്ന റിപ്പോർട്ട് കൺസോളിഡേറ്റ് ചെയ്ത് നല്കുന്ന രീതിയാണോ അവലംബിച്ചിരിക്കുന്നത്; കംപ്ലീഷൻ റിപ്പോർട്ട് നൽകാൻ സാധിക്കാത്തത് എന്തുകൊണ്ട്; പഞ്ചായത്ത്/ മുൻസിപ്പാലിറ്റി തലത്തിൽ നടക്കുന്ന ധനവിനിയോഗം ജില്ല/ സംസ്ഥാന തലത്തിൽ കൺസോളിഡേറ്റ് ചെയ്യുന്നതിന് എന്ത് സംവിധാനമാണുള്ളത് എന്നീ കാര്യങ്ങൾ ആരാഞ്ഞ സീനിയർ ഡി.എ.ജി. ഇത് സംസ്ഥാന തലത്തിൽ ക്രോഡീകരിച്ച് വേണം കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കാനെന്ന് നിർദ്ദേശിച്ചു. വിനിയോഗത്തിനനുസരിച്ചാണ് കുടുംബശ്രീയുടെ അക്കൗണ്ടിൽ നിന്ന് മുൻസിപ്പാലിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നതെന്ന സർക്കാർ മറുപടി സമിതിയംഗം ചൂണ്ടിക്കാട്ടിയപ്പോൾ മുമ്പ് അഡ്വാൻസ് പേയ്മെന്റായിരുന്നെന്നും കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നുള്ള ഫണ്ട് അക്കൗണ്ടിൽ വന്നാൽ അത് ഡി.എം.സി.മാരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും അവരത് വിതരണം ചെയ്യുകയുമാണ് ചെയ്തിരുന്നതെന്നും (പ്രീ പേയ്മെന്റ്) നിലവിൽ ഒരു പർപ്പസിന് ക്ലെയിം വന്നാൽ അത് കുടുംബശ്രീ പരിശോധിച്ച് എക്സ്പെൻഡിച്ചർ ആകുമെന്ന് ഉറപ്പായ ശേഷമാണ് നൽകുന്നതെന്നും ഫണ്ട് കൈമാറുമ്പോൾ തന്നെ എക്സ്പെൻഡിച്ചർ ആകുകയാണെന്നും എസ്.എൻ.എ (സിംഗിൾ നോഡൽ ഏജൻസി) വന്നതിന് ശേഷം യു.സി. ഉടൻ തന്നെ ജനറേറ്റ് ചെയ്യാൻ സാധിക്കുമെന്നും യു.സി. നല്കുന്നതിന് തടസ്സമില്ലെന്നും പല സംസ്ഥാനങ്ങളിലും ചെലവഴിക്കാത്ത ഫണ്ട് കേരളത്തിന് ലഭിക്കുന്നുണ്ടെന്നും എല്ലാ വർഷവും 30 കോടി രൂപ കേന്ദ്ര സർക്കാർ അധികമായി നല്കുന്നതിനാൽ ഫണ്ടിന്

ബുദ്ധമുട്ടില്ലെന്നും കുടുംബശ്രീ ചീഫ് ഫിനാൻസ് ഓഫീസർ വ്യക്തമാക്കി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ/ ശിപാർശകൾ

20. കേന്ദ്ര വിഹിതം ലഭിക്കുന്ന പദ്ധതിയിൽ യഥാസമയം വിനിയോഗ രേഖ സമർപ്പിക്കുന്നതിന് നിലവിൽ മോണിറ്ററിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

എ.ഡി.എസ്. റിവോൾവിംഗ് ഫണ്ട് സൂക്ഷിച്ചത്

എസ്.ജെ.എസ്.ആർ.വൈ മാർഗ്ഗരേഖകളനുസരിച്ച് സ്വയം സഹായ സംഘങ്ങൾക്കും (എസ്.എച്ച്.ജി) ത്രിഫ്റ്റ് ആന്റ് ക്രഡിറ്റ് സൊസൈറ്റികൾക്കും (ടി & സി.എസ്) റിവോൾവിംഗ് ഫണ്ടായി ₹25,000/- ന്റെ ഒറ്റത്തവണ ഗ്രാന്റിന് അർഹതയുണ്ട്. മാവേലിക്കര സി.ഡി.എസ് ആറ് പ്രാദേശിക വികസന സൊസൈറ്റികൾക്കായി (എ.ഡി.എസുകൾ) 1997-99 കാലയളവിൽ ₹7.51 ലക്ഷം മുൻകൂറായി ടി & സി.എസിന് റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യാൻ നൽകി. എ.ഡി.എസ് ഈ തുകയ്ക്കുള്ള വിനിയോഗ രേഖ ഹാജരാക്കിയിട്ടില്ല (2013 മേയ്).

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ): ഓഡിറ്റ് ഖണ്ഡിക 4.3.7.4]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. പരാമർശം സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പരാമർശം ഒഴിവാക്കാൻ തീരുമാനിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

22. എ.ഡി.എസ് റിവോൾവിംഗ് ഫണ്ട് സൂക്ഷിച്ചത് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

എസ്.ജെ.എസ്.ആർ.വൈ.ഫണ്ട് വകമാറ്റൽ

- പദ്ധതി മാർഗ്ഗരേഖകൾ പ്രോത്സാഹനമായി ഫണ്ട് വിതരണം ചെയ്യാൻ വിഭാവനം ചെയ്യുന്നില്ല. എന്നാൽ സിഡിഎസുകൾ വിനിയോഗിക്കാതെ കൈവശം വച്ച ഫണ്ട് കൂട്ടുകൃഷിയ്ക്കുള്ള പ്രോത്സാഹനമായി വിതരണം ചെയ്യാൻ കുടുംബശ്രീ ഡയറക്ടർ നിർദ്ദേശം നൽകി (2010 ഡിസംബർ). 2010 ഡിസംബർ മുതൽ 2013 മാർച്ച് വരെയുള്ള കാലയളവിൽ ₹33.17 ലക്ഷം കൂട്ടുകൃഷിയ്ക്കുള്ള പ്രോത്സാഹന ധനമായി വിതരണം ചെയ്യാൻ വിനിയോഗിച്ചു. കൂട്ടുകൃഷിയ്ക്കായി വിനിയോഗിച്ച തുക എസ്.ജെ.എസ്.ആർ.വൈ അക്കൗണ്ടിലേക്ക് മുതൽകൂട്ടാൻ വേണ്ട നടപടികൾ തുടങ്ങിയതായി കുടുംബശ്രീ പ്രസ്താവിച്ചു (2013 ജൂലൈ).
- ത്രിഫ്റ്റ് നിക്ഷേപങ്ങൾ തിരിച്ചു നൽകുക. യുവശ്രീ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുക, വായ്പ തിരിച്ചടയ്ക്കുക, ബിഎസ്സിയുമായി ബന്ധപ്പെട്ട ചെലവുകൾ തുടങ്ങി എസ്.ജെ.എസ്.ആർ.വൈയ്ക്ക് കീഴിൽ വരാത്ത കാര്യങ്ങൾക്കായി ₹61.52 ലക്ഷം കുടുംബശ്രീയും സിഡിഎസുകളും വകമാറ്റി (2007-08 മുതൽ 2011-12 വരെ) ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

എസ്.ജെ.എസ്.ആർ.വൈ.ഫണ്ട് വകമാറ്റിയത്

സ്ഥാപനത്തിന്റെ പേര്	കാലയളവ്	എസ്.ജെ.എസ്.ആർ.വൈ.-യിൽ നിന്നും വകമാറ്റിയ തുക(₹)	ഫണ്ട് വകമാറ്റിയതിന്റെ ആവശ്യം
ചാലക്കുടി സി.ഡി.എസ്	2007-2008	349740	ത്രിഫ്റ്റ് നിക്ഷേപത്തിന്റെ തിരിച്ചടവ്
ചേർത്തല സി.ഡി.എസ്	2008-2009	45000	യുവശ്രീ ഗുണഭോക്താക്കൾക്ക് സഹായധനം നൽകാൻ വേണ്ടി
കുടുംബശ്രീ സംസ്ഥാന മിഷൻ	2007-2008 to 2010-2011	4917000	ബി.എസ്.യു.പി.-യുമായി ബന്ധപ്പെട്ട ചെലവുകൾ, ഡി.എം.സി.-കളിലെ കൺസൾട്ടന്റിന്റെ വേതനം മുതലായവ

കുന്നംകുളം സി.ഡി.എസ്	2010-2011	87500	വിവിധ പലവക ചെലവുകൾ
നെടുമങ്ങാട് സി.ഡി.എസ്	2008-2009 to 2011-2012	380997	വിവിധ പലവക ചെലവുകൾ
തലശ്ശേരി സി.ഡി.എസ്	3/2007	371435	കെ.യു.ആർ.ഡി.എഫ്.സി വായ്പ തിരിച്ചടവ്
ആകെ		**6151672**	

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) : ഓഡിറ്റ് ഖണ്ഡിക 4.3.7.5]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23. വകമാറ്റി ചെലവഴിച്ച തുക തിരിച്ചുപിടിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത വിഷയത്തിൽ താത്ക്കാലിക നിർദ്ദേശം നല്കിയതായി ഫയൽ പരിശോധിച്ചതിൽ നിന്ന് മനസ്സിലായതായും അഡ്വാൻസ് പേയ്മെന്റാണെന്നും 2013-ൽ എസ്.ജെ.എസ്.ആർ.വൈ. പദ്ധതി ഉപേക്ഷിക്കുകയും National Urban Livelihood Mission-നുമായി സംയോജിപ്പിച്ച് പുതിയ പദ്ധതി രൂപീകരിക്കുകയും ആദ്യ രണ്ട് വർഷങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നുള്ള ഫണ്ട് സ്വീകരിക്കാതെ ഫീൽഡിൽ നിക്ഷേപിച്ച 47 കോടി രൂപ തിരിച്ചുപിടിച്ച് കേന്ദ്ര സർക്കാരിന്റെ അനുവാദത്തോടെ പദ്ധതിക്കായി ചെലവഴിക്കുകയും വിനിയോഗ സാക്ഷ്യപത്രം സർക്കാരിന് നല്കുകയും ആയതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും എസ്.ജെ.എസ്.ആർ.വൈ.യുടെ സമാന സ്കീമായതിനാൽ ഫണ്ട് വകമാറ്റിയെന്നത് നിലനിൽക്കുന്നില്ലെന്നും പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി സർക്കാരിന് റിപ്പോർട്ട് നല്കിയിട്ടുണ്ടെന്നും കുടുംബശ്രീ ചീഫ് ഫിനാൻസ് ഓഫീസർ മറുപടി നൽകി. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിനും സമിതിക്കും റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

24. എസ്.ജെ.എസ്.ആർ.വൈ പദ്ധതി 2013-ൽ ഉപേക്ഷിച്ച് , National Urban Livelihood Mission-നുമായി സംയോജിപ്പിച്ച് പുതിയ പദ്ധതി രൂപീകരിക്കുകയും ആദ്യ രണ്ട് വർഷങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നുള്ള ഫണ്ട് സ്വീകരിക്കാതെ ഫീൽഡിൽ നിക്ഷേപിച്ച 47 കോടി രൂപ തിരിച്ച് പിടിച്ച് കേന്ദ്ര സർക്കാരിന്റെ അനുവാദത്തോടെ പദ്ധതിക്കായി ചെലവഴിച്ചെന്നും എസ്.ജെ.എസ്.ആർ.വൈ-യുടെ സമാന സ്വീമായതിനാൽ ഫണ്ട് വകമാറ്റിയെന്നത് നിലനിൽക്കുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി, ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

നിരീക്ഷണവും മൂല്യനിർണ്ണയവും

സിഡിഎസുകൾ, നഗരതദ്ദേശ സ്ഥാപനങ്ങൾ, ജില്ല, സംസ്ഥാനം തുടങ്ങിയ വിവിധ തലങ്ങളിലായാണ് എസ്.ജെ.എസ്.ആർ.വൈ-യുടെ സംസ്ഥാനത്തെ നിരീക്ഷണം നടത്തേണ്ടത്. താഴെപ്പറയും പ്രകാരം, കാര്യക്ഷമമായ ഒരു നിരീക്ഷണ സംവിധാനം എസ്.ജെ.എസ്.ആർ.വൈ നടത്തിപ്പിനുണ്ടായിരുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. സിഡിഎസുകളുടെ എക്സിക്യൂട്ടീവ് സമിതി യോഗങ്ങൾ ആനുകാലികമായി നടത്തിയിരുന്നുവെങ്കിലും പദ്ധതിയുടെ കീഴിലുള്ള അപര്യാപ്തതകളെക്കുറിച്ചുള്ള ചർച്ചകൾ നടത്തിയിരുന്നില്ല. യൂണിറ്റുകൾ പൂട്ടിപ്പോകുന്നതിന്റെ കാരണങ്ങൾ സിഡിഎസ് /യുഎൽബി തലത്തിൽ അപഗ്രഥിക്കുകയോ ചർച്ചചെയ്യുകയോ ഉണ്ടായില്ല. കൂടാതെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരുന്നതുപോലെ എസ്.ജെ.എസ്.ആർ.വൈ നടപ്പാക്കുന്നതിനെ സംബന്ധിച്ച ഒരു അവലോകനവും കുടുംബശ്രീ ജില്ലാ മിഷൻ നടത്തിയിരുന്നില്ല.

ജില്ലാ മിഷനിൽ ഒരു അഡീഷണൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററെ യൂണിറ്റുകളുടെ കുറഞ്ഞ അതിജീവനം സംബന്ധിച്ച പ്രശ്നങ്ങൾ പരിശോധിക്കാൻ

ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്താവിച്ചു (2013 ഡിസംബർ).

നിഗമനം

പദ്ധതി നടത്തിപ്പിൽ സംസ്ഥാനങ്ങൾ നേരിട്ട ബുദ്ധിമുട്ടുകൾ തരണം ചെയ്ത് നഗരദാരിദ്ര്യത്തിനറുതിവരുത്താൻ വേണ്ടി എസ്.ജെ.എസ്.ആർ.വൈ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചെങ്കിലും അതിന്റെ നടത്തിപ്പിൽ തിരിച്ചടികൾ നേരിട്ട കർമ്മ പദ്ധതി തയ്യാറാക്കുന്നതിലെ കാലതാമസം, ബാങ്ക് വായ്പാ അപേക്ഷകൾ തിരസ്കരിച്ചത്, സഹായധനം ലഭിച്ച ഗുണഭോക്താക്കളുടെ സ്വയം തൊഴിൽ സംരംഭങ്ങളുടെ പുരോഗതിയും തുടങ്ങിയ സംരംഭങ്ങളുടെ നിലനിൽപ്പില്ലായ്മയും നിരീക്ഷിക്കുവാനുള്ള അനന്തര നടപടികളുടെ അഭാവം എന്നിവ സൂചിപ്പിക്കുന്നത് നഗരത്തിലെ തൊഴിൽ രഹിതരും/ മുഴുവൻ സമയ തൊഴിൽ ലഭിക്കാത്തവരും ആയ പാവപ്പെട്ടവർക്ക് തൊഴിൽ നൽകുന്നതിലൂടെ നഗരദാരിദ്ര്യ നിർമ്മാർജ്ജനം നടത്തുകയെന്ന പ്രാഥമിക ലക്ഷ്യം കൈവരിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന പ്രവണതയാണ്.

ഫണ്ടിന്റെ സിംഹഭാഗവും പദ്ധതി അക്കൗണ്ടുകളിൽ സൂക്ഷിക്കുകയാണെങ്കിലും പദ്ധതിയ്ക്കു കീഴിൽ ലഭിച്ച മുഴുവൻ തുകയും ചെലവായതായി കാണിച്ചിരിക്കുന്നു. പദ്ധതിയുടെ നടത്തിപ്പ് നീരീക്ഷിക്കാനുള്ള സിഡിഎസ് എക്സിക്യൂട്ടീവ് സമിതിയുടെയും കുടുംബശ്രീയുടെയും ചുമതല അവർ ഫലപ്രദമായി നിർവ്വഹിച്ചില്ല.

ഓഡിറ്റ് ഖണ്ഡിക

വിനോദ നികുതി പിരിക്കുന്നതിലുണ്ടായ കുറവ്

വിനോദ നികുതി നിരക്കുകളിലെ കാറ്റഗറി ഇ-യ്ക്ക് കീഴിൽ വിനോദ നികുതി നിർണ്ണയിക്കുന്നതിൽ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിനുണ്ടായ പരാജയം വിനോദ നികുതി പിരിക്കുന്നതിൽ ₹1.20 കോടിയുടെ കുറവിന് കാരണമായി.

1999 എപ്രിൽ ഒന്ന് മുതൽ പ്രാബല്യത്തിൽ വന്ന 2005-ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ്സ് ടാക്സ് (ഭേദഗതി) നിയമത്തിലെ (നിയമം)

വിഭാഗം 3 ബി, തദ്ദേശ സ്ഥാപനങ്ങൾ അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്നും പിരിച്ചെടുക്കേണ്ട വിനോദനികുതി നിശ്ചയിക്കുന്നതിനുള്ള നിരക്കുകൾ ഉൾക്കൊള്ളിച്ചിരുന്നു. ഓരോ കാറ്റഗറിയ്ക്കും (എ മുതൽ ഇ വരെ)[8] കീഴിലുള്ള നിരക്ക് തീരുമാനിച്ചിരിക്കുന്നത് നിക്ഷേപ തുകയുടെയും, പാർക്കിങ്ങിനുള്ള സ്ഥലവും മറ്റ് ഉപയോഗശൂന്യമായ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളും ഒഴിവാക്കി പാർക്കിന് ഉപയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും കണക്കിലെടുത്താണ്. നിയമത്തിലെ 3 ബി വിഭാഗത്തിനു കീഴിൽ വിശദീകരണം രണ്ട് പ്രകാരം നിക്ഷേപവും സ്ഥലത്തിന്റെ വിസ്തീർണ്ണവും മുകളിൽ പറയുന്ന കാറ്റഗറികളിലൊന്നിനും കീഴിൽ വരുന്നില്ലായെങ്കിലും ഒന്നുകിൽ നിക്ഷേപം അല്ലെങ്കിൽ സ്ഥലവിസ്തീർണ്ണം ഏതെങ്കിലും ഒരു കാറ്റഗറിക്ക് കീഴിൽ വരികയാണെങ്കിൽ, ഉയർന്ന നിരക്കിലുള്ള നികുതി ബാധകമായ കാറ്റഗറിയ്ക്ക് കീഴിലാണ് അമ്യൂസ്മെന്റ് പാർക്കിന്റെ നികുതി നിർണ്ണയിക്കേണ്ടത്.

2008 ഏപ്രിൽ ഒന്ന് മുതൽ വണ്ടർലാ ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡുമായി സംയോജിപ്പിച്ച വീഗാ ഹോളിഡേയ്സ് ആന്റ് പാർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് (വീഗാലാന്റ്), എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലാണ് (ജിപി) സ്ഥിതിചെയ്യുന്നത്. കുന്നത്തുനാട് ജിപിയ്ക്ക് വീഗാലാന്റ് ലഭ്യമാക്കിയ (2007 ഫെബ്രുവരി)രേഖകളും ചിത്രങ്ങളും പ്രകാരം പാർക്കിനു വേണ്ടി വിനിയോഗിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം 16.507 ഏക്കർ (6.68 ഹെക്ടർ) ആണ്. വീഗാലാന്റ് ലഭ്യമാക്കിയ ഈ രേഖകളുടെയും ചിത്രങ്ങളുടെയും അടിസ്ഥാനത്തിലാണ്

---

8 കാറ്റഗറി എ:₹3 കോടി വരെ നിക്ഷേപവും 2 ഹെക്ടറോ അതിൽ താഴെയോ സ്ഥല വിസ്തീർണ്ണവും, നികുതി: ₹3 ലക്ഷം മുതൽ ₹ 6 ലക്ഷം വരെ.
കാറ്റഗറി ബി:₹3 കോടി മുതൽ ₹10 കോടി വരെ നിക്ഷേപവും 2 ഹെക്ടർ മുതൽ 4 ഹെക്ടർ വരെ സ്ഥല വിസ്തീർണ്ണവും, നികുതി: ₹10 ലക്ഷം മുതൽ ₹15 ലക്ഷം വരെ.
കാറ്റഗറി സി: ₹10 കോടി മുതൽ ₹20 കോടി വരെ നിക്ഷേപവും 4 ഹെക്ടർ മുതൽ 6 ഹെക്ടർ വരെ സ്ഥല വിസ്തീർണ്ണവും, നികുതി: ₹25 ലക്ഷം മുതൽ ₹30 ലക്ഷം വരെ.
കാറ്റഗറി ഡി: ₹20 കോടി മുതൽ ₹50 കോടി വരെ നിക്ഷേപവും 6 ഹെക്ടർ മുതൽ 10 ഹെക്ടർ വരെ സ്ഥല വിസ്തീർണ്ണവും, നികുതി:₹50 ലക്ഷം മുതൽ ₹60 ലക്ഷം വരെ.
കാറ്റഗറി ഇ: ₹50 കോടിയോ അതിന് മുകളിലോ നിക്ഷേപവും 10 ഹെക്ടറോ അതിന് മുകളിലോ സ്ഥല വിസ്തീർണ്ണവും, നികുതി ₹80 ലക്ഷം മുതൽ ₹100 ലക്ഷം വരെ.

ഗ്രാമപഞ്ചായത്ത് വിനോദനനികുതി നിരക്ക് നിശ്ചയിച്ചതെന്ന് (2007-2008) രേഖകളുടെ ഓഡിറ്റ് പരിശോധനയിൽ (2012 ജൂലൈ) വെളിപ്പെട്ടു. പാർക്കിന്റെ സ്ഥല വിസ്തീർണ്ണം ആറ് ഹെക്ടറിനും പത്ത് ഹെക്ടറിനും ഇടയിലാണ് എന്ന് കണക്കിലെടുത്ത്, ഗ്രാമപഞ്ചായത്ത് വീഗാലാന്റിനെ വിനോദനികുതി നിരക്കിലെ കാറ്റഗറി-ഡി-യ്ക്ക് കീഴിൽ തരംതിരിക്കുകയും, 2007-08 മുതൽ പ്രതിവർഷം ₹60 ലക്ഷം എന്ന നിരക്കിൽ വിനോദനികുതി ഈടാക്കുകയും ചെയ്തു.

വീഗാലാന്റിന്റെ ബാലൻസ് ഷീറ്റും, ബാലൻസ് ഷീറ്റിന്റെ ഭാഗമായ ഷെഡ്യൂളുകളും പരിശോധിച്ചതിൽ, 2007-08 മുതൽ നിക്ഷേപം ₹50 കോടിക്ക് മുകളിലാണെന്ന് വെളിപ്പെട്ടു. അതിനാൽ 2007-2008 മുതൽ കാറ്റഗറി ഇ-യ്ക്ക് കീഴിലാണ് പാർക്കിനെ കണക്കാക്കേണ്ടിയിരുന്നത്. കാറ്റഗറി ഇ-ക്കു കീഴിൽ ബാധകമായ ഏറ്റവും കുറഞ്ഞ നിരക്കിൽ (പ്രതിവർഷം ₹80 ലക്ഷം) കണക്കു കൂട്ടിയാൽ, 2007-08 മുതൽ 2012-13 വരെയുള്ള കാലയളവിൽ വിനോദനികുതി പിരിക്കുന്നതിലുണ്ടായ കുറവ് ₹1.20 കോടിയാണ്.

ഇത് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചപ്പോൾ അധിക നിക്ഷേപങ്ങളും പാർക്കിന്റെ സ്ഥലവിസ്തീർണ്ണവും ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു (2013 നവംബർ).

2013 ഡിസംബറിൽ ഇക്കാര്യം സർക്കാരിനെ അറിയിച്ചു. മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) : ഓഡിറ്റ് ഖണ്ഡികകൾ 4.3.8, 4.3.9, 4.5]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

25. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ചു.

നിഗമനങ്ങൾ / ശിപാർശകൾ

26. ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാത്തതിനാൽ ഉണ്ടായ നിഷ്ഫല ചിലവ്

കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതിരുന്നതിനാൽ ഒരു മത്സ്യ-മാംസ മാർക്കറ്റിൻമേലും ബയോഗ്യാസ് പ്ലാന്റിന്റെ സിവിൽ ജോലികളിന്മേലും ₹13.79 ലക്ഷത്തിന്റെ നിഷ്ഫല ചെലവുണ്ടായി.

പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന (എംപിഎൽഎഡി) പദ്ധതിയിൻ കീഴിൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ (ജിപി) മത്സ്യ-മാംസ മാർക്കിറ്റിനായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ₹10 ലക്ഷം മതിപ്പുചെലവിൽ എറണാകുളം ജില്ലാ കളക്ടർ ഭരണാനുമതി നൽകി (2008 നവംബർ). തദ്ദേശ സ്വയംഭരണ വകുപ്പ് മൂവാറ്റുപുഴ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ ജോലിക്ക് 2008 നവംബറിൽ സാങ്കേതികാനുമതി നൽകി. ചെയ്യാനുദ്ദേശിച്ച കെട്ടിടത്തിന്റെ പ്രധാനഭാഗങ്ങൾ രണ്ട് കശാപ്പ് മുറികൾ. രണ്ട് മത്സ്യസ്റ്റാളുകൾ, രണ്ട് മാംസസ്റ്റാളുകൾ, ഒരു കന്നുകാലിപ്പുര, ഒരു ജനറേറ്റർ/കൺട്രോൾ റൂം എന്നിവയായിരുന്നു. ഉണഭോക്തൃ സമിതി കൺവീനറെ ഏൽപ്പിച്ച (2008 ഡിസംബർ)ജോലി, 2009 ഓഗസ്റ്റിൽ ₹10 ലക്ഷം ചെലവിൽ പൂർത്തിയാക്കി.

കല്ലൂർക്കാട്ടുള്ള മത്സ്യ-മാംസ മാർക്കറ്റിലെ ഖരമാലിന്യം പരിപാലിക്കുന്നതിനായി ഒരു ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ₹7.99 ലക്ഷത്തിന്റെ മതിപ്പു ചെലവിൽ മെസ്സേഴ്സ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡുമായി കല്ലൂർക്കാട് ജിപി സെക്രട്ടറി ഒരു കരാറിലേർപ്പെട്ടു (2010 സെപ്റ്റംബർ). പദ്ധതിയ്ക്കാവശ്യമായ ഫണ്ടിന്റെ ഉറവിടം ശുചിത്വ മിഷൻ ഗ്രാന്റും നിർമ്മൽ പുരസ്കാരവുമായിരുന്നു. പ്ലാന്റിന്റെ സിവിൽ ജോലികൾ ₹3.79 ലക്ഷം ചെലവിൽ പൂർത്തിയാക്കി (2011 ഫെബ്രുവരി).

ഒരു പൊതുകമ്പോളം സജ്ജീകരിക്കുന്നതിനു മുൻപ്, ആ സ്ഥലത്തു അങ്ങനെയൊരു മാർക്കറ്റ് തുറക്കുന്നത് വഴി ഉയർന്നുവരാവുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ജില്ലാ

മെഡിക്കൽ ഓഫീസറുടെ അഭിപ്രായം പഞ്ചായത്ത് വാങ്ങിയിരിക്കണമെന്ന് 1996-ലെ കേരള പഞ്ചായത്ത് രാജ് (ലൈസൻസ് നൽകുകയും പൊതു-സ്വകാര്യ മാർക്കറ്റുകളുടെ നിയന്ത്രണവും) ചട്ടങ്ങളിലെ ചട്ടം 3(2) അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ജില്ലാ മെഡിക്കൽ ഓഫീസറോട് (ആരോഗ്യം) അഭിപ്രായം ആരാഞ്ഞത് 2010 നവംബറിൽ മാത്രമാണ്. അതായത്, കെട്ടിടനിർമ്മാണം കഴിഞ്ഞിട്ട്, അല്ലാതെ മേൽപ്പറഞ്ഞ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം അതിനു മുൻപല്ല എന്ന് ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു (2012 നവംബർ). കശാപ്പുശാല ആൾപ്പാർപ്പുള്ള വീടുകളുടെ 90 മീറ്ററിനുള്ളിലും മെയിൻറോഡിൽ നിന്നും 30 മീറ്ററിനുള്ളിലും ആയതിനാൽ ഈ സ്ഥലം കശാപ്പുശാല പ്രവർത്തിക്കുന്നതിന് അനുയോജ്യമല്ല എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു (2011 ജനുവരി). ഒരു കശാപ്പുശാല ആൾപ്പാർപ്പുള്ള വീടിന്റെ 90 മീറ്ററിനുള്ളിലോ, കിടത്തിചികിത്സയുള്ള ആശുപത്രികൾ, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രാർത്ഥനാസ്ഥലങ്ങൾ എന്നിവയിൽ നിന്നും 150 മീറ്ററിനുള്ളിലോ, പൊതുവഴിയിൽ നിന്ന് 30 മീറ്ററിനുള്ളിലോ ആകരുത് എന്ന 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും മാംസ സ്റ്റാളുകളും) ചട്ടത്തിലെ 5-ാം ചട്ടവുമായി ഇത് ഒത്തുപോകുന്നു. അതിനാൽ കശാപ്പുശാല പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതിരുന്നതും, പൊതുജനാരോഗ്യത്തിന് ഹാനികരമല്ലാത്ത ഒരു സ്ഥലത്തു കശാപ്പുശാല സ്ഥാപിക്കുന്നതിൽ കല്ലൂർക്കാട് ജിപിയുടെ ഭാഗത്തുണ്ടാകേണ്ട മുൻകരുതലിന്റെ അഭാവവും, മത്സ്യ-മാംസ മാർക്കറ്റിനും ബയോഗ്യാസ് പ്ലാന്റിന്റെ സിവിൽ ജോലികൾക്കും ചെലവഴിച്ച ₹13.79 ലക്ഷം നിഷ്ഫലമാകുന്നതിനിടയാക്കി. ഇക്കാര്യം 2013 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ): ഓഡിറ്റ് ഖണ്ഡിക 4.6]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

27. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2014-ൽ പ്രസ്തുത കെട്ടിടത്തിൽ അറവുശാല ഒഴിവാക്കി മത്സ്യ-മാംസ സ്റ്റാളുകൾ പ്രവർത്തിക്കുന്നതിന്

അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുറികൾ ലേലം ചെയ്ത് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നും അംഗീകൃത അറവുശാലകൾ പഞ്ചായത്തിനില്ലെന്നും മറ്റ് സ്ഥലങ്ങളിലും മൂവാറ്റുപുഴ മുൻസിപ്പാലിറ്റിയിലും ആയത് പ്രവർത്തിക്കുന്നുണ്ടെന്നും അറവുശാലകൾക്ക് വീടുകൾ, മെയിൻ റോഡ് എന്നിവയിൽ നിന്നും നിശ്ചിത ദൂരം വേണമെന്ന നിബന്ധന പാലിക്കാത്തതിനാലാണ് അനുവാദം ലഭിക്കാത്തതെന്നും 02.03.2016-ലെ എ.ജി.യുടെ കത്തിൽ മാർക്കറ്റ് പ്രയോജനപ്രദമാക്കി മാറ്റിയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ടെന്നും കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സി.എ.ജി. റിപ്പോർട്ടിൽ പരാമർശമുണ്ടായാൽ അതിനുള്ള മറുപടി ബന്ധപ്പെട്ട വകുപ്പ് മുഖേന എ.ജി.യ്ക്ക് ലഭ്യമാക്കണമെന്നും ലോക്കൽ ഓഡിറ്റിൽ പ്രസ്തുത ഖണ്ഡികകൾ പരാമർശിക്കാനോ മറുപടി നല്കി പരാമർശം അവസാനിപ്പിക്കാനോ അനുവാദമില്ലെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് എ.ജി. മുഖേന സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

28. ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതിരുന്നതിനാൽ മത്സ്യ-മാംസ മാർക്കറ്റിന്മേലും ബയോഗ്യാസ് പ്ലാന്റിന്റെ സിവിൽ ജോലികളിന്മേലും ₹13.79 ലക്ഷത്തിന്റെ നിഷ്ഫല ചെലവുണ്ടായി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഗുണഭോക്താക്കളുടെ പട്ടിക തീർച്ചപ്പെടുത്തുന്നതിന് മുമ്പ് ഭവന നിർമ്മാണത്തിനായി മുൻകൂർ തുക നൽകിയത്

ഗുണഭോക്താക്കളുടെ/ വീടുകളുടെ പട്ടിക തീർച്ചപ്പെടുത്തുന്നതിന് മുമ്പ് പാലക്കാട് ജില്ലാ പഞ്ചായത്ത് എസ്.സി. കുടംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ₹ 89 ലക്ഷം നിർവ്വഹണ ഏജൻസിക്ക് കൈമാറിയത് ഫണ്ടുകൾ തടസ്സപ്പെട്ട് കിടക്കുന്നതിനിടയാക്കി.

പാലക്കാട് ജില്ലാ പഞ്ചായത്ത് (ഡി.പി.പി.) അട്ടപ്പാടി ഹിൽസ് ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയുമായി (അഹാഡ്സ്)[9] ചേർന്ന്, പട്ടികജാതി (എസ്.സി.) കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി മൂന്ന് പദ്ധതികൾ (പ്രതീക്ഷിത ചെലവ് രൂപ ₹89 ലക്ഷം[10]) രൂപീകരിച്ചു (2009-10). ഡി.പി.പി. സെക്രട്ടറിയായിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ ജില്ലാ ആസൂത്രണ സമിതി 2010 മാർച്ചിൽ പദ്ധതി അംഗീകരിച്ചു. 2010 ഏപ്രിലിൽ, സർക്കാരിന്റെ അനുവാദത്തോടുകൂടി, ഡി.പി.പി. സെക്രട്ടറി ഡിമാന്റ് ഡ്രാഫ്റ്റ് വഴി മുഴുവൻ തുകയായ രൂപ 89 ലക്ഷവും അഹാഡ്സിന് കൈമാറി. എന്നാൽ, അഗളി ഗ്രാമപഞ്ചായത്തിലെ (അഗളി ജി.പി) മാറനട്ടി, ചെമ്മണ്ണൂർ ഊരുകളിലും, ഷോളയൂർ ജി.പി.യിലെ മറ്റത്തുകാട്, നായ്ക്കർപ്പടി ഊരുകളിലും വീടുകൾ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ അഹാഡ്സിന് നൽകിയത്, അഞ്ച് മാസം കഴിഞ്ഞ് 2010 സെപ്റ്റംബറിൽ മാത്രമാണ്. 2013 സെപ്റ്റംബർ വരെ രൂപ 89 ലക്ഷം അഹാഡ്സിന്റെ പക്കൽ വിനിയോഗിക്കാതെ കിടക്കുകയായിരുന്നു. പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു.

- ഗുണഭോക്താക്കളുടെ പട്ടിക, നിർമ്മിക്കാനുള്ള വീടുകളുടെ എണ്ണം എന്നിവ തീർച്ചപ്പെടുത്തുന്നതിൽ വളരെയധികം കാലതാമസമുണ്ടായി. അഗളി ജി.പി. 2012 ഫെബ്രുവരിയിൽ അഹാഡ്സിന് കൈമാറിയ ചെമ്മണ്ണൂർ എസ്.സി. കോളനിയിലെ 33 ഗുണഭോക്താക്കളുടെ പട്ടിക, അഹാഡ്സ്, ഡി.പി.പി.യുടെ അംഗീകാരത്തിനായി അയച്ചു കൊടുത്തു (2012 മാർച്ച്). 2013 ജൂലൈയിൽ, അഹാഡ്സ് അയച്ചുകൊടുത്ത 33 ഗുണഭോക്താക്കളുടെ പുതുക്കിയ പട്ടിക 2013 ആഗസ്റ്റിൽ ഡി.പി.പി. സെക്രട്ടറി അംഗീകരിച്ചു. മറ്റ് ഊരുകളിലെ ഗുണഭോക്താക്കളുടെ പട്ടിക 2013 സെപ്റ്റംബർ വരെയും അഹാഡ്സിന് നൽകിയിട്ടില്ല.
- 2009 ജൂലൈയിൽ പുറത്തിറക്കിയ സർക്കാർ ഉത്തരവ് പ്രകാരം എസ്.സി. കുടുംബത്തിന് ഭവന നിർമ്മാണത്തിന് നൽകാവുന്ന പരമാവധി സബ്സിഡി തുക

9 2013 ജൂൺ മുതൽ സെന്റർ ഫോർ കോംപ്രിഹൻസീവ് പാർട്ടിസിപ്പേറ്ററി റിസോഴ്സ് മാനേജ്മെന്റ് (CCPRM) ആയി രൂപാന്തരം വരുത്തി.

10 പട്ടികജാതിക്കാർക്കുള്ള രണ്ട് ഭവനപദ്ധതികൾ (പ്രതീക്ഷിത ചെലവ് ₹60 ലക്ഷവും, ₹14 ലക്ഷവും), പട്ടികജാതി സ്ത്രീകൾക്കുള്ള ഒരു ഭവന പദ്ധതി (പ്രതീക്ഷിത ചെലവ് ₹15 ലക്ഷം)

രൂപ ഒരു ലക്ഷമാണ്. ഇത് 2012 ഫെബ്രുവരിയിൽ പുറത്തിറക്കിയ സർക്കാർ ഉത്തരവ് പ്രകാരം ₹ രണ്ട് ലക്ഷമായി ഉയർത്തി. മാറനട്ടി, മറ്റുള്ളകാട്, നായ്ക്കർപടി ഊരുകളിൽ നിർമ്മിക്കേണ്ട വീടുകളുടെ എണ്ണത്തെക്കുറിച്ച് ഡി.പി.പി. ഇതുവരെയും ഒരു തീരുമാനം എടുക്കാത്തതിനാൽ ഒരു വീട് നിർമ്മിക്കുന്നതിനുള്ള പരമാവധി സബ്സിഡി തുക ₹രണ്ട് ലക്ഷമായി കണക്കാക്കിയാലും, 33 വീടുകൾക്കായി അഹാഡ്സിന് നൽകിയ മുൻകൂർ തുക ₹ 23 ലക്ഷം അധികമായിരുന്നു. ഒരു വീടിന്റെ നിർമ്മാണച്ചെലവ് ₹2.70 ലക്ഷം ആയതിനാൽ, മുൻകൂർ നൽകിയ തുക 33 വീടുകളുടെ നിർമ്മാണത്തിന് മാത്രമേ വിനിയോഗിക്കാൻ കഴിയൂ എന്ന് അഹാഡ്സ് അറിയിച്ചു(2013 ഡിസംബർ). അഹാഡ്സിന്റെ നടപടി 2012 ഫെബ്രുവരിയിൽ പുറത്തിറക്കിയ സർക്കാർ ഉത്തരവിന്റെ ലംഘനമാണ്.

അങ്ങനെ, ഗുണഭോക്താക്കളുടെ പട്ടികയും നിർമ്മിക്കേണ്ട വീടുകളുടെ എണ്ണവും തീർച്ചപ്പെടുത്തുക പോലും ചെയ്യാതെ, പദ്ധതിയുടെ ചെലവ് മുൻകൂറായി നിർവ്വഹണ ഏജൻസിക്ക് നൽകിയത് രൂപ 89 ലക്ഷത്തിന്റെ പ്ലാൻ ഫണ്ട് എസ്.സി. കുടുംബങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാതെ 42 മാസത്തിലധികമായി നിർവ്വഹണ ഏജൻസിയുടെ പക്കൽ തുടരുന്നതിനിടയാക്കി.

ഇക്കാര്യം 2013 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു. മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).

കഴിഞ്ഞ പത്ത് വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

2003 ജനുവരിയിൽ പൂർത്തിയായ നാൾ മുതൽ ഹോസ്റ്റൽ സൗകര്യം പരസ്യപ്പെടുത്തുന്നതിന് മുൻകൈ എടുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിനുണ്ടായ വീഴ്ച ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഉപയോഗശൂന്യമായും ഉപേക്ഷിക്കപ്പെട്ട നിലയിലും കിടക്കുന്നതിനും അതിന്മേൽ ₹13.18 ലക്ഷം നിഷ്ഫല നിക്ഷേപമാകുന്നതിനും ഇടയാക്കി.

അനുയോജ്യമായ ഹോസ്റ്റൽ സൗകര്യങ്ങളുടെ അഭാവത്തിൽ, ചേലക്കരയിലും സമീപ ഗ്രാമപഞ്ചായത്തുകളിലുമുള്ള സ്ത്രീകൾക്ക് ജോലി ചെയ്യേണ്ട സ്ഥലത്തേയ്ക്ക് പോകാനും തിരിച്ചു വരാനും ദിവസവും മണിക്കൂറുകളോളം യാത്ര ചെയ്യണമായിരുന്നു. ഇത്തരക്കാർക്ക് താമസസൗകര്യം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി, ചേലക്കര ഗ്രാമപഞ്ചായത്ത് സൗജന്യമായി നൽകിയ സ്ഥലത്ത് തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ബി.പി.) 2003 ജനുവരിയിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമിച്ചു. ₹1.36 ലക്ഷത്തിന്റെ[11] മെയിന്റനൻസ് ചെലവ് ഉൾപ്പെടെ ബി.പി.യ്ക്ക് ഉണ്ടായ മൊത്തം ചെലവ് ₹13.18 ലക്ഷമാണ്.

എന്നാൽ കെട്ടിടം ഒരിക്കലും ഒരു ഹോസ്റ്റലായി പ്രവർത്തിച്ചില്ല. ഹോസ്റ്റൽ സൗകര്യം ആവശ്യമുള്ള ജോലിയുള്ള സ്ത്രീകളെ കണ്ടെത്തുന്നതിന് ഒരു പ്രാദേശിക സർവ്വേ നടത്തുന്നതിന് യാതൊരു ശ്രമവും നടത്തിയില്ലെന്ന് ബി.പി. സെക്രട്ടറി പറഞ്ഞു. ഈ പ്രദേശത്തേക്ക് യാത്ര ചെയ്യുന്ന ജോലിയുള്ള സ്ത്രീകളെ ആകർഷിക്കുന്നതിന് ഫലപ്രദമായ ഒരു പ്രചാരണമോ സ്ത്രീകളെ താമസിപ്പിക്കുന്നതിനുള്ള ഹോസ്റ്റൽ സ്ഥിതിചെയ്യുന്ന പ്രദേശവുമായി ബന്ധപ്പെട്ടുള്ള അനിഷ്ട സംഭവങ്ങൾക്കുള്ള സാധ്യതയെക്കുറിച്ച് ഒരു അപഗ്രഥനമോ ബി.പി. നടത്തിയിട്ടില്ല.

പ്രദേശത്തെ ജോലിയുള്ള സ്ത്രീകളുടെയിടയിൽ ഈ സൗകര്യം പരസ്യപ്പെടുത്തുന്നതിനായി സമീപ ഗ്രാമപഞ്ചായത്തുകളുടെ സംയോജിത ശ്രമങ്ങൾ വിനിയോഗിക്കുന്നതാണെന്ന് ബി.പി. സെക്രട്ടറി അറിയിച്ചു (2013 മെയ്). ഇന്നുവരെ (2013 സെപ്തംബർ) സെക്രട്ടറിയുടെ ഭാഗത്തുനിന്നും അങ്ങനെയൊരു ശ്രമവും തുടങ്ങിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിലുൾപ്പെട്ട സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് താമസ സൗകര്യം നൽകുക എന്ന സാമൂഹ്യ ലക്ഷ്യത്തോടുകൂടി, സുദീർഘമായ യാത്രകളുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി നിർമ്മിച്ച ഒരു കെട്ടിടം, കഴിഞ്ഞ പത്ത് വർഷമായി ഉപയോഗശൂന്യമായും ഉപേക്ഷിക്കപ്പെട്ട നിലയിലും കിടക്കുന്നതിനാൽ ₹13.18 ലക്ഷത്തിന്റെ നിക്ഷേപം നിഷ്ഫലമായി.

11 2005-06-ൽ ₹0.37 ലക്ഷവും 2012-13-ൽ ₹0.99 ലക്ഷവും

ഇക്കാര്യം സർക്കാരിനെ 2013 ഡിസംബറിൽ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).

[ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ); ഓഡിറ്റ് ഖണ്ഡിക 4.7, 4.8]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു.

29. ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

30. ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റിന്മേലുള്ള നിഷ്ഫല നിക്ഷേപം

കോഴി മാലിന്യം സംസ്കരിക്കുവാനായി തൃശ്ശൂർ മുനിസിപ്പൽ കോർപറേഷൻ ₹29.99 ലക്ഷം ചെലവിൽ നിർമിച്ച ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ്, സമീപത്തെ കശാപ്പുശാലയിലെ വൃത്തിഹീനമായ സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലുണ്ടായ പരാജയം കാരണം നിഷ്ക്രിയമായി കിടന്നു.

തൃശ്ശൂർ കോർപ്പറേഷന് 2006-07-ലെ ജനകീയാസൂത്രണ പദ്ധതിക്ക് കീഴിൽ, കുരിയച്ചിറയിൽ നിലവിലുള്ള കശാപ്പുശാലക്ക് സമീപത്തെ കോഴിമാലിന്യ സംസ്കരണ പ്ലാന്റിൽ ₹23.65 ലക്ഷം മതിപ്പ് ചെലവിൽ ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു. കോർപ്പറേഷൻ പരിധിക്കുള്ളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കോഴി മാലിന്യങ്ങൾ സംസ്കരിച്ച്, പരിസ്ഥിതി സൗഹാർദ രീതിയിൽ അവയെ വളമാക്കി മാറ്റുന്ന ഈ പദ്ധതി, സംസ്ഥാനത്തെ അത്തരത്തിൽ ആദ്യത്തേതായിരുന്നു. അംഗീകൃത ഏജൻസിയായ തൃശ്ശൂരിലെ സോഷ്യോ-ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ (എസ്.ഇ.യു.എഫ്.), മൂന്ന് മാസത്തിനകം

ജോലി നിർവ്വഹിച്ചിരിക്കണം എന്ന കരാറിന്മേൽ, യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഏൽപ്പിച്ചു (2007 ഫെബ്രുവരി).

2009 ഫെബ്രുവരിയിൽ പ്ലാന്റിന്റെ ഉദ്ഘാടനം നടത്തുകയും 2009 ഡിസംബറിൽ മാലിന്യ സംസ്കരണ പ്രക്രിയ പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. എന്നാൽ പ്രദേശവാസികളുടെ എതിർപ്പ് മൂലം 2011 ഫെബ്രുവരിയിൽ പ്ലാനിന്റെ പ്രവർത്തനം നിലച്ചു. ₹4.80 ലക്ഷത്തിന്റെ ആകസ്മിക ചെലവുകൾ[12] ഉൾപ്പെടെ, 2013 സെപ്റ്റംബർ വരെ പദ്ധതിയിന്മേലുണ്ടായ ആകെ ചെലവ് ₹29.99 ലക്ഷമാണ്.

ഓഡിറ്റ് പരിശോധനയിൽ താഴെപ്പറയുന്നവ വെളിപ്പെട്ടു:

- പദ്ധതി നടപ്പിലാക്കുന്ന വേളയിൽ പ്ലാന്റിന്റെ പരിസരത്ത് വൃത്തിയുള്ളതും ആരോഗ്യപൂർണ്ണവുമായ ഒരു അന്തരീക്ഷം ഉറപ്പുവരുത്തുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടു. പരിസരത്തെ കശാപ്പുശാലയിൽ നിന്ന് മാംസമാലിന്യവും രക്തവും പ്ലാന്റിന്റെ പരിസരത്തേക്ക് ഒഴുകി എത്തിയതിനാൽ പ്ലാന്റിന്റെ ജോലി ചെയ്യുവാൻ കുടുംബശ്രീയിലെ സ്ത്രീകൾ വിസമ്മതിച്ചു. തൽഫലമായി, പ്ലാന്റിന്റെ പരിസരത്ത് സംസ്കരിക്കാത്ത കോഴി മാലിന്യം കൂന്നുകൂടി അതിൽ നിന്ന് ദുർഗന്ധം വമിക്കുകയും, അത് പ്രദേശവാസികളുടെ എതിർപ്പിനിടയാക്കുകയും ചെയ്തു. കമ്പോസ്റ്റ് യൂണിറ്റിന്റെ സുഗമമായ നടത്തിപ്പിന് സഹായകമായ പരിതസ്ഥിതി അല്ല എന്നുള്ളത് തുടക്കത്തിൽ തന്നെ എസ്.ഇ.യു.എഫ്. കോർപ്പറേഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. കശാപ്പുശാലയിൽ നിന്നുള്ള മാലിന്യം ഒഴുകിവരുന്നതും, പ്ലാന്റിന്റെ പരിസരങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതും തടയുന്നതിന് പകരം കോർപ്പറേഷൻ പ്ലാന്റ് അടച്ചുപൂട്ടാൻ തീരുമാനിച്ചു. അങ്ങനെ, കോഴിമാലിന്യം സംസ്കരിക്കുന്നതിനുള്ള വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കോർപ്പറേഷനുണ്ടായ പരാജയം, ₹29.99 ലക്ഷത്തിന്റെ ചെലവ് നിഷ്ഫലമാക്കിക്കൊണ്ട് പ്ലാന്റ് നിഷ്ക്രിയാവസ്ഥയിൽ തുടരുന്നതിനിടയാക്കി.

12 ഉള്ളിലൂടെയുള്ള റോഡുകൾ, ഡ്രെയിനേജ്, കമ്പിവേലി സംരക്ഷണം, യന്ത്രങ്ങൾ സ്ഥാപിക്കൽ മുതലായവ

ഇക്കാര്യം 2013 ഡിഡംബറിൽ സർക്കാരിനെ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).

(ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ), ഓഡിറ്റ് ഖണ്ഡിക 4.9)

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. പ്ലാന്റ് നിലവിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് നിലവിൽ Organic Waste Converter പ്ലാന്റായിട്ടാണ് പ്രവർത്തിക്കുന്നതെന്നും കോഴിവേസ്റ്റുൾപ്പെടെയുള്ള ഓർഗാനിക് വേസ്റ്റുകൾ സംസ്കരിക്കുന്നുണ്ടെന്നും ഒന്നര ലക്ഷം രൂപയോളം തനത് ഫണ്ടിൽ നിന്ന് ചെലവാക്കി കൃത്യമായി പരിപാലിക്കുന്നുണ്ടെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കി. നിലവിൽ കോഴിമാലിന്യം സംസ്കരിക്കുന്നതെങ്ങനെയെന്നും പ്ലാന്റ് അടച്ചുപൂട്ടിയിരുന്നോയെന്നും നിയമസഭാ സെക്രട്ടേറിയറ്റ് സ്പെഷ്യൽ സെക്രട്ടറി ആരാഞ്ഞതിന് ഒരു പ്രൈവറ്റ് സ്ഥാപനമാണ് കോഴിമാലിന്യം കൊണ്ടുപോകുന്നതെന്നും പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷണമാലിന്യം അവിടെത്തന്നെ സംസ്കരിക്കുന്നുണ്ടെന്നും മുമ്പ് പ്ലാന്റിന്റെ പ്രവർത്തനം നിലച്ചിരുന്നെങ്കിലും കെട്ടിടം പ്രവർത്തിക്കുന്നുണ്ടായിരുന്നെന്നും നിലവിൽ Organic Waste Converter പ്ലാന്റാണ് പ്രവർത്തിക്കുന്നതെന്നും കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. 30 ലക്ഷം രൂപ ചെലവാക്കി നിർമ്മിച്ച പ്ലാന്റ് അടച്ചുപൂട്ടിയതെന്തിനാണെന്ന് സമിതി ആരാഞ്ഞതിന് ജനങ്ങളുടെ എതിർപ്പുമൂലം വിൻഡ്രോ കമ്പോസ്റ്റിംഗ് നടത്താൻ സാധിച്ചില്ലെന്നും നിലവിൽ പ്രശ്നം പരിഹരിച്ചിട്ടുണ്ടെന്നും തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി ബോധിപ്പിച്ചു ആയത് സംബന്ധിച്ച റിപ്പോർട്ട് എ.ജി. മുഖേന സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

32. ഓഡിറ്റ് പരാമർശത്തിന്മേലുള്ള നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

വ്യവസായിക എസ്റ്റേറ്റുകളിന്മേലുള്ള നിഷ്ക്രിയ നിക്ഷേപം

ജനങ്ങളുടെ ആവശ്യവും സാമ്പത്തികശേഷിയും നിർണ്ണയിക്കാതെ, വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പാണ്ടിക്കാട്, ഉദയംപേരൂർ ഗ്രാമപഞ്ചായത്തുകൾ കെട്ടിടങ്ങൾ നിർമ്മിച്ചത് ₹69.80 ലക്ഷത്തിന്റെ ലഭ്യമായ വിഭവശേഷി നിഷ്ക്രിയ ആസ്തികളിൽപ്പെട്ട് കിടക്കുന്നതിനിടയാക്കി.

(i) മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് (ജി.പി.) ₹39.06 ലക്ഷത്തിന്റെ മൊത്തം ചെലവിൽ കൊളപ്പറമ്പിൽ നാല് കെട്ടിടങ്ങൾ നിർമ്മിച്ചു (2008-നും 2010-നും മദ്ധ്യേ). വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ₹ 11 ലക്ഷം ചെലവിൽ 1999-ൽ വാങ്ങിയ അഞ്ച് ഏക്കർ സ്ഥലത്തിന്റെ ഒരു ഭാഗത്താണ് കെട്ടിടങ്ങൾ നിർമ്മിച്ചത്. സ്ത്രീ സംരംഭകർക്ക് ചെറുകിട വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് കെട്ടിടങ്ങൾകൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ, ആവശ്യക്കാരില്ലാത്തതിനാൽ കെട്ടിടങ്ങൾ ഉപയോഗിച്ചില്ല. കെട്ടിടങ്ങളുടെ പല ഭാഗങ്ങളും ഇപ്പോൾ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്; റോളിംഗ് ഷട്ടറുകൾ തുരുമ്പെടുക്കാൻ തുടങ്ങുകയും ചെയ്തു. 2012 ജൂണിൽ ജില്ലാ കളക്ടറുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം, ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി കെട്ടിടം ഏറ്റെടുക്കാൻ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിനോട് അപേക്ഷിച്ചതിന്മേൽ നടപടി പ്രതീക്ഷിച്ചിരിക്കുകയാണെന്ന് പാണ്ടിക്കാട് ജി.പി. സെക്രട്ടറി അറിയിച്ചു (2013 ജനുവരി).

(ii) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി എറണാകുളം ജില്ലയിലെ ഉദയംപേരൂർ ജി.പി. രൂപീകരിച്ചു (2007-08). 2013 മാർച്ച് വരെ ₹19.74 ലക്ഷമാണ് പദ്ധതിയിന്മേലുള്ള ആകെ ചെലവ്. യൂണിറ്റുകൾക്ക് ആവശ്യക്കാരില്ലാത്തതിനാൽ കെട്ടിടം അവഗണിക്കപ്പെട്ട നിലയിലാവുകയും അതിന്റെ പരിസരത്ത് കാടുപിടിച്ച് കിടക്കുന്ന കുറ്റിച്ചെടികളും പുല്ലുകളും കാരണം കെട്ടിടത്തിന് ക്ഷയം സംഭവിച്ചിരിക്കുകയുമാണ്. അർഹരായ പട്ടികജാതി ഗുണഭോക്താക്കളെ

കണ്ടെത്താതിരുന്നതിനാലും സഹകരണ സൊസൈറ്റികൾ രൂപീകരിക്കാത്തതിനാലും പദ്ധതി ആരംഭിക്കാൻ കഴിഞ്ഞില്ലെന്ന് ഉദയംപേരൂർ ജി.പി. സെക്രട്ടറി അറിയിച്ചു (2013 ആഗസ്റ്റ്).

പാണ്ടിക്കാട്, ഉദയംപേരൂർ ജി.പി.-കൾ ഗുണഭോക്താക്കളെ കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള സാധ്യതാ പഠനം, ഇത്തരം പദ്ധതികളുമായി ഇറങ്ങിത്തിരിക്കുന്നതിന് മുൻപ് നടത്തിയില്ല എന്നത് ഈ രണ്ട് ജി.പി.-കളിലുമായി ₹69.80 ലക്ഷത്തിന്റെ നിക്ഷേപം നിഷ്ക്രിയമാകാനിടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സ്ത്രീ സംരംഭകർക്ക് പരിശീലനം നൽകിയിരുന്നെങ്കിലും, ഗുണഭോക്താക്കൾ സമൂഹത്തിലെ സാമ്പത്തികമായി താഴെത്തട്ടിലുള്ള വിഭാഗത്തിൽപ്പെട്ടവരായതിനാൽ, വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള വിഭവ സമാഹരണത്തിന് അവർക്ക് സാധിച്ചില്ല എന്ന് പാണ്ടിക്കാട് ജി.പി. സെക്രട്ടറി പറഞ്ഞു (2013 സെപ്റ്റംബർ). നിക്ഷേപവുമായി തട്ടിച്ചുനോക്കുമ്പോൾ കുറഞ്ഞ വേതനമാണ് എന്നതിനാൽ കരകൗശല വ്യവസായത്തിലേക്ക് പ്രവേശിക്കാൻ ഗുണഭോക്താക്കൾ വിമുഖരായിരുന്നു എന്ന് ഉദയംപേരൂർ ജി.പി. സെക്രട്ടറിയും അറിയിച്ചു (2013 ആഗസ്റ്റ്). കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മുൻപ് സാധ്യതാപഠനം നടത്തുകയും യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് താത്പര്യവും സാമ്പത്തികശേഷിയും ഉള്ള ആളുകളെ കണ്ടെത്തുകയും ചെയ്യണമായിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല. വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആവശ്യവും സാമ്പത്തിക ശേഷിയും നിർണ്ണയിക്കുന്നതിൽ പാണ്ടിക്കാട്, ഉദയംപേരൂർ ജി.പി.-കൾക്കുണ്ടായ പരാജയം ₹69.80[13] ലക്ഷത്തിന്റെ ലഭ്യമായ വിഭവശേഷി നിഷ്ക്രിയ ആസ്തികളിൽപ്പെട്ട് കിടക്കുന്നതിനിടയാക്കി എന്ന വസ്തുത ശേഷിക്കുന്നു.

ഇക്കാര്യം 2013 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു. മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).

(ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ), ഓഡിറ്റ് ഖണ്ഡിക 4.10)

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. ₹ 39.06 ലക്ഷം + ₹ 11.00 ലക്ഷം + ₹ 19.74 ലക്ഷം

33. പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ തീരുമാനിച്ചു.

34. 2008-09 വർഷത്തിലാണ് പട്ടികജാതി വനിത വ്യവസായ കേന്ദ്രം ആരംഭിച്ചതെന്നും നിഷ്ക്രിയമായിരുന്ന പ്രസ്തുത കേന്ദ്രത്തിൽ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട രണ്ട് വനിതാ വർക്കിംഗ് ഗ്രൂപ്പുകൾ അവിടെ വ്യവസായം നടത്താൻ തയ്യാറായിട്ടുണ്ടെന്നും ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി. 2009-ലെ പദ്ധതിയാണെന്നും 14 വർഷമായിട്ടും ഇക്കാര്യത്തിൽ പോസിറ്റീവ് മറുപടിയല്ല നിലവിലും ലഭിച്ചിരിക്കുന്നതെന്നും അഭിപ്രായപ്പെട്ട സമിതി എന്ത് വ്യവസായം നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും ഫണ്ട് എവിടെ നിന്ന് ലഭിക്കുമെന്നും ആരാഞ്ഞതിന് ഗ്രൂപ്പുകൾ സ്വമേധയാ നടത്തുന്നതാണെന്നും ഇൻഫ്രാസ്ട്രക്ചർ ഒരുക്കുക മാത്രമാണ് ഗ്രാമപഞ്ചായത്ത് ചെയ്യുന്നതെന്നും ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

35. ഇത് പൊതുവായ വിഷയമാണെന്നും പല പഞ്ചായത്തുകളിലും വ്യവസായം നടത്തുന്നതിനായി സ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്യുമെങ്കിലും ഉപയോഗിക്കാത്ത അവസ്ഥ ഉണ്ടെന്നും ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പൊതുവായ പരിശോധന നടത്തുന്നത് ഉചിതമായിരിക്കുമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടു. മുൻ യോഗത്തിൽ സമിതി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സാധ്യതാ പഠനം നടത്താതെ കെട്ടിടം നിർമ്മിക്കുന്നത് ഉൾപ്പെടെ, സമിതി ആവശ്യപ്പെട്ട കാര്യങ്ങളിന്മേൽ സർക്കാർ ശക്തമായ നിലപാടെടുത്തത് ശ്രദ്ധയിൽപ്പെട്ടതായി അഭിപ്രായപ്പെട്ട സമിതി, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് നിയമിച്ച ഇന്റേൺസിന്റെ സേവനം പഞ്ചായത്തിന് ലഭ്യമാകുന്നുണ്ടോയെന്ന് ആരാഞ്ഞു. സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ മാർക്കറ്റിലെത്തുന്നത് വരെ ആവശ്യമായ ഉപദേശങ്ങൾ നൽകേണ്ടത് ഇന്റേൺസാണെന്നും ഗുണപ്രദമായ പദ്ധതികൾ തെരഞ്ഞെടുത്ത് ബാങ്ക് വായ്പയും

സബ്സിഡിയും പഞ്ചായത്തു വഴി നൽകാൻ കഴിയുന്ന രീതിയിലാണ് അവരുടെ പ്രവർത്തനം ഉണ്ടാകേണ്ടതെന്നും സമിതി നിർദ്ദേശിച്ചു വർക്ക് കോ-ഓർഡിനേറ്റ് ചെയ്യുന്നതിലും നിക്ഷേപങ്ങളും സംരംഭങ്ങളും സ്വീകരിക്കുന്നതിലും ഇന്റേൺസിനെ ബന്ധപ്പെടുത്താറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ഇല്ലെന്ന് ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു സർക്കാരാണ് ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ അക്കാര്യം പരിശോധിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു

36. മാർഗ്ഗരേഖയിൽ സ്വയംതൊഴിൽ, സബ്സിഡി തുടങ്ങി ധാരാളം പദ്ധതികളുണ്ടെന്നും പല മുൻസിപ്പാലിറ്റികളിലും നഗരസഭകളിലും Industrial Extension Officers ഇല്ലെന്നും Urban Poverty Alleviation (UPA) പ്രോജക്ട് ഓഫീസറാണ് ചെയ്യുന്നതെന്നും അവർക്ക് ഇത് സംബന്ധിച്ച് ഒരു ധാരണയും ഇല്ലെന്നും ഇന്റേൺസ് ഫീൽഡിൽ പോകുന്നവരാണെന്നും മുൻസിപ്പാലിറ്റിയുടെ പദ്ധതികളിൽ ഇടപെടാറില്ലെന്നും സംരംഭം തുടങ്ങുന്നതിന് സർക്കാർ സംവിധാനം രൂപീകരിച്ചിട്ടുണ്ടെന്നും എത്ര സംരംഭങ്ങൾ തുടങ്ങണമെന്നത് സമയപരിധി നിശ്ചയിച്ച് തീരുമാനിക്കേണ്ടതുണ്ടെന്നും വളാഞ്ചേരി നഗരസഭാ സെക്രട്ടറി വ്യക്തമാക്കി ഇന്റേൺസിന്റെ സേവനം പ്രയോജനപ്പെടുത്തി സംരംഭം വിജയകരമാക്കുകയാണ് വേണ്ടതെന്ന് സമിതിയംഗം അഭിപ്രായപ്പെട്ടതിന് നിലവിൽ എല്ലാ വർഷവും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും Industrial Extension Officers-നെ നിയമിക്കാറുണ്ടെന്നും അവർക്ക് സംയുക്തമായി പ്ലാൻ ഫണ്ടിലെ അഞ്ച് ശതമാനം വിഹിതം കൊടുക്കാറുണ്ടെന്നും നിലവിൽ പദ്ധതി ബ്രേക്ക് വരുമ്പോൾ വ്യവസായ വകുപ്പിലെ സബ്സിഡി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കാൻ കഴിയുന്നില്ലെന്നതിനാൽ ഗുണഭോക്താക്കളുടെ എണ്ണം കുറഞ്ഞു വരികയാണെന്നും പദ്ധതികൾ പൂർണ്ണമായി എസ്റ്റാബ്ളിഷ് ചെയ്യാൻ കഴിയുന്നില്ലെന്നും ഡി.പി.ആർ. തയ്യാറാക്കൽ, മോഡ് ഓഫ് ഓപ്പറേഷൻ എന്നിവ സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് നൽകിയാൽ മാത്രമേ ബാങ്കുകൾ ലോൺ അനുവദിക്കുവെന്നും National Urban Livelihood Mission (NULM), കുടുംബശ്രീ എന്നീ മോഡലുകളിലുള്ള

വ്യക്തിഗത സ്കീമുകൾ വരുന്നുണ്ടെന്നും അവയ്ക്ക് ഡി.പി.ആർ. തയ്യാറാക്കാനുള്ള സഹായവും ബാങ്കിൽ നിന്നുള്ള സഹായവും ലഭ്യമാകുന്നതു കൊണ്ട് രണ്ട് വർഷമായി വിവിധ സ്കീമുകൾ ആരംഭിച്ചിട്ടുണ്ടെന്നും പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണെന്നും വ്യവസായ വകുപ്പിന്റെ പൂർണ്ണ സഹകരണമുണ്ടെങ്കിൽ മാത്രമേ പദ്ധതികൾ വിജയത്തിലെത്തുകയുള്ളൂവെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു വ്യവസായ വകുപ്പിന്റെ സഹകരണമുണ്ടെങ്കിലും പ്രയോജനപ്പെടുത്തുന്നില്ലെന്നും തൊഴിൽ നൽകുന്ന പദ്ധതികളുണ്ടെങ്കിലും എങ്ങനെ തൊഴിൽ നൽകണമെന്ന് കൂടിയാലോചിക്കണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടതിന് വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യക്തിഗത സ്കീമുകൾക്ക് ലോൺ നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ലെന്നും കണ്ണൂർ മുൻസിപ്പാലിറ്റിയിൽ വ്യവസായ വകുപ്പ് ഇന്റേൺസിനെ നിയമിച്ചിട്ടുണ്ടെന്നും പ്രത്യേക റിപ്പോർട്ടുകളും ഡി.പി.ആർ.കളും തയ്യാറാക്കുന്നതിനും അനുബന്ധ കാര്യങ്ങൾക്കും സഹായിക്കുന്നുണ്ടെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി ബോധിപ്പിച്ചു. വ്യത്യസ്ത വിഭാഗങ്ങളിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ സമന്വയിപ്പിക്കാൻ ഇവർക്ക് കഴിയണമെന്നും അപ്പോൾ സാമ്പത്തിക ബുദ്ധിമുട്ടില്ലാതാകുമെന്നും വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും തമ്മിൽ ഏകോപനം ഉണ്ടാകണമെന്നും പട്ടികജാതി വകുപ്പിന് കോർപ്പറേഷന്റെ സഹായമില്ലെന്നും കാര്യങ്ങൾ ഏകോപിപ്പിച്ച് പാവപ്പെട്ടവരെ സഹായിക്കുന്നതിൽ ശ്രദ്ധ വേണമെന്നും മാർക്കറ്റിംഗ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് വേണമെന്നും സമിതി അംഗം അഭിപ്രായപ്പെട്ടതിന് സബ്സിഡി സ്കീമുകളിലാണ് കൂടുതൽ ദോഷം ഉണ്ടാകുന്നതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അതുപയും സബ്സിഡി കണ്ടെത്താൻ സാധിക്കുന്നില്ലെന്നും ഗുണഭോക്താക്കളുടെ സഹകരണം കൊണ്ടാണ് പദ്ധതി നിർവ്വഹണം നടക്കുന്നതെന്നും കണ്ണൂർ കോർപ്പറേഷൻ സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രസ്തുത സ്ഥിതിക്ക് മാറ്റമുണ്ടാകണമെന്ന് അഭിപ്രായപ്പെട്ട സമിതി, സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലാണോ കെട്ടിടങ്ങൾക്ക് ആവർത്തിച്ച് പണം ചെലവാക്കുന്നതെന്ന് ആരാഞ്ഞ സമിതി പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കണമെന്നും മറ്റുള്ള പഞ്ചായത്തുകൾ ഇന്റേൺസിനെ ശരിയായ വിധത്തിൽ ഉപയോഗിക്കുന്നുണ്ടെന്നും ചൂണ്ടിക്കാട്ടി. വ്യക്തമായ സാധ്യതാ

പംനം നടത്തിയിട്ടില്ലെന്നും 2013-ൽ വനിത ഘടകവും വർക്കിംഗ് ഗ്രൂപ്പും കുടുംബശ്രീ പ്രവർത്തകരോട് ചർച്ച ചെയ്തിട്ടും ആരും തയ്യാറായില്ലെന്നും ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു

37. പ്രസ്തുത പദ്ധതിയിനത്തിൽ ഓരോ വർഷവും ലക്ഷക്കണക്കിന് രൂപ വകയിരുത്തുന്നുണ്ടെന്നും ഓരോ വർഷവും ലഭ്യമാകുന്ന ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചില്ലെങ്കിൽ അടുത്ത വർഷം ഫണ്ട് കുറയുമെന്നും ചൂണ്ടിക്കാട്ടിയ സമിതി ഡി.പി.ആർ. തയ്യാറാക്കിയവരും വ്യവസായ വകുപ്പിന്റെ ആളുകളും ചേർന്നാണ് എല്ലാം ചെയ്യുന്നതെങ്കിലും പദ്ധതിക്കാലത്ത് വേണ്ടത്ര ശ്രദ്ധിച്ചില്ലെന്നും വിലയിരുത്തി. മറുപടി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കാമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു

38. 2008-09-ൽ പൂർത്തീകരിച്ച കെട്ടിടമാണെന്നും ഇപ്പോഴും ഗ്രൗണ്ട് ഫില്ലിംഗും ചുറ്റുമതിൽ നിർമ്മാണവും നടത്തിയിട്ടില്ലെന്നും ഗ്രൗണ്ട് ഫില്ലിംഗിന് നിലവിലും ഫണ്ട് വകയിരുത്തുന്നുണ്ടെന്നും കെട്ടിടം ഇതുവരെ ഉപയോഗപ്രദമായില്ലെന്നും പദ്ധതി ഏറ്റെടുക്കുമ്പോൾ ഇടനിലക്കാരായ ഉപഭോക്താക്കളെയും കൂടി ഉൾപ്പെടുത്തിയാലേ പദ്ധതി പൂർത്തിയാക്കാൻ കഴിയൂവെന്നും ഗുണഭോക്താക്കളുണ്ടെങ്കിൽ മാത്രമേ സർക്കാർ ഫണ്ട് വിനിയോഗിക്കേണ്ടതുള്ളൂവെന്നും ഉപഭോക്താവിന്റെ ആവശ്യം സംബന്ധിച്ച് പംനം നടത്തണമെന്നും സീനിയർ ഡി.എ.ജി. ചൂണ്ടിക്കാട്ടി. ഗ്രൗണ്ട് ഫില്ലിംഗിന് വകയിരുത്തിയ 5 ലക്ഷം രൂപ പ്രയോജനപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു പഞ്ചായത്ത് അംഗങ്ങളുടെ കമ്മിറ്റി സംരംഭകരുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ രണ്ട് പേർ തയ്യാറായിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് സമിതിയിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെന്നും ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കി.

39. വ്യവസായ കേന്ദ്രത്തിൽ ഗുണഭോക്താക്കൾ സംരംഭം ആരംഭിക്കുന്ന വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഓഡിറ്റ് കമ്മിറ്റിക്ക്

കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നടക്കുന്നില്ലെന്നതാണ് വിമർശനമെന്നും ആയതിന്റെ നിലവിലെ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യണമെന്നും അത് കൂടി പരിശോധിച്ച ശേഷം മാത്രമേ ഓഡിറ്റ് പരാമർശം സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ കഴിയൂവെന്നും അഭിപ്രായപ്പെട്ട സമിതി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടാണോ പദ്ധതി നടപ്പിലാക്കുന്നതെന്ന് ആരാഞ്ഞതിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എസ്.സി. വ്യവസായ യൂണിറ്റ് ഏറ്റെടുക്കാൻ രണ്ട് പേർ തയ്യാറായിട്ടുണ്ടെന്നും ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പദ്ധതി ആരംഭിച്ചപ്പോഴത്തെ സാഹചര്യമല്ല നിലവിലുള്ളതെന്നും പദ്ധതി നിർവ്വഹണത്തിനായി നിലവിലും ഫണ്ട് ആവശ്യപ്പെടുകയും അനുവദിക്കുകയും ചെയ്യുന്നുണ്ടെങ്കിലും പദ്ധതി നടപ്പാകുന്നില്ലെന്നും സർക്കാർ തീരുമാനമെടുത്ത് ഓഡിറ്റ് പരാമർശം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പദ്ധതി നിർവ്വഹണത്തിൽ ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിരുത്തരവാദമായ സമീപനമാണ് സ്വീകരിക്കുന്നതെന്നും സമിതി അഭിപ്രായപ്പെട്ട ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി ഉൾക്കൊള്ളുന്ന അന്തിമ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. പദ്ധതി നടത്തിപ്പിന് തയ്യാറായ രണ്ട് പേരുമായി എഗ്രിമെന്റ് തയ്യാറാക്കി പദ്ധതി നടപ്പിലാക്കാൻ തയ്യാറാണോയെന്ന് ഉറപ്പുവരുത്തി തുടർ നടപടി സ്വീകരിച്ച് ആയത് ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ എറണാകുളം സമിതിയെ അറിയിച്ചു

നിഗമനങ്ങൾ/ശിപാർശകൾ

40. വ്യവസായിക എസ്റ്റേറ്റുകളിന്മേലുള്ള നിഷ്ക്രിയ നിക്ഷേപം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

41. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനമെടുത്ത അവസരത്തിൽ, പ്രസ്തുത കെട്ടിടത്തിലെ യൂണിറ്റുകൾക്ക് ആവശ്യക്കാർ ഉണ്ടാകുമോ, യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് താല്പര്യമുള്ളവരും, സാമ്പത്തികശേഷി ഉള്ളവരുമുണ്ടോ; പ്രദേശത്തിന് അനുയോജ്യമായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുമോ; എന്നിങ്ങനെയുള്ള സാധ്യതാപഠനങ്ങൾ നടത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു.

42. തദ്ദേശസ്ഥാപനങ്ങൾ വ്യവസായ യൂണിറ്റുകൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ തന്നെ ഇത്തരം സാധ്യതാ പഠനങ്ങൾ നടത്തി വിലയിരുത്താത്തതിനാൽ, യൂണിറ്റുകൾക്ക് വേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾ നിഷ്ക്രിയമായി മാറുന്നു എന്ന് മാത്രമല്ല അതിനായി ചെലവഴിക്കുന്ന ഫണ്ടും ഉപയോഗശൂന്യമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വ്യവസായിക എസ്റ്റേറ്റുകൾക്കായി കെട്ടിടം പണിയുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും സാധ്യതാ പഠനം നടത്തി പദ്ധതി നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

43. പല പഞ്ചായത്തുകളും വ്യവസായം നടത്തുന്നതിനായി സ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ട് കെട്ടിടങ്ങൾ ഉപയോഗിക്കാത്ത അവസ്ഥ കാണുന്നതിനാൽ, ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

44. ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ച ഇൻഡസ്ട്രിയൽ യൂണിറ്റിൽ, രണ്ട് പേർ യൂണിറ്റ് ആരംഭിക്കാൻ തയ്യാറായിട്ടുണ്ടെന്ന് ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ അറിയിച്ചതനുസരിച്ച്, പ്രസ്തുത വ്യവസായ യൂണിറ്റിൽ സംരംഭങ്ങൾ ആരംഭിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഒരു വിനോദസഞ്ചാര വികസന പദ്ധതിയിന്മേലുള്ള പരാജയം

ആസൂത്രണത്തിന്റെയും കൃത്യമായ പരിപാലനത്തിന്റെയും അഭാവത്തിൽ വിനോദസഞ്ചാര പദ്ധതിയിന്മേൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ചെലവാക്കിയ ₹67.24 ലക്ഷം നിഷ്ഫലമായി.

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന് (ടി.എം.സി.) 2008-09-ലെ വാർഷിക പദ്ധതിയിൽ തനത് വരുമാനം വിനിയോഗിച്ച് ₹ 69.10 ലക്ഷത്തിന്റെ പ്രതീക്ഷിത ചെലവിൽ, 'വഞ്ചിക്കുളം വിനോദസഞ്ചാര പദ്ധതിക്ക്' രൂപം നൽകി. 2009 മാർച്ചിൽ പണി തുടങ്ങുകയും ₹ 67.24 ലക്ഷം ചെലവായതിന് ശേഷം, 2010 ജൂലൈയിൽ പൂർത്തീകരിക്കുകയും ചെയ്തു.

രേഖകളുടെ പരിശോധനയിലും ഓഡിറ്റ് ടീമിന്റെ സ്ഥലസന്ദർശനത്തിലും (2013 സെപ്റ്റംബർ) വെളിപ്പെട്ടത് കുളം നവീകരിച്ചെങ്കിലും തുടർന്നുള്ള പരിപാലനവും സംരക്ഷണവും ശരിയായ വിധത്തിൽ നടത്താതിരുന്നത് വഞ്ചിക്കുളത്തിന്റെ പരിതാപകരമായ സ്ഥിതിക്ക് കാരണമായി എന്നാണ്. വലിച്ചെറിഞ്ഞ മാലിന്യങ്ങളും കുപ്പികളും നിറഞ്ഞ് കുളം മലിനീകരിക്കപ്പെട്ടു. പുല്ലും പാഴ്ചെടികളും തഴച്ച് വളർന്നതിനാൽ പണം നൽകി ഉപയോഗിക്കാവുന്ന കക്കൂസുകളിലേക്ക് മാർഗ്ഗതടസം സൃഷ്ടിക്കുന്നു. കുളത്തിന് ചുറ്റുമുള്ള ഇരുമ്പ് കമ്പിയഴികളിൽ പലതും കാണാനില്ല. മൊത്തത്തിൽ മുഴുവൻ സ്ഥലവും ഉപേക്ഷിക്കപ്പെട്ട നിലയിലും ഒരു വിനോദസഞ്ചാര കേന്ദ്രത്തിന് അയോഗ്യവുമാണ്. അടുത്ത ഘട്ടത്തിൽ കൂടുതൽ ജോലികൾ ഏറ്റെടുത്തതിന് ശേഷമേ പദ്ധതിയുടെ പൂർണ്ണപ്രയോജനം ലഭ്യമാകൂ എന്ന് കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു (2013 സെപ്റ്റംബർ). കുളത്തിന്റെയും പരിസരത്തിന്റെയും കൃത്യമായ പരിപാലനവും സംരക്ഷണവും കോർപ്പറേഷൻ മുൻകൂട്ടി കണ്ട് ആസൂത്രണം ചെയ്യാത്തതുകൊണ്ട് ഇതുവരെയുള്ള ചെലവ് നിഷ്ഫലമായി എന്നതിനാൽ മറുപടി അംഗീകരിക്കാനാവില്ല.

അങ്ങനെ, കോർപ്പറേഷൻ പരിധിയിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതി, പരിപാലനവും സംരക്ഷണവും ഇല്ലാത്തതിനാൽ ഒരു

പരാജയമായിത്തീരുകയും ₹67.24 ലക്ഷത്തിന്റെ നിഷ്ഫല ചെലവിലേക്ക് നയിക്കുകയും ചെയ്തു.

ഇക്കാര്യം 2013 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ),

(ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ), ഓഡിറ്റ് ഖണ്ഡിക 4.11)

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. വഞ്ചിക്കുളം വിനോദ പദ്ധതി 2005-ലാണ് ആരംഭിച്ചതെന്നും പദ്ധതി പ്രദേശം നഗരത്തിലെ അഴുക്ക് വെള്ളം വീഴുന്ന താഴ്ന്ന പ്രദേശമായിരുന്നെന്നും അതിന് ആവശ്യമായ രൂപഭംഗി വരുത്തിയാണ് സംരംഭം ആരംഭിച്ചതെന്നും 2015-ന് ശേഷം പുതിയ ഭരണ സമിതി വരികയും ഡി.റ്റി.പി.സി.യുടെ സഹായത്തോടെ 2.50 കോടി രൂപ അനുവദിച്ച് മോടി കൂട്ടുകയും തുടർന്ന് അമൃത് പദ്ധതിയുമായി ലയിപ്പിച്ച് 4 കോടിയോളം രൂപ ചെലവഴിച്ച് പ്രസ്തുത സ്ഥലം പാർക്കായി കഴിഞ്ഞ ആഴ്ചയിൽ ജനങ്ങൾക്ക് തുറന്നു കൊടുക്കുകയും ചെയ്തുവെന്നും കഴിഞ്ഞ വർഷം തന്നെ പ്രവൃത്തി പൂർത്തീകരിച്ചിരുന്നെന്നും മെയിന്റനൻസ് വർക്ക് നിലവിൽ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിനും ഓഡിറ്റ് വകുപ്പിലും ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതു സംബന്ധിച്ച സമിതിയുടെ ചോദ്യത്തിനുത്തരമായി തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി. റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടില്ലെന്നും റിപ്പോർട്ട് ലഭിച്ച ഉടനെ പരിശോധിച്ച് ഹാജരാക്കാമെന്നും അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

46. വഞ്ചിക്കുളം വിനോദ സഞ്ചാര പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

ഒരു ജൈവവള പദ്ധതിയിന്മേലുണ്ടായ നിഷ്ഫല ചെലവ്-

തദ്ദേശവാസികളുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് വളാഞ്ചേരി ഗ്രാമപഞ്ചായത്തു ജൈവമാലിന്യം ഉപയോഗിച്ച് ഒരു ജൈവവള പദ്ധതിക്ക് തുടക്കം കുറിച്ചതിനാൽ ₹23.86 ലക്ഷം രൂപ നിഷ്ഫല ചെലവായി.

വളാഞ്ചേരി ഗ്രാമപഞ്ചായത്ത് (ജിപി) മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ പദ്ധതി ആവശ്യത്തിനായി വാങ്ങിയ (2001 ഡിസംബർ) 1.77 ഏക്കർ വസ്തുവിൽ ഒരു ജൈവവള പദ്ധതിക്ക് രൂപം നൽകി (2006-07). ജി.പി.യിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യം സുരക്ഷിതവും പ്രയോജനപ്രദവുമായ രീതിയിൽ സംസ്കരിക്കുവാനും കർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മ കൂടിയ ജൈവവളം പ്രദാനം ചെയ്യുന്നതിനുമാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. ജി.പി സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ₹40 ലക്ഷം [14] ചെലവിൽ ജില്ലാ ആസൂത്രണ സമിതി (ഡി.പി.സി.) പദ്ധതിയ്ക്ക് അംഗീകാരം നൽകി(2006 ജൂൺ). ഖരമാലിന്യ പരിപാലനത്തിനുള്ള അംഗീകൃത ഏജൻസിയായ കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി (സൊസൈറ്റി) തയ്യാറാക്കിയ ₹37.10 ലക്ഷത്തിന്റെ വിശദമായ അടങ്കലിന് ക്ലീൻ കേരള മിഷൻ അംഗീകാരം നൽകി (2006 സെപ്റ്റംബർ). 2007 ജൂലൈ 31 പദ്ധതി പൂർത്തീകരണ തീയതിയായി നിശ്ചയിച്ചുകൊണ്ട് 2006 ഒക്ടോബറിൽ പദ്ധതി നിർവഹണത്തിനായി ജി.പി. സൊസൈറ്റിയുമായി ഒരു കരാറിൽ ഏർപ്പെട്ടു. ജി.പി. മുൻകൂറായി ₹6.58 ലക്ഷം സൊസൈറ്റിക്ക് നൽകുകയും (2007 മാർച്ച്), പ്രസ്തുത സ്ഥലം വരെ വൈദ്യുതി ലൈൻ നീട്ടുന്നതിനായി ₹1.24 ലക്ഷം കേരള സംസ്ഥാന വൈദ്യുത ബോർഡിൽ (കെ.എസ്.ഇ.ബി.) നിക്ഷേപിക്കുകയും ചെയ്തു. (2007 മാർച്ച്).

പരിസ്ഥിതിയ്ക്കും പൊതുജനാരോഗ്യത്തിനും ഹാനികരമാകാനുള്ള സാധ്യത മുന്നിൽ കണ്ട് പ്രസ്തുത പ്ലാന്റിൽ മാലിന്യം ഉപയോഗിക്കുന്നതിനെ പൊതുജനങ്ങൾ എതിർത്തതിനാൽ 2008 ജനുവരിയിൽ സൊസൈറ്റിക്ക് ജോലി നിർത്തിവെക്കേണ്ടി

14 . ഫണ്ടിന്റെ സ്രോതസ്സ്- വികസന ഫണ്ട് ₹13.50 ലക്ഷം, തനത് ഫണ്ട് ₹6.50 ലക്ഷം, ക്ലീൻ കേരള മിഷനിൽ നിന്നുള്ള സംഭാവന ₹20 ലക്ഷം

വരികയും കെ.എസ്.ഇ.ബി.ക്ക് പണി തുടങ്ങാൻ സാധിക്കാതെ വരികയും ചെയ്തു. സൊസൈറ്റി ജി.പി.ക്ക് വിതരണം ചെയ്തു (2007 മാർച്ച്) റൂഫ് ട്രസ്സ്, പദ്ധതി പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുകയും തുരുമ്പെടുക്കാൻ തുടങ്ങുകയും ചെയ്തു. ₹8.15 ലക്ഷം ചെലവിൽ 2008 ഏപ്രിൽ ജി.പി. ഒരു ടിപ്പറും വാങ്ങി. പദ്ധതിയിന്മേലുള്ള മൊത്തം ചെലവ് ₹23.86 ലക്ഷമാണ്. ഇതിൽ സ്ഥലത്തിന്റെ വിലയായ ₹7.29 ലക്ഷവും ടിപ്പറിന്റെ പണികൾക്കായി ചെലവിട്ട ₹0.60 ലക്ഷവും യഥാർത്ഥ പദ്ധതിക്കു വേണ്ടി ചെലവാക്കിയ ₹15.97 ലക്ഷവും ഉൾപ്പെട്ടിരിക്കുന്നു.

ഓഡിറ്റ് പരിശോധനയിൽ (2012 സെപ്റ്റംബർ) താഴെപ്പറയുന്നവ വെളിപ്പെട്ടു.

- പദ്ധതി രൂപീകരിക്കുന്നതിന് മുൻപ് തന്നെ, 2004 മുതൽ പ്രസ്തുത സ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ തദ്ദേശീയമായ എതിർപ്പുകളുണ്ടായിരുന്നു. പിന്നീട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം, ഒരു സമവായത്തിലെത്തുന്നതിനു വേണ്ടി 2005-ൽ നിരവധി കൂടിക്കാഴ്ചകൾ നടത്തിയെങ്കിലും തൃപ്തികരമായ ഒരു പരിഹാരത്തിലെത്തിച്ചേരാൻ സാധിച്ചില്ല. പൊതുജനങ്ങളിൽ നിന്നും വാർഡ് മെമ്പർമാരിൽ നിന്നും ശക്തമായ പ്രതിഷേധം ഉണ്ട് എന്നറിയാമായിരുന്നിട്ടും ജി.പി. പദ്ധതിയുമായി മുന്നോട്ട് പോയി.
- 2008 ജനുവരി മുതൽ പദ്ധതി സ്തംഭനാവസ്ഥയിലായിരുന്നെങ്കിലും, ജൈവമാലിന്യവും ജൈവവളവും സൈറ്റിലേയ്ക്കും തിരിച്ചും കൊണ്ടു പോകുന്നതിനായി ₹8.15 ലക്ഷം ചെലവിൽ ജി.പി. ഒരു ടിപ്പർ വാങ്ങി (2008 ഏപ്രിൽ) പദ്ധതിയിന്മേലുള്ള പണികൾ നിർത്തിവച്ചിരിക്കുന്ന സമയത്ത് വാഹനം വാങ്ങാനുള്ള ജി.പിയുടെ തീരുമാനം സമയോചിതമല്ലാത്തതും ഒഴിവാക്കാവുന്നതുമായിരുന്നു.

അങ്ങനെ, പദ്ധതി തുടങ്ങുന്നതിന് മുമ്പേയുള്ള തദ്ദേശവാസികളുടെ എതിർപ്പ് അവഗണിച്ചതുകൊണ്ടും ഒരു അനുയോജ്യമായ പരിഹാരം കണ്ടെത്തുന്നതിൽ വളാഞ്ചേരി ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടതിനാലും ₹23.86 ലക്ഷത്തിന്റെ ചെലവ്

നിഷ്ഫലമായി. മാലിന്യ പരിപാലനം എന്ന യഥാർത്ഥ പ്രശ്നവും പരിഹരിക്കപ്പെടാതെ അവശേഷിച്ചു.

ഇക്കാര്യം 2013 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു. മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).

(ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2013 മാർച്ചിൽ അവസാനിച്ച വർഷത്തെ റിപ്പോർട്ട് (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) ഓഡിറ്റ് ഖണ്ഡിക 4.12) ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നൽകിയ മറുപടി അനുബന്ധം II ആയി ചേർക്കുന്നു).

47. 2000 വരെ വളാഞ്ചേരി നഗരസഭ പഞ്ചായത്തായിരുന്നപ്പോൾ അവിടെയുണ്ടായിരുന്ന മാലിന്യങ്ങൾ സ്വകാര്യവ്യക്തികളുടെ ഭൂമിയിലാണ് നിക്ഷേപിച്ചിരുന്നതെന്നും 2000-ൽ അവർ എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് അന്നത്തെ ഭരണസമിതി പഞ്ചായത്തിൽ കുറച്ച് ഭൂമി കണ്ടെത്തി ജൈവ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ച് കർഷകർക്കുവേണ്ടി കുറഞ്ഞ നിരക്കിൽ വളമുല്പാദിപ്പിക്കാൻ തീരുമാനിച്ചെന്നും പഞ്ചായത്തിലെ 33-ാം വാർഡിൽ 1.77 ഏക്കർ സ്ഥലം വാങ്ങുന്നതിന് പത്രപ്പരസ്യം നല്കിയെന്നും നഗരസഭ രൂപീകരിച്ച നാലുപേരുടെ സബ്കമ്മിറ്റിയാണ് സ്ഥലം തെരഞ്ഞെടുത്തതെന്നും സ്ഥലം വാങ്ങുമ്പോൾ അതിന്റെ മൂന്ന് പ്രദേശങ്ങളിലും താമസമില്ലായിരുന്നെന്നും എന്നാൽ ഒരു ഭാഗത്ത് ഏകദേശം 750 മീറ്റർ മാറി ആൾത്താമസമുണ്ടായിരുന്നുവെന്ന് സബ്കമ്മിറ്റി റിപ്പോർട്ടിലുണ്ടെന്നും പദ്ധതിക്കുവേണ്ടി 1.77 ഏക്കർ സ്ഥലം 7.29 ലക്ഷം രൂപയ്ക്ക് വാങ്ങിയെന്നും തുടർന്ന് നടത്തിപ്പിനായി കാസർഗോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി കരാർ വെച്ചെന്നും അതിൻ പ്രകാരം ആദ്യ അഡ്വാൻസ് ₹6.58 ലക്ഷം നൽകിയെന്നും തുടർന്ന് വൈദ്യുതി ലൈൻ കൊണ്ടുവരാൻ 1.24 ലക്ഷം രൂപ കെ.എസ്.ഇ.ബി.യിൽ അടച്ചെന്നും മാലിന്യം ശേഖരിക്കാൻ ഒരു വാഹനം വാങ്ങിച്ചെന്നും പ്രദേശവാസികളിൽ നിന്നും ശക്തമായ എതിർപ്പ് വന്നെങ്കിലും പഞ്ചായത്ത് കമ്മിറ്റിയുടെ ഭൂരിപക്ഷ തീരുമാനപ്രകാരം പദ്ധതി തുടർന്നെന്നും ബഹു.ഹൈക്കോടതി, പ്രശ്നം ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ ചർച്ച ചെയ്ത് പരിഹരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നാല് പ്രാവശ്യം ചർച്ച നടത്തിയെങ്കിലും പരിഹരിക്കപ്പെടാതിരുന്നതിനാൽ ഭരണ

സമിതി പദ്ധതി തുടരുകയും മാലിന്യവുമായി വാഹനമെത്തിയപ്പോൾ സംഘർഷമുണ്ടാവുകയും നിരവധിയാളുകളെ ജയിലിലടയ്ക്കുകയും ശേഷം വലിയ പ്രക്ഷോഭമുണ്ടാവുകയും പ്ളാന്റ് അടയ്ക്കുകയും ചെയ്തുവെന്നും ഇതാണ് നിലവിലെ സ്ഥിതിയെന്നും വളാഞ്ചേരി നഗരസഭാ സെക്രട്ടറി അറിയിച്ചു.

48. 2008 ജനുവരിയിൽ പ്ളാന്റ് നിർത്തിവച്ച ശേഷമാണ് 2008 ഏപ്രിലിൽ ₹8.5 ലക്ഷം ചെലവാക്കി ടിപ്പർ വാങ്ങിയതെന്നും എതിർപ്പ് നിലനിൽക്കുമ്പോൾ അത് വേണ്ടിയിരുന്നില്ലെന്നും 2007-ൽ ടിപ്പർ വാങ്ങിയെന്ന് ആവർത്തിച്ച് പറയുന്നുണ്ടെങ്കിലും 2008-ൽ വാങ്ങിയതിന്റെ രേഖയാണ് ലഭ്യമായിട്ടുള്ളതെന്നും ഓഡിറ്റ് പരിശോധനയ്ക്ക് ശേഷമുള്ള റിപ്പോർട്ടാണ് പരിഗണിക്കുന്നതെന്നും ചൂണ്ടിക്കാട്ടിയ സമിതി നിലവിൽ ടിപ്പറിന്റെ സ്ഥിതിയെന്തെന്ന് ആരാഞ്ഞതിന് അത് ഉപയോഗശൂന്യമാണെന്നും 2015-ൽ നഗരസഭയായതിന് ശേഷം പി.ഡബ്ള്യു.ഡി. മെക്കാനിക്കൽ വിംഗിന് നല്കിയെന്നും ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ കണ്ടം ചെയ്യാൻ ആവശ്യപ്പെട്ടിരുന്നതായും അത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും വളാഞ്ചേരി നഗരസഭ സെക്രട്ടറി വ്യക്തമാക്കി.

49. 2004-ലെ പദ്ധതിയാണിതെന്നും 2015-ൽ വളാഞ്ചേരി നഗരസഭയായി പരിവർത്തനം ചെയ്യപ്പെട്ടുവെന്നും ഇത്തരം പദ്ധതികൾക്ക് ജനങ്ങളുടെ സഹകരണം ഉണ്ടാകാറില്ലെന്നും പദ്ധതി നിർത്തിവച്ചതിന് ശേഷം അതിനായി പണം ചെലവഴിക്കുന്നത് ദുർവ്യയമാണെന്നും അങ്ങനെ പണം ചെലവഴിക്കാൻ പാടില്ലെന്ന് സെക്രട്ടറിയ്ക്ക് അറിവുള്ളതാണെന്നും അഭിപ്രായപ്പെട്ട സമിതി പ്ളാന്റ് സ്ഥാപിച്ചതും വാഹനം വാങ്ങിയതും ഒരേ പദ്ധതിയായിരുന്നെങ്കിൽ അംഗീകരിക്കാമായിരുന്നെന്നും പദ്ധതിയുടെ ഭാഗമായി ഭരണസമിതിയുടെ തീരുമാനപ്രകാരമാണെന്ന സാങ്കേതികത്വത്താൽ പദ്ധതി നിർത്തിവച്ചതിന് ശേഷം ടിപ്പർ വാങ്ങിയത് ശരിയായ നടപടിയല്ലെന്നും ചൂണ്ടിക്കാട്ടി.

50. 2007 മോഡൽ വാഹനമാണെന്നും 15 വർഷത്തോളമായി ഒരു ബാങ്കിന്റെ കോമ്പൗണ്ടിൽ ഉപയോഗശൂന്യമായി കിടക്കുകയായിരുന്നെന്നും നിലവിൽ മുൻസിപ്പാലിറ്റിയിലെ 8000 ത്തോളം വീടുകളിൽ ഉറവിട മാലിന്യ ഉപാധികൾ

നടപ്പിലാക്കിയിട്ടുണ്ടെന്നും മുൻസിപ്പാലിറ്റിക്ക് 36 ഹരിതകർമസേന യൂണിറ്റുകളുണ്ടെന്നും സേനയുടെ പ്രവർത്തനങ്ങളിൽ മലപ്പുറം ജില്ലയിൽ മുൻസിപ്പാലിറ്റി രണ്ടാം സ്ഥാനത്താണെന്നും പ്രസ്തുത സ്ഥലത്ത് ജൈവപാർക്കും എഫ്.എസ്.ടി.പി.യും സ്ഥാപിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്നും പരിസര പ്രദേശമായ 4, 33 എന്നീ വാർഡുകളിലെ വാർഡ് സഭകളിൽ നഗരസഭാ ചെയർമാൻ, സെക്രട്ടറി എന്നിവർ നേരിട്ട് ജനങ്ങൾക്ക് ബോധവത്കരണം നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ജൈവപാർക്ക് സ്ഥാപിക്കാൻ തീരുമാനിച്ചതെന്നും വളാഞ്ചേരി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു വാങ്ങിയ ശേഷം വാഹനം ഉപയോഗിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 2015-ൽ നഗരസഭയായതിന് ശേഷമാണ് ഇക്കാര്യം ശ്രദ്ധിച്ചതെന്നും തുടർന്ന് വാഹനം ഉപയോഗ യോഗ്യമാണോയെന്ന് ആരാഞ്ഞ് രണ്ട് പ്രാവശ്യം പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗത്തിന് കത്ത് നൽകിയിരുന്നെന്നും വാഹനത്തിൽ ₹60,000/-ത്തിന്റെ അറ്റകുറ്റപണികൾ നടത്തിയിരുന്നെന്നും തെറ്റായ കാര്യങ്ങളാണ് നഗരസഭ ചെയ്തിരിക്കുന്നതെന്നും ചൂണ്ടിക്കാട്ടിയ സമിതി അന്നത്തെ സെക്രട്ടറി സർവ്വീസിലുണ്ടോയെന്ന് ആരാഞ്ഞതിന് അദ്ദേഹം മരണപ്പെട്ടുവെന്ന് വളാഞ്ചേരി നഗരസഭ സെക്രട്ടറി മറുപടി നൽകി. എന്നാൽ അക്കാരണത്താൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ കഴിയില്ലെന്ന് സമിതി ചൂണ്ടിക്കാട്ടി. 2017-ൽ പി.ഡബ്ള്യു.ഡി.യ്ക്ക് കൈമാറുമ്പോൾ വാഹനം 3488 കി.മീ. ആണ് ഓടിയിട്ടുണ്ടായിരുന്നതെന്ന് വളാഞ്ചേരി നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു

51. നഗരസഭ സ്വീകരിച്ച നടപടി സർക്കാരിന് വലിയ നഷ്ടം വരുത്തിയിട്ടുണ്ടെന്നും ആയതിൽ മാറ്റമുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു കഴിഞ്ഞ കമ്മിറ്റിയിൽ തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മുന്നൂറോളം വണ്ടികൾ അറ്റകുറ്റപ്പണി ചെയ്യാനുണ്ടെന്നും അതിന് പി.ഡബ്ള്യു.ഡി. എഞ്ചിനീയറെ ചുമതലപ്പെടുത്തണമെന്ന് പറഞ്ഞിരുന്നതായും സമിതിയിൽ നിന്നും അക്കാര്യത്തിൽ ശിപാർശയുണ്ടാകണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ഡയറക്ടർ അപേക്ഷിച്ചു തദ്ദേശസ്വയംഭരണ

വകുപ്പിന് പ്രത്യേക മെക്കാനിക്കൽ വിംഗ് വേണമെന്ന അഭിപ്രായമാണ് ഉള്ളതെന്ന് സമിതി ചൂണ്ടിക്കാട്ടി.

52. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ മെയിന്റനൻസ് എഞ്ചിനീയർമാരില്ലെന്നും അവിടെ എഞ്ചിനീയർമാരുടെ പാനലുണ്ടാക്കണമെന്നും അവരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വാഹനങ്ങൾ വർക്ക്ഷോപ്പിൽ കൊണ്ട് പോകണമെന്നും ഇലക്ട്രിക്കൽ വർക്കുകൾക്ക് ഇതുപോലെ ബുദ്ധിമുട്ടുണ്ടായപ്പോൾ വിരമിച്ച കെ.എസ്.ഇ.ബി. എഞ്ചിനീയർമാരെ ജില്ലാതലത്തിൽ നിയോഗിച്ചിരുന്നെന്നും മുന്നൂറോളം വാഹനങ്ങളാണ് ഓരോ കോർപ്പറേഷനുകളിലും കേടായി കിടക്കുന്നതെന്നും അതു പരിഹരിക്കുന്നതിനായി ഇത്തരം ഒരു സംവിധാന മുണ്ടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

നിഗമനങ്ങൾ/ശിപാർശകൾ

53. മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ വളാഞ്ചേരി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ജൈവവള പദ്ധതി, പൊതുജനങ്ങൾ എതിർത്തതിനാൽ 2008 ജനുവരിയിൽ പദ്ധതി നിർത്തി വച്ചതായും, പദ്ധതി നിർത്തി വച്ചതിനുശേഷം ₹8.15 ലക്ഷം ചെലവിട്ട് ടിപ്പർ വാങ്ങിയെന്നും സമിതി മനസ്സിലാക്കുന്നു.

54. നിർത്തിവച്ച പദ്ധതിക്ക് വേണ്ടി, മറ്റൊരു പദ്ധതിയിൽ ഫണ്ട് വകയിരുത്തി ടിപ്പർ വാങ്ങിയത് ധനാപഹരണത്തിന് തുല്യമാണെന്നും, പദ്ധതി നിർത്തിവച്ച സാഹചര്യത്തിൽ ഭരണ സമിതിയുടെ തീരുമാനമെന്ന സാങ്കേതികത്വത്തിൽ ടിപ്പർ വാങ്ങിയത് ശരിയായ നടപടിയല്ലെന്നും സമിതി വിലയിരുത്തുന്നു.

55. നിർത്തിവച്ച പദ്ധതിക്ക് വേണ്ടി 2008-ൽ വാങ്ങിയ 2007 മോഡൽ ടിപ്പർ, 15 വർഷം ഉപയോഗിക്കാതിരുന്നതായും, ഉപയോഗിക്കാതിരുന്ന ടിപ്പറിന്റെ അറ്റകുറ്റപണികൾക്ക് ₹60,000 ചെലവഴിച്ചതായും സമിതി മനസ്സിലാക്കുന്നു.

56. സർക്കാരിന്റെ ഫണ്ട് നിരുത്തരവാദപരമായി ഗ്രാമപഞ്ചായത്ത് ചെലവാക്കിയതായി ചൂണ്ടിക്കാണിച്ച സമിതി, സർക്കാരിന് വലിയ നഷ്ടം വരുത്തി വച്ചതായി വിലയിരുത്തുന്നു.

57. ജൈവവള പദ്ധതി നിർത്തി വച്ചതിനുശേഷം, ടിപ്പർ വാങ്ങാനുള്ള ഗ്രാമപഞ്ചായത്തിന്റെ തീരുമാനം ഉചിതമല്ലാത്തതും ഒഴിവാക്കാമായിരുന്നതുമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി ടിപ്പർ വാങ്ങുന്നതിനു ചെലവായ ₹8.15 ലക്ഷവും, ടിപ്പറിന്റെ അറ്റകുറ്റപണികൾക്കായി ചെലവാക്കിയ ₹60,000 വും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെറ്റായ തീരുമാനം കൈക്കൊണ്ട ഭരണ സമിതിയിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

58. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പൊതുമരാമത്ത് വകുപ്പിന് നൽകുന്നുവെങ്കിലും ആയത് അറ്റകുറ്റപണികൾ ചെയ്ത് യഥാസമയം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നില്ലെന്ന് ഓഡിറ്റ് പരിശോധനയുടെ പല തെളിവെടുപ്പ് യോഗങ്ങളിലും സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി മെക്കാനിക്കൽ വിംഗ് ഉണ്ടാകുന്നത് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേക മെക്കാനിക്കൽ വിംഗ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും, വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കായി തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തുന്നതിനും ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അൻവർ സാദത്ത്,
ചെയർപേഴ്സൺ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഒക്ടോബർ 28

അനുബന്ധം I
പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

ക്രമ നം.	ഖണ്ഡിക നം.	വകുപ്പ്	നിഗമനങ്ങൾ/ ശിപാർശകൾ
1	2	തദ്ദേശ സ്വയംഭരണ വകുപ്പ്	ആസൂത്രണം, ഗുണഭോക്താക്കളെ കണ്ടെത്തിയത് , എസ്ജെഎസ്ആർവൈ – യുടെ വിവിധ ഘടകങ്ങളുടെ നടപ്പാക്കൽ, വേണ്ടത്ര പിൻതുടർച്ചയുടെ കുറവു കാരണം യൂണിറ്റുകൾ അടച്ചു പൂട്ടിയത് , സൂക്ഷ്മ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കാത്തത് എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ വകുപ്പ് ലഭ്യമാക്കിയ മറുപടി പരിഗണിച്ച സമിതി ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
2	12	തദ്ദേശ സ്വയംഭരണ വകുപ്പ്	ചേർത്തല നഗരസഭ സി.ഡി.എസ്സ് 25.06.2009 ൽ ജില്ലാ സഹകരണ ബാങ്ക് ചേർത്തല ശാഖയിൽ നിന്ന് 15,66,600/- രൂപ സമഗ്ര ആട് വളർത്തൽ പദ്ധതിക്കായി വായ്പയെടുത്തുവെന്നും, 2019 നവംബർ മാസത്തിൽ ഗുണഭോക്താക്കളുടെ വ്യക്തിപരമായ ബാധ്യതയാക്കി ഗുണഭോക്താക്കളിൽ നിന്നും വായ്പ തിരികെ ഈടാക്കുന്നതിനുള്ള നടപടി ബാങ്ക് സ്വീകരിക്കണമെന്ന് ബാങ്കിനോട് രേഖാമൂലം നഗരസഭാ സെക്രട്ടറി ആവശ്യപ്പെട്ടതായി സമിതി മനസ്സിലാക്കുന്നു.
	13	തദ്ദേശ സ്വയംഭരണ വകുപ്പ്	സമഗ്ര ആട് വളർത്തൽ പദ്ധതിക്കായി ചേർത്തല നഗര സഭ സിഡിഎസ്സ് ബാങ്കിൽ നിന്നും വായ്പ എടുത്തിട്ടുള്ളതിനാൽ, ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കിയത് നിയമപരമായി നിലനിൽക്കില്ലെന്നും, മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്ത ചേർത്തല നഗരസഭ സിഡിഎസ്സ്, ജില്ലാ സഹകരണ ബാങ്ക് ചേർത്തലയിൽ നിന്ന് നേരിട്ട് വായ്പയെടുത്തത് ശരിയായ നടപടിയല്ലെന്നും സമിതി വിലയിരുത്തുന്നു.
	14	തദ്ദേശ സ്വയംഭരണ വകുപ്പ്	സമഗ്ര ആട് വളർത്തൽ പദ്ധതിക്കായി 2009-ൽ വായ്പ എടുത്തത് സംബന്ധിച്ച വിഷയം 2013-ന് ഓഡിറ്റ് കണ്ടെത്തുന്നതിനുമുമ്പ് നഗരസഭയുടെ ശ്രദ്ധയിൽ പെട്ടിരുന്നില്ലെന്നും, ഓഡിറ്റ് ചൂണ്ടിക്കാണിച്ചതിനു ശേഷവും പ്രസ്തുത വിഷയത്തിൽ നടപടി സ്വീകരിക്കുന്നത് 2019 ൽ മാത്രമാണെന്ന് ചൂണ്ടിക്കാണിച്ച സമിതി, ആടു വളർത്തൽ പദ്ധതിക്കായി എടുത്ത വായ്പ തിരിച്ച് അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിൽ അക്ഷന്തവ്യമായ കാലതാമസം ഗ്രാമപഞ്ചായത്ത് വരുത്തിയെന്ന് സമിതി വിലയിരുത്തുന്നു.
	15	തദ്ദേശ സ്വയംഭരണ വകുപ്പ്	ബാങ്ക്, സി.ഡി.എസ്സിന് എതിരെ മാത്രമേ നിയമ നടപടി സ്വീകരിക്കുകയുള്ളുവെന്നും, ഉപഭോക്താക്കളിൽ നിന്നും വായ്പ തുക ഈടാക്കുന്നതിന് സിഡിഎസിന് തടസ്സമുണ്ടെന്നും, പ്രസ്തുത വിഷയത്തിൽ ആർബിട്രേഷൻ നടപടി സ്വീകരിച്ചുവരുന്നുവെന്നും

			സമിതി മനസ്സിലാക്കുന്നു. ആട് വളർത്തൽ പദ്ധതിക്കായി വായ്പ എടുത്ത വിഷയത്തിൽ ബാങ്കിന്റെ നിലപാട് വളരെ പ്രാധാന്യമുള്ളതായി കാണുന്നതിനാൽ, പ്രസ്തുത വിഷയത്തിൽ ബാങ്കുമായി (നിലവിൽ കേരള ബാങ്ക്) ബന്ധപ്പെട്ട നടപടി സ്വീകരിച്ച് ആയതിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
3	17	തദ്ദേശ സ്വയംഭരണ വകുപ്പ്	ബാങ്കുകളിൽ നിന്നും വായ്പയെടുക്കൽ , നൈപുണ്യവികസനപരിപാടി, അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം നടപ്പാക്കാത്തത്, ഫണ്ടിന്റെ വിനിയോഗം, നഗരതദ്ദേശ സ്ഥാപനങ്ങളിലും സി.ഡി.എസ്കളിലും ഭീമമായ ഫണ്ട് ഉപയോഗിക്കാതെ മുടങ്ങിക്കിടക്കുന്നു, എസ്.ജെ.എസ്.ആർ.വൈയുടെ കീഴിലെ പ്രത്യേക ഘടകത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്താത്തത് എന്നീ ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
4	20	തദ്ദേശ സ്വയംഭരണ വകുപ്പ്	കേന്ദ്ര വിഹിതം ലഭിക്കുന്ന പദ്ധതിയിൽ യഥാസമയം വിനിയോഗ രേഖ സമർപ്പിക്കുന്നതിന് നിലവിൽ മോണിറ്ററിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ള സർക്കാർ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാശ ചെയ്യുന്നു.
5	22	തദ്ദേശ സ്വയംഭരണ വകുപ്പ്	എ.ഡി.എസ് റിവോൾവിംഗ് ഫണ്ട് സൂക്ഷിച്ചത് എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
6	24	തദ്ദേശ സ്വയംഭരണ വകുപ്പ്	എസ്.ജെ.എസ്.ആർ.വൈ പദ്ധതി 2013-ൽ ഉപേക്ഷിച്ച് , National Urban Livelihood Mission-നുമായി സംയോജിപ്പിച്ച് പുതിയ പദ്ധതി രൂപീകരിക്കുകയും ആദ്യ രണ്ട് വർഷങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നുള്ള ഫണ്ട് സ്വീകരിക്കാതെ ഫീൽഡിൽ നിക്ഷേപിച്ച 47 കോടി രൂപ തിരിച്ച് പിടിച്ച് കേന്ദ്ര സർക്കാരിന്റെ അനുവാദത്തോടെ പദ്ധതിക്കായി ചെലവഴിച്ചെന്നും എസ്.ജെ.എസ്.ആർ.വൈ-യുടെ സമാന സ്കീമായതിനാൽ ഫണ്ട് വകമാറ്റിയെന്നത് നിലനിൽക്കുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി, ഓഡിറ്റ് പരാമർശം സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.
7	26	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
8	28	തദ്ദേശ സ്വയംഭരണ വകുപ്പ്	ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതിരുന്നതിനാൽ മത്സ്യ-മാംസ മാർക്കറ്റിന്മേലും ബയോഗ്യാസ് പ്ലാന്റിന്റെ സിവിൽ ജോലികളിന്മേലും ₹ 13.79 ലക്ഷത്തിന്റെ നിഷ്ഫല ചെലവുണ്ടായി എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.

9	30	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് പരാമർശങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി, പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ ശിപാർശ ചെയ്യുന്നു.
10	32	തദ്ദേശ സ്വയംഭരണ വകുപ്പ്	ഓഡിറ്റ് പരാമർശത്തിന്മേലുള്ള നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
11	40	തദ്ദേശ സ്വയംഭരണ വകുപ്പ്	വ്യവസായിക എസ്റ്റേറ്റുകളിന്മേലുള്ള നിഷ്ക്രിയ നിക്ഷേപം എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച് സർക്കാർ ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.
	41	തദ്ദേശ സ്വയംഭരണ വകുപ്പ്	പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കാൻ തീരുമാനമെടുത്ത അവസരത്തിൽ, പ്രസ്തുത കെട്ടിടത്തിലെ യൂണിറ്റുകൾക്ക് ആവശ്യക്കാർ ഉണ്ടാകുമോ , യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് താല്പര്യമുള്ളവരും, സാമ്പത്തികശേഷി ഉള്ളവരുമുണ്ടോ, പ്രദേശത്തിന് അനുയോജ്യമായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കുമോ, എന്നിങ്ങനെയുള്ള സാധ്യതാപഠനങ്ങൾ നടത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു.
	42	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്ഥാപനങ്ങൾ വ്യവസായ യൂണിറ്റുകൾക്കായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ തന്നെ ഇത്തരം സാധ്യതാ പഠനങ്ങൾ നടത്തി വിലയിരുത്താത്തതിനാൽ, യൂണിറ്റുകൾക്ക് വേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾ നിഷ്ക്രിയമായി മാറുന്നു എന്ന് മാത്രമല്ല അതിനായി ചെലവഴിക്കുന്ന ഫണ്ടും ഉപയോഗശൂന്യമാകുന്നുവെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ വ്യവസായിക എസ്റ്റേറ്റുകൾക്കായി കെട്ടിടം പണിയുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർബന്ധമായും സാധ്യതാ പഠനം നടത്തി പദ്ധതി നടപ്പിലാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	43	തദ്ദേശ സ്വയംഭരണ വകുപ്പ്	പല പഞ്ചായത്തുകളും വ്യവസായം നടത്തുന്നതിനായി സ്ഥലം വാങ്ങുകയും കെട്ടിടം നിർമ്മിക്കുകയും ചെയ്തിട്ട് കെട്ടിടങ്ങൾ ഉപയോഗിക്കാത്ത അവസ്ഥ കാണുന്നതിനാൽ, ഈ വിഷയത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധന നടത്തി കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.
	44	തദ്ദേശ സ്വയംഭരണ വകുപ്പ്	ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ പൂർത്തീകരിച്ച ഇൻഡസ്ട്രിയൽ യൂണിറ്റിൽ , രണ്ട് പേർ യൂണിറ്റ് ആരംഭിക്കാൻ തയ്യാറായിട്ടുണ്ടെന്ന് ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് വേളയിൽ അറിയിച്ചതനുസരിച്ച്, പ്രസ്തുത വ്യവസായ യൂണിറ്റിൽ സംരംഭങ്ങൾ ആരംഭിച്ച് ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

12	46	തദ്ദേശ സ്വയംഭരണ വകുപ്പ്	വഞ്ചിക്കുളം വിനോദ സഞ്ചാര പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.
13	53	തദ്ദേശ സ്വയംഭരണ വകുപ്പ്	മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലെ കാട്ടിപ്പരുത്തി വില്ലേജിൽ വളാഞ്ചേരി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ജൈവവള പദ്ധതി, പൊതുജനങ്ങൾ എതിർത്തതിനാൽ 2008 ജനുവരിയിൽ പദ്ധതി നിർത്തി വച്ചതായും, പദ്ധതി നിർത്തി വച്ചതിനുശേഷം ₹8.15 ലക്ഷം ചെലവിട്ട് ടിപ്പർ വാങ്ങിയെന്നും സമിതി മനസ്സിലാക്കുന്നു.
	54	തദ്ദേശ സ്വയംഭരണ വകുപ്പ്	നിർത്തിവച്ച പദ്ധതിക്ക് വേണ്ടി, മറ്റൊരു പദ്ധതിയിൽ ഫണ്ട് വകയിരുത്തി ടിപ്പർ വാങ്ങിയത് ധനാപഹരണത്തിന് തുല്യമാണെന്നും, പദ്ധതി നിർത്തിവച്ച സാഹചര്യത്തിൽ ഭരണ സമിതിയുടെ തീരുമാനമെന്ന സാങ്കേതികത്വത്തിൽ ടിപ്പർ വാങ്ങിയത് ശരിയായ നടപടിയല്ലെന്നും സമിതി വിലയിരുത്തുന്നു.
	55	തദ്ദേശ സ്വയംഭരണ വകുപ്പ്	നിർത്തിവച്ച പദ്ധതിക്ക് വേണ്ടി 2008-ൽ വാങ്ങിയ 2007 മോഡൽ ടിപ്പർ , 15 വർഷം ഉപയോഗിക്കാതിരുന്നതായും, ഉപയോഗിക്കാതിരുന്ന ടിപ്പറിന്റെ അറ്റകുറ്റപണികൾക്ക് ₹ 60,000 ചെലവഴിച്ചതായും സമിതി മനസ്സിലാക്കുന്നു.
	56	തദ്ദേശ സ്വയംഭരണ വകുപ്പ്	സർക്കാരിന്റെ ഫണ്ട് നിരുത്തരവാദപരമായി ഗ്രാമപഞ്ചായത്ത് ചെലവാക്കിയതായി ചൂണ്ടിക്കാണിച്ച സമിതി, സർക്കാരിന് വലിയ നഷ്ടം വരുത്തി വച്ചതായി വിലയിരുത്തുന്നു.
	57	തദ്ദേശ സ്വയംഭരണ വകുപ്പ്	ജൈവവള പദ്ധതി നിർത്തി വച്ചതിനുശേഷം, ടിപ്പർ വാങ്ങാനുള്ള ഗ്രാമപഞ്ചായത്തിന്റെ തീരുമാനം ഉചിതമല്ലാത്തതും ഒഴിവാക്കാമായിരുന്നതുമാണെന്ന് ചൂണ്ടിക്കാട്ടിയ സമിതി ടിപ്പർ വാങ്ങുന്നതിനു ചെലവായ ₹8.15 ലക്ഷവും, ടിപ്പറിന്റെ അറ്റകുറ്റപണികൾക്കായി ചെലവാക്കിയ ₹60,000 വും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെറ്റായ തീരുമാനം കൈക്കൊണ്ട ഭരണ സമിതിയിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.
	58	തദ്ദേശ സ്വയംഭരണ വകുപ്പ്	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി പൊതുമരാമത്ത് വകുപ്പിന് നൽകുന്നുവെങ്കിലും ആയത് അറ്റകുറ്റപണികൾ ചെയ്ത് യഥാസമയം തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നില്ലെന്ന് ഓഡിറ്റ് പരിശോധനയുടെ പല തെളിവെടുപ്പ് യോഗങ്ങളിലും സമിതിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട് . തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രത്യേകമായി മെക്കാനിക്കൽ വിംഗ് ഉണ്ടാകുന്നത് പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സാധിക്കുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേക മെക്കാനിക്കൽ വിംഗ് രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും , വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കായി തദ്ദേശസ്ഥാപനങ്ങൾ ഫണ്ട് വകയിരുത്തുന്നതിനും

			ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2013 മാർച്ച് 31 ന് അവസാനിച്ച വർഷത്തെ റിപ്പോർട്ടിലെ ഖണ്ഡിക 4.3 ലെ (സ്വർണ്ണ ജയന്തി ശഹരി റോസ്ഗാർ യോജനയുടെ കീഴിൽ നടപ്പിലാക്കിയ പ്രധാന ഘടകങ്ങൾ) ന്യൂനത പരിഹാര പത്രിക

ക്രമ നം	ഖണ്ഡിക	പരാമർശം	മറുപടി
1	4.3.1	**ആമുഖം** നഗരങ്ങളിലെ തൊഴിൽരഹിതർക്കും മുഴുവൻ സമയം തൊഴിൽ ലഭിക്കാത്തവർക്കും പ്രതിഫലനം ലഭിക്കുന്ന തൊഴിൽ ലഭ്യമാക്കാൻ വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ അല്ലെങ്കിൽ വേതനത്തോടുകൂടിയ തൊഴിൽ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഭാരത സർക്കാർ സ്വർണ്ണജയന്തി ശഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ) നടപ്പിലാക്കി (1997 ഡിസംബർ) നേരത്തെയുള്ള മൂന്ന നഗരദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളായ അർബൻ ബേസിക് സർവ്വീസസ് ഫോർ പുവർ (യു.ബി.എസ്.പി), നെഹ്റു റോസ്ഗാർ യോജന (എൻആർവൈ), പ്രൈംമിനിസ്റ്റേഴ്സ് ഇന്റഗ്രേറ്റഡ് അർബൻ പൊവർട്ടി ഇറാഡിക്കേഷൻ പ്രോഗ്രാം (പിഎംഐയുപിഇപി) എന്നിവ ഈ പദ്ധതിയിൽ ലയിപ്പിച്ചു. സംസ്ഥാനങ്ങൾ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളെ തരണം ചെയ്യാൻ നാല് പ്രധാന ഘടകങ്ങളായ അർബൻ സെൽഫ് എംപ്ലോയ്മെന്റ് പ്രോഗ്രാം (യുഎസ്ഇപി), അർബൻ വിമൻ സെൽഫ്	പ്രത്യേക പരാമർശം ഇല്ല

		ഹെൽപ്പ് പ്രോഗ്രാം (യുഡബ്ള്യുഎസ് പി), സ്കിൽ ട്രയിനിംഗ് ഫോർ എംപ്ലോയ്മെന്റ് പ്രോഗ്രാം (യുഡബ്ള്യുഇപി) എന്നിവയെ ഒരുമിച്ച് കൊണ്ടുവന്ന 2009 ഏപ്രിലിൽ പദ്ധതി നവീകരിക്കുകയും ഗുണഭോക്താക്കൾക്കുള്ള സഹായം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്തു. ഭരത സർക്കാർ എസ്.ജെ.എസ്.ആർ.വൈയ്ക്കുള്ള ഫണ്ട് മുഴുവനായി സംസ്ഥാനത്തിന് നൽകുന്നു. ആവശ്യാനുസരണം വിവിധ ഘടകങ്ങൾക്കായി നിർദ്ദിഷ്ട ഭൗതിക ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനായി ഫണ്ട് വിഭജിച്ചു നൽകാനുള്ള സ്വാതന്ത്ര്യം സംസ്ഥാനത്തിന് നൽകിയിട്ടുണ്ട്. വിവിധ ഘടകങ്ങളുടെ വിവരങ്ങൾ അനുബന്ധം XIV- ൽ കൊടുത്തിരിക്കുന്നു. 2010 ഏപ്രിലിൽ നവീകരിച്ച എസ്.ജെ.എസ്.ആർ.വൈ അടിസ്ഥാനമാക്കി സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനാണ് (കുടുംബശ്രീ) നഗര തദ്ദേശ സ്ഥാപനങ്ങളിൽ (യുഎൽബികൾ) പദ്ധതി നടപ്പാക്കുന്ന സംസ്ഥാനതല നോഡൽ ഏജൻസി (എസ് എൽഎൻഎ) കുടുംബശ്രീയുടെ കീഴിലുള്ള കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സൊസൈറ്റി (സിഡിഎസ്) ഗുണഭോക്താക്കൾക്ക് സബ്സിഡി ബാങ്കുകളിലൂടെ വിതരണം ചെയ്യുന്നതുൾപ്പെടെ പദ്ധതിയുടെ വിവിധ വശങ്ങൾ	

		നടപ്പിലാക്കാൻ യുഎൽബികളെ സഹായിക്കുന്നു. കുടുംബശ്രീയുടെ ഘടനാനില ചിത്രം 4.1 - ൽ രേഖപ്പെടുത്തിയിരിക്കുന്നു. നഗര തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ. പദ്ധതി നടപ്പാക്കുന്നതിൽ കേന്ദ്ര സംസ്ഥാന വിഹിതം 75:25 എന്ന അനുപാതത്തിലാണ്. സ്റ്റെപ് അപ്പിനുവേണ്ട പദ്ധതി നടപ്പാക്കൽ ഫണ്ട് കുടുംബശ്രീ മിഷൻ ജില്ലാ മിഷൻ വഴി സിഡിഎസിനു നൽകുന്നു. ബാക്കി ഘടകങ്ങൾക്കുള്ള ഫണ്ട് നഗര തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിയിലൂടെ നൽകുന്നു. 2013 ഏപ്രിൽ മുതൽ 2013 ജൂലൈ വരെയുള്ള സമയത്ത്, 2008-09 മുതൽ 2012-13 വരെയുള്ള കാലയളവിലെ പദ്ധതി നടപ്പാക്കലിന്റെ വിവിധ വശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കി. പ്രോബബിലിറ്റി പ്രോപ്പോഷണൽ ടു സൈസ് വിത്തൗട്ട് റിപ്ലേയ്സ്മെന്റ് (പിപിഎസ്ഡബ്ല്യുഒആർ) രീതിയിലുള്ള സംസ്ഥാനത്തെ 14 ജില്ലകളിൽ നിന്നും അഞ്ച് എണ്ണം തെരഞ്ഞെടുത്തു. പിപിഎസ്ഡബ്ല്യുഒആർ രീതിയിലൂടെ തെരഞ്ഞെടുത്ത ഓരോ ജില്ലകളിൽ നിന്നും 33.33 ശതമാനം നഗര തദ്ദേശ സ്ഥാപനങ്ങളെയും തെരഞ്ഞെടുത്തു. തുടർന്ന് 20 നഗര തദ്ദേശ സ്ഥാപനങ്ങളിലും ഇവയ്ക്ക് കീഴിലുള്ള 28	

		സിഡിഎസുകളിലും സൂക്ഷിച്ചിരുന്ന രേഖകൾ പരിശോധിച്ചു. ഗുണഭോക്തൃ പരിശോധന, ഗുണഭോക്താക്കളുടെ യൂണിറ്റുകളിലുള്ള സംയുക്ത പരിശോധന, സിഡിഎസ്, ജില്ലാ മിഷൻ ഓഫീസുകൾ സംസ്ഥാന മിഷൻ ഓഫീസുകൾ എന്നിവടങ്ങളിൽ സൂക്ഷിച്ചിരുന്ന രേഖകളുടെ പരിശോധന, ഓഡിറ്റ് ചോദ്യാവലി നൽകി മറുപടികൾ ശേഖരിക്കൽ, ഉദ്യോഗസ്ഥരുമായുള്ള ചർച്ച സർക്കാർ വകുപ്പുമായുള്ള ആശയവിനിയമയം തുടങ്ങിയവയുൾപ്പെട്ടതായിരുന്നു ഓഡിറ്റിന്റെ രീതി.	
2	4.3.2	**<u>ആസൂത്രണം</u>** ഒരു പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനു വേണ്ട ഒരു പ്രധാന ഘടകമാണ് ആസൂത്രണം. ഒരു നിശ്ചിത സമയത്തിനുളളിൽ പ്രവർത്തിക്കാൻ മുൻകൂർ ആസൂത്രണം അത്യന്താപേക്ഷിതമാണ്. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച (2010 ഏപ്രിൽ 1) പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സിഡിഎസുകൾ പദ്ധതിയ്ക്കു വേണ്ട കർമ്മ പദ്ധതികൾ വാർഷികമായി തയ്യാറാക്കേണ്ടതാണ്. പരിശോധിച്ച കാലയളവിൽ ആറ് സിഡിഎസുകൾ ഒരു വർഷവും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. എന്നാൽ മറ്റു സിഡിഎസുകൾ കർമ്മ പദ്ധതി തയ്യാറാക്കിയത് ഒരു വർഷം മുതൽ നാലു വർഷം വരെയാണ് (ആറ്	എസ്.ജെ.എസ്.ആർ.വൈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓരോ നഗരസഭയിൽ നിന്നും നഗരസഭാ കൗൺസിൽ അംഗീകരിച്ച വാർഷിക കർമ്മ പദ്ധതി വിലയിരുത്തി അംഗീകരിക്കുകയാണ് കുടുംബശ്രീ മിഷൻ ചെയ്തിരുന്നത്. ഓരോ വർഷവും ലഭിക്കുന്ന ഫണ്ടിന് ആനുപാതികമായി നഗരസഭകൾക്ക് ഓരോ ഘടകങ്ങൾക്കും നിശ്ചിത ശതമാനം തുക വകയിരുത്തുകയും ആയതിൻ പ്രകാരം നഗരസഭകൾ വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുകയുമാണ് ചെയ്തിരുന്നത്. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ ആവശ്യങ്ങൾ സി.ഡി.എസ്സ് തലത്തിൽ സി.ഡി.എസ്സ് ഡിമാന്റ് പ്ലാൻ തയ്യാറാക്കി ആയത് നഗരസഭയുടെ പരിഗണനയിൽ കൊണ്ടു വരുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ

		സിഡിഎസുകൾ- ഒരു വർഷം, മൂന്ന് സിഡിഎസുകൾ രണ്ടു വർഷം, ഒരു സിഡിഎസ് - മൂന്നു വർഷം, മൂന്ന് സിഡിഎസുകൾ - നാലു വർഷം) ഒരു സിഡിഎസിനെ സംബന്ധിച്ച് ഒരു വിവരവും ലഭ്യമല്ല. പദ്ധതിയ്ക്കു കീഴിൽ അനുവദിച്ച ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തിൽ വാർഷിക കർമ്മ പദ്ധതിയുടെ അഭാവം പ്രകടമായിരുന്നു. പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് യുഎസ്ഇപി, യുഡബ്ല്യുഇപി ഘടകങ്ങൾക്ക് നഗര തദ്ദേശ സ്ഥാപനങ്ങൾ അവരുടെ വാർഷിക പദ്ധതിയിൽ പ്രത്യേകം വകയിരുത്തുകയും പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടുകയും വേണം. ലാക്ഷണിക പരിശോധന നടത്തിയ ഒരു തദ്ദേശ സ്ഥാപനവും ഇതു ചെയ്തിട്ടില്ല.	കുടുംബശ്രീ സി.ഡി.എസ്സ് നഗരസഭാതലത്തിൽ അവശ്യങ്ങൾ വിലയിരുത്തി തയ്യാറാക്കുന്ന കർമ്മപദ്ധതിക്ക് നഗരസഭാ കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നുണ്ട്. അംഗീകാരം ലഭ്യമാക്കിയ വാർഷിക കർമ്മപദ്ധതിക്കാണ് മിഷൻ അംഗീകാരം നൽകുന്നത്. പദ്ധതി നടത്തിപ്പിൽ ഇപ്രകാരം കമ്മ്യൂണിറ്റി - നഗരസഭ പങ്കാളിത്തത്തോടെ വ്യക്തമായ കർമ്മപദ്ധതിക്കനുസരിച്ചാണ് ടി പദ്ധതി നടപ്പിലാക്കിയത്.
3	4.3.3	**<u>ഗുണഭോക്താക്കളെ കണ്ടെത്തിയത്</u>** എസ്.ജെഎസ് ആർവൈ സംസ്ഥാന മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നത്, പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളുടെ അന്തിമ പട്ടിക വാർഡ് സമിതി അല്ലെങ്കിൽ വാർഡ് സഭയിൽ കൂടെയായിരിക്കണം തയ്യാറാക്കേണ്ടത്. എന്നാൽ അയൽക്കൂട്ടങ്ങളും ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റി (എഡിഎസ്) കളും ഗുണഭോക്താക്കളുടെ പട്ടിക	അയൽക്കൂട്ട തലത്തിൽ നിന്നും ഗുണഭോക്താക്കളുടെ പട്ടിക എ.ഡി.എസ് സ്വീകരിച്ച് സി.ഡി.എസ്സ് ൽ എത്തിക്കുന്നു നഗരസഭയിലെ എല്ലാ എൻ.എച്ച്.ജി കളിൽ നിന്നും സ്വീകരിക്കുന്ന അപേക്ഷകൾ സി.ഡി.എസ്സ് ൽ ക്രോഡീകരിക്കുന്നു. താഴെ ഘടകത്തിൽ നിന്നും അപേക്ഷകൾ പരിഗണിക്കുന്നതിനാൽ അർഹരായ ഗുണഭോക്താക്കൾ യാതൊരു കാരണവശാലും ഒഴിവാക്കപ്പെടുന്നില്ല. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ

		തയ്യാറാക്കിയത് ബന്ധപ്പെട്ട വാർഡ് സമിതി/ വാർഡ് സഭയിലൂടെയല്ലായിരുന്നുവെന്ന് ഓഡിറ്റ് കണ്ടെത്തി. അതിനാൽ, സിഡിഎസ് അന്തിമമായി തയ്യാറാക്കിയ പട്ടികയിൽ ഈ പദ്ധതിയുടെ കീഴിൽ വരാത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയതിനോ അർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കിയതിനോ ഉള്ള സാധ്യതയുണ്ട്.	നിന്നും ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു. കൂടാതെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ചോ, ആനുകൂല്യം ലഭ്യമാകാത്തത് സംബന്ധിച്ചോ, അനർഹരായവർ ആനുകൂല്യം കൈപ്പറ്റിയതു സംബന്ധിച്ചോ പരാതികളൊന്നും നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.
4	4.3.4	**<u>എസ്.ജെ.എസ്.ആർ വൈയുടെ വിവിധ ഘടകങ്ങളുടെ നടപ്പാക്കൽ</u>** എസ്.ജെഎസ്ആർവൈയുടെ കീഴിലെ നാല് പ്രധാന ഘടകങ്ങളിൽ ഒരു ഘടകം (യുഡബ്ല്യുഇപി) നടപ്പാക്കിയില്ല. 2008-09 മുതൽ 2012-13 വരെയുള്ള കാലയളവിൽ ബാക്കി മൂന്നു ഘടകങ്ങൾക്ക് ഭാരത സർക്കാർ നിശ്ചയിച്ച ഭൗതിക ലക്ഷ്യവും അതിനെതിരെ കൈവരിച്ച പുരോഗതിയും പട്ടിക 4.1 കൊടുത്തിരിക്കുന്നു.	ഉയർന്ന പലിശ നിരക്കിലുള്ള വായ്പ ബാധ്യത ഏറ്റെടുക്കാൻ ഗുണഭോക്താക്കൾ കാണിച്ച വിമുഖത, സ്വയംതൊഴിൽ സംരംഭങ്ങളിലെ ലാഭം സംബന്ധിച്ച അനിശ്ചിതത്വം തുടങ്ങിയവയാണ് പദ്ധതി ഘടക നടത്തിപ്പിന് പ്രാരംഭത്തിൽ തടസ്സം വന്നിട്ടുണ്ട്. എസ്.ജെ.എസ്.ആർ.വൈ പദ്ധതി നടത്തിപ്പിൽ വാർഷിക ഏറ്റക്കുറവുകൾ വന്നിട്ടുണ്ടെങ്കിലും ഓരോ ഘടകത്തിന്റേയും ടാർഗറ്റ് പ്രകാരമുള്ള അന്തിമ ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. ഉയർന്ന പലിശ നിരക്ക് സംബന്ധിച്ച വിഷയം അഭിമുഖീകരിക്കുന്നതിനായി എസ്.ജെ.എസ്.ആർ.വൈ പദ്ധതിയെ തുടർന്നുവന്ന എൻ.യു.എൽഎം പദ്ധതിയിൽ ബാങ്കുകളുടെ 7% ത്തിലധികം വരുന്ന പലിശ തുക സബ്സിഡിയായി അനുവദിക്കുന്നു. കൂടാതെ മുടക്കമില്ലാതെ തിരിച്ചടവ് നടത്തുന്ന വനിത സംഘങ്ങളുടെ വായ്പകൾക്ക് 3% പലിശ തുകയുടെ അധിക സബ്സിഡിയും അനുവദിക്കുന്നു.

		85 ശതമാനമുണ്ടായിരുന്ന 2012-13-ൽ ഒഴികെ യുഡബ്ല്യുഎസ്പിയുടെ നടപ്പാക്കൽ തൃപ്തികരമായിരുന്നു. ആദ്യവർഷത്തെ 119 ശതമാനം എന്ന ഉയർന്ന നേട്ടത്തിനു ശേഷം പുരോഗതി കുറഞ്ഞത് 2011-12-ൽ 57 ശതമാനമായ സ്റ്റെപ്പ് അപ്പ്-ന്റെ നേട്ടം ക്രമകരമായിരുന്നില്ല. ഉയർന്ന പലിശ നിരക്കിലുള്ള വായ്പാ ബാധ്യത ഏറ്റെടുക്കാൻ ഗുണഭോക്താക്കൾ കാണിച്ച വിമുഖത, വായ്പ കിട്ടുന്നതിലെ നടപടിക്രമത്തിലെ കാലതാമസം, സ്വയംതൊഴിൽ സംരംഭങ്ങളിലെ ലാഭം സംബന്ധിച്ച് അനിശ്ചിതത്വം. യുഡബ്ല്യുഎസ്പി സംഘങ്ങളിലെ അംഗങ്ങൾക്കിടയിലുണ്ടായ സ്വരച്ചേർച്ചയില്ലായ്മ എന്നിവയാണ് ഈ ഘടകങ്ങളുടെ നടപ്പാക്കലിലെ കുറഞ്ഞ പുരോഗതിയ്ക്ക കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. എസ്ജെഎസ്ആർവൈയുടെ കീഴിലെ ഘടകങ്ങളുടെ നടപ്പാക്കലിൽ ഓഡിറ്റ് കണ്ടെത്തിയ മറ്റ് പാളിച്ചകൾ താഴെ പറയുന്നവയാണ്.	ഇത്തരത്തിൽ സംരംഭകർക്ക് നിലവിൽ 4% പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നു.
5	4.3.4.1	**<u>വേണ്ടത്ര പിൻതുടർച്ചയുടെ കുറവു കാരണം യൂണിറ്റുകൾ അടച്ചുപൂട്ടിയത്</u>** കമ്മ്യൂണിറ്റി തലത്തിൽ ഒരു കമ്മ്യൂണിറ്റി ഓർഗനൈസറെ (സിഒ) നിയമിക്കാൻ പദ്ധതി	കമ്മ്യൂണിറ്റി തലത്തിൽ പദ്ധതി നടത്തിപ്പ് ഫലപ്രദമാക്കാനും മോണിറ്ററിംഗ് നടത്തുന്നതിനുമായി കുടുംബശ്രീ സി.ഡി.എസ്സ് കമ്മിറ്റിയിലെ ഉപസമിതി കൺവീനർമാരെയാണ് കമ്മ്യൂണിറ്റി ഓർഗനൈസർമാരായി നിയോഗിച്ചത് . സംരംഭങ്ങളുടെ പ്രവർത്തന വിലയിരുത്തൽ, വിപണന

		നടത്തിപ്പിനെ സംബന്ധിച്ച് ഭാരത സർക്കാരിന്റെ മാർഗ്ഗരേഖയിൽ വിഭാവനം ചെയ്തിരിക്കുന്നു. പദ്ധതി നടപ്പാക്കൽ സംവിധാനവും (അതായത്, നഗര തദ്ദേശ സ്ഥാപനത്തിന്റെ തലത്തിൽ നഗര ദാരിദ്ര്യ ലഘൂകരണ സെൽ), നഗരത്തിലെ പാവപ്പെട്ട ജനങ്ങളും (സിഡിഎസിലൂടെ പ്രതിധാനം ചെയ്യുന്നത്) തമ്മിൽ ഒരു ബന്ധം സ്ഥാപിക്കുന്നത് സിഒ മാർ ആയതിനാൽ അവരുടെ പ്രകടനത്തെ ആശ്രയിച്ചാണ് പദ്ധതിയുടെ വിജയം നിലകൊള്ളുന്നത്. സാമ്പത്തിക സഹായം ലഭിച്ച ഗുണഭോക്താക്കളെ അവരുടെ സ്വയം തൊഴിൽ സംരംഭങ്ങളുടെ പുരോഗതിയും വായ്പയുടെ തിരിച്ചടവും നിരീക്ഷിക്കുക, പതിവായി തുടർ നടപടി സ്വീകരിക്കുക മുതലായവ സിഒയുടെ ഉത്തരവാദിത്വങ്ങളിൽപ്പെടുന്നു. 2013 മാർച്ച് 31 വരെ സ്ഥാപിച്ച 1504 യൂണിറ്റുകളിൽ 918 യൂണിറ്റുകൾ അടച്ചുപൂട്ടിയതായി ഓഡിറ്റിൽ കണ്ടെത്തി. തുടർച്ചയായി അനന്തര നടപടികൾ എടുക്കാനുള്ള സിഡിഎസിന്റെ ഉചിതമായ സംവിധാനത്തിന്റെ അഭാവം യൂണിറ്റുകൾ അടച്ചുപൂട്ടാനുള്ള കാരണങ്ങളിലൊന്നാണ് സംരംഭങ്ങൾ നടത്തുന്നതിലെ വൈദഗ്ധ്യത്തിന്റെ അഭാവം സംഘാംഗങ്ങൾ തമ്മിലുള്ള അഭിപ്രായ വിത്യാസം തുടങ്ങിയവയാണ് യൂണിറ്റുകൾ നിന്നു പോകാനുള്ള കാരണങ്ങളായി കുടുംബശ്രീ പറഞ്ഞത് (2013 ഡിസംബർ). സിഡിഎസുകൾക്ക് വേണ്ടിയുള്ള കർമ്മ	സൗകര്യങ്ങളൊരുക്കൽ, വായ്പ തിരിച്ചടവ് ഉറപ്പവരുത്തൽ എന്നിവ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ ഉത്തരവാദിത്തമായിരുന്നു. എന്നാൽ സംരംഭ നടത്തിപ്പിലുള്ള സംരംഭകരുടെ പരിജ്ഞാനക്കുറവ്, സംരംഭകർ തമ്മിലുള്ള അഭിപ്രായ വ്യത്യാസം, കുറഞ്ഞ ഉൽപ്പാദനക്ഷമത എന്നിവയെല്ലാം സംരംഭങ്ങൾ നിലച്ചുപോകുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ സി.ഒ മാരുടെ പരിമിതമായ വൈദഗ്ധ്യം കാരണം സംരംഭങ്ങളുടെ പ്രവർത്തനം വിലയിരുത്തി സമയോചിതമായി ആവശ്യമായ പിന്തുണ ലഭ്യമാക്കുന്നതിന് പൂർണ്ണമായി സാധ്യമായില്ല. ടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നഗരസഭാ തലത്തിൽ സൂക്ഷ്മസംരംഭ കൺസൾട്ടന്റ്മാരുടെ സേവനം മിഷൻ കൊണ്ടുവന്നിട്ടുണ്ട്. 2010 മുതൽ ഇത്തരം കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

		പദ്ധതികൾ തയ്യാറാക്കുക, സമൂഹത്തെ സജ്ജമാക്കുക, തുടങ്ങിയ മറ്റുപ്രവർത്തനങ്ങൾ സിഒ മാർക്ക് നടത്തേണ്ടിയിരുന്നതിനാൽ അവർക്ക് സംരംഭങ്ങളെ തുടർച്ചയായി പിന്തുണക്കാൻ കഴിഞ്ഞില്ലെന്ന് കുടുംബശ്രീ സംസ്ഥാന മിഷൻ പ്രസ്താവിച്ചു.	
6	4.3.4.2	**<u>സൂക്ഷ്മ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കാത്തത്</u>** ഭാരത സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളുവനുസരിച്ച് എസ് ജെഎസ് ആർവൈയുടെ കീഴിൽ 80 ലക്ഷത്തിൽ കവിയാത്ത സാമ്പത്തിക സഹായത്തോടെ നോഡൽ ഏജൻസിയായ കുടുംബശ്രീ സൂക്ഷ്മ വ്യവസായ കേന്ദ്രങ്ങൾ (എംബിസികൾ) സ്ഥാപിക്കേണ്ടതാണ്. സ്വന്തമായി ചെറുവ്യവസായങ്ങൾ അല്ലെങ്കിൽ നിർമ്മാണ യൂണിറ്റുകൾ തുടങ്ങുന്നതിലൂടെ സ്വയം തൊഴിൽ ആഗ്രഹിക്കുന്ന നഗരത്തിലെ പാവപ്പെട്ടവർക്ക് ഉത്പന്നങ്ങൾ വിപണനം നടത്താനും സൂക്ഷ്മസംരംഭങ്ങൾ തുടങ്ങാനും സാങ്കേതികത, വിപണനം, ഉപദേശം എന്നീ തലങ്ങളിൽ സഹായം നൽകാനുമുള്ള ധർമ്മം, എംബസികളാണ് നിർവ്വഹിക്കേണ്ടത്. എംബസികൾ സ്ഥാപിക്കാൻ വേണ്ട ഒരു ശ്രമവും കുടുംബശ്രീ തുടങ്ങിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നതിൽ നഗര തദ്ദേശ സ്ഥാപനങ്ങൾ കാണിച്ച ഉദാസീനതയാണ് സൂക്ഷ്മ	എസ്.ജെ.എസ്.ആർ.വൈ പദ്ധതിയുടെ TMOS ഘടക പ്രകാരം MBC രൂപീകരണം പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ നഗരസഭാ പരിധിയിലും സി.ഡി.എസ്സിന്റെ നേതൃത്വത്തിൽ MBC ആരംഭിക്കുന്നതിനും ഇതിന്റെ പ്രവർത്തനം സംബന്ധിച്ച ഉത്തരവ് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവ് നമ്പർ KS/F/836/2011 തീയതി 15.03.2014) ആയതിൻ പ്രകാരം MBC കൾ ആരംഭിച്ചിരുന്നു. എന്നാൽ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി 2007 മുതൽ തന്നെ കുടുംബശ്രീ മിഷൻ മാസച്ചന്തകൾ, ആഴ്ച ചന്തകൾ, ഉൽസവ മേളകൾ എന്നിവ സി.ഡി.എസ്സുകളുടെ ആഭിമുഖ്യത്തിൽ നടത്തിവരുകയും ഇതിലേക്ക് സംരംഭകരെ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാന സൗകര്യം നൽകുന്നതിന് നഗരസഭ ഇത്തരം ജില്ലാ തല ചന്തകളുടെ ആസൂത്രണ ചുമതല നഗര സി.ഡി.എസ്സുകൾക്കാണ് നൽകിവരുന്നത്.

		വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കാതിരുന്നതിന്റെ കാരണമായി കുടുംബശ്രീ പറഞ്ഞത്.	
7	4.3.4.3	**തിരിച്ചടവിന്റെ അധികഭാരം** യുഡബ്ല്യുഎസ്പിയുടെ കീഴിൽ ചേർത്തല മുനിസിപ്പാലിറ്റി ഏകീകൃത ആടുവളർത്തൽ എന്ന ഒരു പദ്ധതി 20 ലക്ഷം ചെലവിൽ രൂപീകരിച്ചു. (2008-09) അഞ്ച് അംഗങ്ങൾ വീതമുള്ള 14 പ്രവർത്തക സംഘങ്ങൾ ഈ പദ്ധതിയ്ക്കു വേണ്ടി രൂപീകരിച്ചു മാർഗ്ഗനിർദ്ദേശങ്ങളനുസിരിച്ച് ഗുണഭോക്തൃ സംഘങ്ങൾ നേരിട്ട് ബാങ്കിൽ നിന്നുംവായ്പയെടുക്കണമായിരുന്നെങ്കിലും സിഡിഎസ് ചേർത്തല തെറ്റായ മാർഗ്ഗം അവലംബിച്ച് ബാങ്കിൽനിന്നും നേരിട്ട് വായ്പയെടുത്തു. തൽഫലമായി 2013 ജൂൺ 12 ന് സിഡിഎസിന്റെ വായ്പാ അക്കൗണ്ടിൽ 6.57 ലക്ഷം തിരിച്ചടയ്ക്കാനുണ്ടായിരുന്നു. ജില്ലാമിഷൻ കോ-ഓർഡിനേറ്ററുമായുള്ള ഗുണഭോക്താക്കളുടെ യോഗത്തിൽ (2013 ജൂൺ) വായ്പാബാധ്യതയായ 6.57 ലക്ഷം ഗുണഭോക്താക്കൾക്കിടയിൽ വീതിയ്ക്കാൻ തീരുമാനമായി. ഈ വിഷയത്തിലെ പിന്നീടുണ്ടായ പുരോഗതി ലഭ്യമായിട്ടില്ല (2014 മേയ്).	ചേർത്തല നഗരസഭ സി.ഡി.എസ്സ് 25.06.2009 - ൽ ജില്ലാ സഹകരണ ബാങ്ക് (കേരള ബാങ്ക്) ചേർത്തല ശാഖയിൽ സമഗ്ര ആട് വളർത്തൽ പദ്ധതിക്കായി 15,66,600/- രൂപ വായ്പ എടുത്തിരുന്നു. ടി വായ്പ തിരിച്ചടവിനായി 2019 നവംബർ 11 ന് ഗുണഭോക്താക്കളുടെ യോഗം നഗരസഭാ ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. ടീ മീറ്റിംഗിന്റെ തീരുമാന പ്രകാരം 2019 ഡിസംബർ 31 നകം 70 ഗുണഭോക്താക്കളും ഉക തിരിച്ചർക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് നഗരസഭയിൽ നിന്നും കത്ത് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ ഉക തിരിച്ചടക്കാത്ത പക്ഷം ടി കക്ഷികളുടെ വ്യക്തിപരമായ ബാധ്യതയാക്കി ബാങ്ക് നിയമ നടപടി സ്വീകരിക്കണമെന്ന് ബാങ്കിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയത് പ്രകാരം 14 ഗുണഭോക്താക്കൾ വായ്പ അടച്ച് തീർത്തിട്ടുണ്ട്. ബാക്കി 5,22,602/- രൂപയും പലിശയും അടക്കാനുണ്ട്. ടി ഉക ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കുന്നതിന് ബാങ്ക് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നഗരസഭാ സെക്രട്ടറി ബാങ്കിനോട് രേഖാമൂലം ആവശ്യപ്പെട്ടതായി നഗരസഭ അറിയിച്ചിട്ടുണ്ട്.
8	4.3.4.4	**ബാങ്കുകളിൽ നിന്നും വായ്പയെടുക്കൽ**	കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ നൽകുന്ന സഹായ

		യു.എസ്.ഇ.പി/യു.ഡബ്ളുഎസ്.പിയുടെ കീഴിൽ തെരഞ്ഞെടുത്ത 7559 ഗുണഭോക്താക്കളിൽ നിന്നും 5405 ഗുണഭോക്താക്കളുടെ വായ്പാ അപേക്ഷകൾ വായ്പാ ലഭ്യമാക്കുന്നതിനായി ബാങ്കുകളിലേയ്ക്ക് അയച്ചിരുന്നു. ഇതിൽ 3990 ഗുണഭോക്താക്കൾക്ക് 33.24 കോടിയുടെ വായ്പ അനുവദിച്ചു. 1389 ഗുണഭോക്താക്കളെ തിരസ്കരിച്ച് ബാക്കി 26 എണ്ണം പരിഗണനയിലാണ്. ആർ.ബി.ഐയുടെ നിർദ്ദേശങ്ങൾ ബാങ്കുകൾ പാലിക്കുന്നില്ലെന്നാണ് വായ്പകൾ പരിശോധിച്ചതിൽ വെളിവായത്. വായ്പ ലഭ്യമാക്കിയതിന്റെ തൊട്ടടുത്ത മാസം തന്നെ തിരിച്ചടവ് തുടങ്ങിയത് (തുടക്കത്തിൽ ആറ് മുതൽ 18 മാസങ്ങൾ വരെയുള്ള നിയമാനുസൃതമായ കാലാവധി അനുവദിക്കാത്തത്). സഹായധനം സബ്സിഡി റിസർവ്വ് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിക്കാതെ ബാങ്കുകൾക്ക് നൽകിയപ്പോൾ തന്നെ വായ്പാ തുകയിൽ നിന്നും കുറവ് ചെയ്തത്, വിതരണം ചെയ്യാത്ത സഹായധനം തിരിച്ചടയ്ക്കാത്തത് എന്നിവ വ്യതിയാനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനെ ബാധിക്കുന്ന പ്രധാന തടസ്സമായ ബാങ്ക് വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിൽ എസ്.എൽ.എൻ.എ എന്ന നിലയ്ക്ക് കുടുംബശ്രീയ്ക്ക്	പദ്ധതികളിൽ ബാങ്കുകൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്നുണ്ടെങ്കിലും ബാങ്കുകൾ അവരുടെ പൊതു മാനദണ്ഡങ്ങൾ പാലിച്ചുമാത്രമേ വായ്പ അനുവദിക്കാറുള്ളു. സംരംഭകരുടെ നിലവിലുള്ള വായ്പ, തിരിച്ചടവ്, സിബിൽ സ്കോർ തുടങ്ങിയവ പരിശോധിച്ചും, പദ്ധതിയുടെ വിജയസാധ്യത ബാങ്കുകൾക്ക് ബോധ്യപ്പെടുന്ന മുറയ്ക്കും മാത്രമേ ബാങ്കുകൾ വായ്പ അനുവദിക്കുകയുള്ളൂ. പദ്ധതി മാർഗ്ഗ നിർദ്ദേശം, ടാർഗറ്റ്, ബാങ്കുകളുമായികേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ നൽകുന്ന സഹായ പദ്ധതികളിൽ ബാങ്കുകൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ വ്യക്തമായി പ്രതിപാദിക്കുന്നുണ്ടെങ്കിലും ബാങ്കുകൾ അവരുടെ പൊതു മാനദണ്ഡങ്ങൾ പാലിച്ചുമാത്രമേ വായ്പ ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ കുടുംബശ്രീ മിഷൻ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലും ജില്ലാതലത്തിൽ ജില്ലാ ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിലും അജണ്ട വയ്ക്കുകയും ബാങ്കുകളുടെ ശ്രദ്ധയിൽ കൊണ്ടുവരാറുമുണ്ട്. എസ്.ജെ.എസ്.ആർ.വൈ പദ്ധതിയിൽ ക്യാപിറ്റൽ സബ്സിഡി സംവിധാനമാണ് നിലവിലുണ്ടായിരുന്നത്. ആയതിൻപ്രകാരം പദ്ധതി തുക, വായ്പ, സബ്സിഡി, ഗുണഭോക്തൃ വിഹിതം എന്നിവ ചേർത്താണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി ലോൺ അക്കൗണ്ടിലേക്ക് നൽകിയിരുന്നത്.

		ഉത്തരവാദിത്വമുണ്ടായിരുന്നു. ബാങ്കുകളുമായി ഫലപ്രദമായ ചർച്ചകളും പരിഹാര മാഗ്ഗങ്ങളുമായി കുടുംബശ്രീ യഥാസമയം ഇടപ്പെട്ടിരുന്നുവെങ്കിൽ അവസ്ഥ മെച്ചമാകുമായിരുന്നു	സംരംഭകരിൽ നിന്നും പരാതി ലഭ്യമാകുന്ന മുറയ്ക്ക് മിഷൻ അടിയന്തിരമായി നടപടി സ്വീകരിച്ചിരുന്നു. കൂടാതെ സബ്സിഡി ഇക ലോൺ തിരിച്ചടവിലേക്ക് പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി സബ്സിഡി ഇക(നിലവിലുള്ള പദ്ധതികളിൽ) സേവിംഗ്സ് അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള തീരുമാനം മിഷൻ കൈക്കൊണ്ടിരുന്നു. നിലവിൽ പലിശ സബ്സിഡി മാനദണ്ഡപ്രകാരം വായ്പാ തിരിച്ചടവിന് ആനുപാതികമായി സബ്സിഡി ഇക ലോൺ അക്കൗണ്ടിലേക്ക് ലഭ്യമാക്കുന്നു. ആയതിനാൽ ബാങ്കുകളുമായി നിരന്തരം ബന്ധപ്പെടുകയും ആവശ്യമായ ഇടപെടലുകൾ നടത്താറുമുണ്ട്.
9	4.3.5	**<u>നൈപുണ്യവികസന പരിപാടി</u>** യു.എസ്.ഇ.പി യുടെയും യു.ഡബ്ളുഎസ് പിയുടെയും കീഴിൽ സംരംഭക സഹായം ലഭ്യമാക്കുന്ന സമർത്ഥരായ ഗുണഭോക്താക്കൾക്ക് വിജയകരമായ സൂക്ഷ്മ സംരംഭകത്വത്തിനാവശ്യമായ അഭിരുചി, അറിവ്, പ്രാവിണ്യം എന്നിവയുണ്ടെന്നുറപ്പുവരുത്തേണ്ടത് എസ് ജെ.എസ്.ആർ.വൈ യുടെ സ്റ്റെപ് അപ് ഘടകമാണ്. അഞ്ച് ദിവസത്തെ ഓറിയന്റേഷൻ പരിപാടികളെ (പൊതു ഓറിയന്റേഷൻ പരിശീലനം (ജിഒടി) സംരംഭക വികാസ പരിപാടി (ഇഡിപി) തുടർന്ന് ഭക്ഷണം	ദാരിദ്ര നിർമ്മാർജ്ജനത്തിനുള്ള പ്രധാന ഉപാധിയായി ഉപജീവന വികസന പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷൻ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്. കുടുംബശ്രീ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീ മിഷൻ പൊതു മാനദണ്ഡം പാലിക്കുന്നുണ്ട്. ഗുണഭോക്താക്കളാകാൻ താൽപര്യപ്പെടുന്ന വ്യക്തികളെ കണ്ടെത്തുന്നതിന് പൊതു അവബോധ പരിപാടി സി.ഡി.എസ്സ് തലത്തിലും തുടർന്ന് സംരംഭകത്വത്തിലേക്ക് പോകുന്ന വ്യക്തികൾക്ക് സംരംഭകത്വ വികസന പരിശീലനം, തൊഴിൽ വൈദഗ്ധ്യ പരിശീലനം എന്നിവ നൽകി വരുന്നു.

		തയ്യാറാക്കി വിതരണം, തയ്യൽ, മരപ്പണി, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങിയവയിൽ ആറുമാസത്തേയ്ക്കുള്ള കൂടുതൽ നിശ്ചിത പ്രാവിണ്യം പരിശീലനം എന്നിവയാണ് സ്റ്റെപ്പ് അപ്പീൽ ഉൾപ്പെട്ടിരുന്നത്. സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നത് പ്രോത്സാഹിപ്പിക്കുകയെന്നതാണ് എസ്.ജെ.എസ്.ആർ.വൈയുടെ ആത്യന്തിക ലക്ഷ്യം. ഈ പരിപാടിയുടെ ഫലം, ഗുണഭോക്താക്കൾ തുടങ്ങിയ യൂണിറ്റുകളുടെ എണ്ണവും അവയുടെ നിലനിൽപ്പിനെയുമാണ് ആശ്രയിച്ചിരിക്കുന്നത്. ആദ്യ ദിവസങ്ങളിൽ ഓറിയന്റേഷൻ പരിപാടിയ്ക്ക് ഹാജരായ ഗുണഭോക്താക്കളിൽ നിന്നും നല്ല പ്രതികരണം ലഭിച്ചുവെങ്കിലും പരിശീലനം കൂടുതൽ കാഠിന്യവും നൈപുണ്യ നിബന്ധവുമായപ്പോൾ ഗുണഭോക്താക്കളുടെ എണ്ണം പൊടുന്നനെ കുറഞ്ഞതായി ഓഡിറ്റ് നിരീക്ഷിച്ചു. ലഘുവായ ഓറിയന്റേഷൻ പരിപാടിയിൽ ഹാജരായ ഗുണഭോക്താക്കൾ തുടങ്ങിയ സംരംഭങ്ങൾ വളരെ കുറവാണെന്നും (ശരാശരി 6.77 ശതമാനം) നൈപുണ്യപരിശീലനം നേടിയവർ സംരംഭം തുടങ്ങാൻ കൂടുതൽ തല്പരരായതായും തെരഞ്ഞെടുത്ത യുഎൽബികളുടെ സൂക്ഷ്മപരിശോധനയിലൂടെ ഓഡിറ്റ് കണ്ടെത്തി. യൂണിറ്റുകളുടെ സാമ്പത്തികമായ നിലനിൽപ്പിനെക്കുറിച്ചുള്ള ഗുണഭോക്താക്കളുടെ മനസ്സിലെ ഉറപ്പില്ലായ്മ,	പരിശീലനത്തിൽ പങ്കെടുക്കുന്ന വ്യക്തികൾക്ക് ലഭ്യമാക്കുന്ന പരിശീലനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംരംഭകത്വ വികസന പരിശീലനം, വൈദഗ്ധ്യ പരിശീലനം എന്നിവയ്ക്ക് പൊതു മാർഗ്ഗനിർദ്ദേശം വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി പരിശീലനങ്ങൾ നടത്തുന്നതിന് പരിശീലനം ലഭ്യമാക്കിയ എം.ഇ.സി, ടെയിനിംഗ് ഗ്രൂപ്പുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള സമീപനം താൽപര്യമുള്ള സംരംഭകരെ കണ്ടെത്തുന്നതിനും സംരംഭം ആരംഭിക്കുന്നതിനും തുടർന്നുകൊണ്ടുപോകുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിൽ കുടുംബശ്രീ എം പാനൽ ചെയ്ത ഏജൻസികൾ മുഖേന മാത്രമാണ് നൈപുണ്യ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. വേതനാധിഷ്ഠിത തൊഴിലിനും സ്വയംതൊഴിലിനും കുടുംബശ്രീ മിഷൻ അംഗീകരിച്ച പരിശീലന ഏജൻസികൾ മാത്രമാണുള്ളത്.

		നൈപുണ്യപരിശീലന ഏജൻസികളെ തെരഞ്ഞെടുക്കാതിരിക്കൽ, പരിശീലന കാലയളവിൽ ബിപിഎൽ ഗുണഭോക്താക്കൾക്കുണ്ടാകുന്ന വേതന നഷ്ടം തുടങ്ങിയവയാണ് പങ്കെടുത്തവരുടെ എണ്ണത്തിലെ ഗണ്യമായ കൊഴിഞ്ഞുപോകലിനു കാരണം. ജിഒടിയിലൂടെ, സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രക്രിയകളെയും ഉണ്ടാകാവുന്ന പ്രശ്നങ്ങളെയും കുറിച്ച് ഗുണഭോക്താക്കൾക്ക് ഒരു വ്യക്തമായ അറിവ് ലഭിക്കുമെന്നും അങ്ങനെ യഥാർത്ഥ താല്പര്യമുള്ള വ്യക്തികൾ മാത്രമേ ഇഡിപിയ്ക്കും തദ്വാര നൈപുണ്യവികസന പരിപാടികൾക്കുമായി വരികയുള്ളുവെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്താവിച്ച (2013 ഡിസംബർ) വർദ്ധിച്ച കൊഴിഞ്ഞുപോകൽ പ്രശ്നം പരിഹരിക്കുന്നതിനായി തൊഴിലധിഷ്ഠിത പരിശീലനത്തിന് നാല് പ്രമുഖ പരിശീലന ഏജൻസികളുമായി 2013-14 കാലയളവിൽ കുടുംബശ്രീ ധാരണാപത്രത്തിൽ ഏർപ്പെട്ടതായും എക്സിക്യൂട്ടീവ് ഡയറക്ടർ കൂട്ടിച്ചേർത്തു.	
10	4.3.6	**<u>അർബൻ വേജ് എംപ്ലോയ്മെന്റ് പ്രോഗ്രാം നടപ്പാക്കാത്തത്</u>**	2022 ഏപ്രിൽ മാസം മുതൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം നഗരകാര്യ വകുപ്പിന് കൈമാറിക്കൊണ്ട് 29.03.2012 ൽ

		അവിദഗ്ധ ബിപിഎൽ ഗ്രണഭോക്താക്കളുടെ കർമ്മശേഷി ഉപയോഗിച്ച് സാമൂഹ്യവും സാമ്പത്തികവുമായ ഉപയോഗപ്രദമായ പൊതുമുതലുകൾ സൃഷ്ടിക്കുകയും അങ്ങനെ അവർക്ക് വേതനത്തിനായി തൊഴിൽ പ്രദാനം ചെയ്യുക എന്നതുമായിരുന്നു യുഡബ്ല്യുഇപി യുടെ ലക്ഷ്യം. എസ്.ജെഎസ്ആർവൈയുടെ മൊത്തം തുകയുടെ 18 ശതമാനം ഇതിന്റെ നടത്തിപ്പിനായി മാറ്റിവച്ചിരിക്കുന്നു. സംസ്ഥാന സർക്കാർ സഹായത്തോടെയുള്ള പദ്ധതിയായ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി (എയുഇജിഎസ്) യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് എംജിഎൻ ആർഇജിഎസ് മിഷനിലൂടെ ഈ ഘടകം നടപ്പാക്കാനാണ് ആദ്യം തീരുമാനിച്ചത്(2011 മേയ്). യുഡബ്ല്യുഇപി എംജിഎൻആർഇജിഎസ് മിഷനിലൂടെ നടപ്പാക്കാത്തതിനാൽ സർക്കാർ നയം മാറ്റി നഗരകാര്യ ഡയറക്ടറിലൂടെ (ഡിയുഎ) എയുഇജിഎസിന്റെ ഭാഗമായി നടപ്പാക്കാൻ തീരുമാനിച്ചു (2012 മേയ്). എന്നാൽ ഡിയുഎ 2013 നവംബറിൽ മാത്രമേ യുഡബ്ല്യുഇപി നടപ്പാക്കാനാരംഭിച്ചുള്ളു. ഏജൻസികളെ നിശ്ചയിക്കുന്നതിൽ ഇടയ്ക്കിടെയുള്ള നയവ്യതിയാനങ്ങൾ കാരണം യുഡബ്ല്യുഇപി നടപ്പാക്കാൻ കാലതാമസം നേരിട്ടു.	സ.ഉ(കൈ)നം.80/2012/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദമായ മാർഗ്ഗരേഖ 18/07/2013 ലെ സ.ഉ(കൈ) നം.1900/2013/തസ്വഭവ പ്രകാരമാണ് പുറപ്പെടുവിച്ചത്. ആയതിനാൽ പദ്ധതി നടത്തിപ്പിൽ ചെറിയ കാലതാമസം വന്നിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചു വർഷങ്ങളായി പദ്ധതി നടത്തിപ്പിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2015-16 ൽ സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തിയത് 2022-23 സാമ്പത്തിക വർഷമായപ്പോൾ 125 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിൽ ദിനങ്ങളുടെ എണ്ണം 2014-15 സാമ്പത്തിക വർഷം 375000 ആയിരുന്നത് 2021-22 സാമ്പത്തിക വർഷത്തിൽ 46 ലക്ഷമായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.
11	4.3.7	**<u>ഫണ്ടിന്റെ വിനിയോഗം</u>** ഓഡിറ്റ് താഴെപ്പറയുന്നവ നിരീക്ഷിച്ചു	ആക്ഷൻ പ്ലാൻ പ്രകാരം ഏറ്റെടുത്ത പദ്ധതികൾ കുടുംബശ്രീ തൻവർഷം തന്നെ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ അനുവദിച്ച അധിക ധനസഹായം സാമ്പത്തിക

		• 2008-09 മുതൽ 2012-13 വരെ ആകെ 94.37 കോടി എസ്.ജെ.എസ്.ആർ.വൈയിൽ ലഭ്യമായിരുന്നെങ്കിലും 72.89 കോടിയുടെ (77 ശതമാനം) ചെലവ് മാത്രമേ ഉണ്ടായുള്ളു. • 2011-12 വരെ ഭാരതസർക്കാരിന് കുടുംബശ്രീ നൽകിയ വിനിയോഗ രേഖയിൽ ചെലവിനെ പെരുപ്പിച്ചു കാണിച്ചു. 2008-09 മുതൽ 2010-11 വരെ ലഭിച്ച ഇകയുടെ സിംഹഭാഗവും സംസ്ഥാന മിഷൻ ഓഫീസിന്റെ പദ്ധതി അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്നുവെങ്കിലും മുഴുവൻ ഇകയും ചെലവാക്കിയതായി കാണിച്ചു. സംസ്ഥാന മിഷൻ ഓഫീസ്, നഗര തദ്ദേശ സ്ഥാപനങ്ങൾ, സിഡിഎസുകൾ എന്നിവയിൽ സൂക്ഷിച്ചിരുന്ന മിച്ചം ഫണ്ട് ചെലവായതായി വിനിയോഗ രേഖയിൽ കാണിച്ചു. • ഓഡിറ്റിനു നൽകിയ രേഖകളനുസരിച്ച് 2012 മാർച്ച് 31- ന് കുടുംബശ്രീയുടെ കാഷ് ബാലൻസ് 74 ലക്ഷം ആയിരുന്നു. ഓഡിറ്റ് കണ്ടെത്തിയ യഥാർത്ഥ കാഷ് ബാലൻസ് 31.95 കോടിയാണ്. എന്നാൽ 2011-12 വർഷത്തെ വിനിയോഗരേഖയിൽ അന്തിമ കാഷ് ബാലൻസ് പൂജ്യം ആയി	വർഷാവസാനത്തിൽ ലഭിച്ചതിനാലാണ് കണക്ക് പ്രകാരം ചെലവ് 77% മായി നിലകൊണ്ടത്. • നഗരസഭകളുടെ/സിഡിഎസ്സ്/ ഡി.എം.സി കളിൽ നിന്ന് ലഭ്യമാകുന്ന ഡിമാന്റിന് അനുസരിച്ചുള്ള ഇകയാണ് സംസ്ഥാനമിഷനിൽ നിന്ന് അനുവദിക്കുന്നത്. ഡിമാൻഡിന് അനുസരിച്ചുള്ള ഇക അനുവദിക്കുന്നതിനാലാണ് ടി ഇക ചെലവിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എസ്.ജെ.എസ്.ആർ.വൈ പദ്ധതിയുടെ നീക്കിയിരുപ്പായി നഗരസഭകളിൽ/ സി.ഡി.എസ്സുകളിൽ /ഡി.എം.സികളിൽ വന്ന ഇക കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം) പദ്ധതിയുടെ നിർവ്വഹണത്തിനായി പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ Phase-I ലെ 14 നഗരസഭകളിൽ നിലനിന്നിരുന്ന എസ്.ജെ.എസ്.ആർ.വൈ പദ്ധതി നീക്കിയിരിപ്പ് ഇക എൻ.യു,എൽ.എം പദ്ധതിക്കായി വിനിയോഗിക്കുകയും ബാക്കിയുള്ള phase II ലെ നഗരസഭകളിലും ജില്ലാ മിഷനിലും നിലനിന്നിരുന്ന എസ്.ജെ.എസ്.ആർ.വൈ ഇക സംസ്ഥാന മിഷൻ എസ്.ജെ.എസ്.ആർ..വൈ അക്കൗണ്ടിൽ തിരികെ ലഭ്യമാക്കിയിട്ടുള്ളതാണ്. ആയത് പ്രകാരം ലഭ്യമായ

		കാണിച്ചിരിക്കുന്നു. അതിനാൽ, ഭാരത സർക്കാരിന് സമർപ്പിച്ചിരിക്കുന്ന വിനിയോഗ രേഖ 31.95 കോടി പെരുപ്പിച്ചു കാണിച്ചു.	47,17,66,270/- രൂപയാണ് 2015 മുതൽ 2017 വരെ എൻ.യു.എൽ.എം പദ്ധതിക്കായി വിനിയോഗിച്ചിരുന്നത്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ● ഭാരത സർക്കാരിന് സമർപ്പിച്ച വരവ്, ചെലവ്, നീക്കിയിരിപ്പ് സംബന്ധിച്ച സാക്ഷ്യപത്രം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ● പദ്ധതി തുക വിഭാവനം ചെയ്ത ലക്ഷ്യങ്ങൾക്കായി മാത്രം വിനിയോഗിച്ചിട്ടുള്ളതും നീക്കിയിരുപ്പായി വന്ന തുക കേന്ദ്ര നിർദ്ദേശത്തെ തുടർന്ന് തുടർ പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുണ്ടെന്നുമുള്ള വസ്തുത സമർപ്പിക്കുന്നു.
12	4.3.7.1	**<u>നഗര തദ്ദേശ സ്ഥാപനങ്ങളിലും സിഡിഎസുകളിലും ഭീമമായ ഫണ്ട് ഉപയോഗിക്കാതെ മുടങ്ങിക്കിടക്കുന്നു.</u>** കുടുംബശ്രീ, നഗരതദ്ദേശ സ്ഥാപനങ്ങൾ, സിഡിഎസ് തുടങ്ങിയ പദ്ധതി നിർവ്വഹണ ചക്രത്തിലെ ഏജൻസികളിൽ ഉപയോഗിക്കാതെ മുടങ്ങിക്കിടക്കുന്ന ഭീമമായ ഫണ്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വിഘാതമായിത്തീർന്നു. കുടുംബശ്രീ നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ ഫണ്ടിലെ മുഴുവൻ തുകയും സിഡിഎസിന് കൈമാറിയില്ല. മാത്രമല്ല, സിഡിഎസ് അവർക്ക് ലഭിച്ച ഫണ്ടിന്റെ ഒരു ഭാഗം മാത്രമേ	നഗരസഭകൾ/സി.ഡി.എസ്സുകളുടെ ആവശ്യമനുസരിച്ച് ഡിമാന്റുകൾ ക്രോഡീകരിച്ച് കർമ്മപദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി സംസ്ഥാനമിഷൻ മുഖേന കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിന് വിധേയമാക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം നഗരസഭകൾക്ക് അനുവദിച്ചിട്ടുള്ള തുക തൽസമയം വിനിയോഗിക്കാൻ സാധിച്ചിരുന്നില്ലെങ്കിലും എൻ.യു.എൽ.എം പദ്ധതിയിൽ ടി തുക വിനിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം ആകെ 47,17,66,270/- രൂപ എൻ.യു.എൽ.എം പദ്ധതിക്കായി കേന്ദ്രസർക്കാരിന്റെ അനുമതിയോടെ ചെലവഴിച്ച ധനവിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

		ഉപയോഗിച്ചുള്ളൂ. ലാക്ഷണിക പരിശോധന നടത്തിയ നഗര തദ്ദേശ സ്ഥാപനങ്ങളിൽ, 2011-12 (1997-98 മുതൽ) വരെ കുടുംബശ്രീയിൽ നിന്നും ലഭിച്ച 31.30 കോടിയിൽ , 11.58 കോടി നഗര തദ്ദേശ സ്ഥാപനങ്ങളിലും (3.26 കോടി) സിഡിഎസുകളിലുമായി (8.32 കോടി) ചെലവാകാതെ കിടക്കുന്നു. ഫണ്ടിന്റെ കുറഞ്ഞ വിനിയോഗത്തിനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്. ● എസ്.ജെ.എസ്.ആർ.വൈ നടപ്പിലാക്കാൻ സിഡിഎസുകൾ പൂർണ്ണമായും സജ്ജമായിരുന്നില്ല. ● കർമ്മ പദ്ധതി തയ്യാറാക്കലും അതിന് അംഗീകാരം നേടലും ധാരാളം സമയമെടുക്കുന്നതായിരുന്നു. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളനുസിരിച്ച് കർമ്മ പദ്ധതി തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞില്ല. പദ്ധതി ത്വരിതഗതിയിൽ നടപ്പാക്കാനായുള്ള ഒരു തീവ്ര വികസന പ്രചാരണം സംസ്ഥാനമൊട്ടുക്കും തുടങ്ങിയതായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്താവിച്ചു (2013 ഡിസംബർ).	
13	4.3.7.2	**എസ് ജെഎസ് ആർവൈയുടെ കീഴിലെ പ്രത്യേക**	പോവർട്ടി അലിവിയേഷൻ ഫോർ മട്ടാഞ്ചേരി (PAM) എന്ന

ഘടകത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്താത്തത്

മട്ടാഞ്ചേരിയിൽ ദാരിദ്ര്യ ലഘൂകരണ പരിപാടിയ്ക്കായി 4.67 കോടി എസ്.ജെ.എസ്.ആർ.വൈ യുടെ കീഴിലുള്ള ഒരു പ്രത്യേക ഘടകമായി അനുവദിച്ചു (2004 മേയ്). ഇതിൽ 25 ലക്ഷം നഗരപ്രദേശങ്ങളിലെ സ്ത്രീകളുടെയും കുട്ടികളുടെയും വികസനത്തിനുള്ള (ഡിഡബ്ള്യുസിയുഎ) അടിസ്ഥാന സൗകര്യ സഹായത്തിനും 30 ലക്ഷം വിപണന സഹായത്തിനുമായിരുന്നു. ഈ ഘടകം നടപ്പിലാക്കാനുള്ള കാലാവധി ഒരു വർഷമായിരുന്നെങ്കിലും മൊത്തം തുകയും (55 ലക്ഷം) കൊച്ചി കോർപ്പറേഷന്റെ സിഡിഎസ് (പടിഞ്ഞാറ്) ന്റെ കൈവശം വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

പേരിൽ എസ്.ജെ.എസ്.ആർ.വൈയുടെ പ്രത്യേക ഘടക പദ്ധതിക്കായി 2004 മേയിൽ 4.67 കോടി രൂപ അനുവദിക്കുകയും ആയതിൽ 3.72 കോടി രൂപ താഴെപറയുന്ന ഉപഘടകങ്ങൾ നടപ്പിലാക്കുന്നതിനായി ചെലവഴിച്ചിട്ടുള്ളതുമാണ്.

ക്രമനമ്പര്	ഇനം	എണ്ണം	ചെലവഴിച്ച തുക
1	വ്യക്തിഗത സംരംഭങ്ങൾ	796	52,46,957
2	DWCUA-വനിത ഗ്രൂപ്പ് സംരംഭങ്ങൾ	89	1,08,77,000
3	തൊഴിൽ പരിശീലനങ്ങൾ	3282	35,08,276
4	PIP (പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാം)	-	12,00,000
5	റിവോൾവിംഗ് ഫണ്ട്	33	8,07,000
6	UWEP-നഗരവേതന	10	1,55,15,692

			തൊഴിൽദാന പദ്ധതി
			എന്നാൽ പദ്ധതിയുടെ ഉപഘടകങ്ങളായി ഉൾപ്പെടുത്തിയിരുന്ന സംരംഭകർക്കുള്ള മാർക്കറ്റിംഗ് സപ്പോർട്ട്, സംരംഭകർക്കുള്ള ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ട് എന്നീ ഘടകങ്ങൾ PAM മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് ഒരു മാർക്കറ്റിംഗ് കം ട്രയിനിംഗ് സെന്റർ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനായി അനുയോജ്യമായ സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ടി ഘടക പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതെ വന്നു ആയതിനാൽ ടി പദ്ധതിക്കായി വകയിരുത്തിയ 55,00,000/- രൂപ ഉൾപ്പെടെ PAM പദ്ധതിയുടെ ചെലവഴിക്കാത്ത ബാലൻസ് തുകയുടെ പലിശയടക്കം 2,92,69,782/- രൂപ കുടുംബശ്രീ സംസ്ഥാന മിഷന്റെ എസ്.ജെ.എസ്.ആർ.വൈ അക്കൗണ്ടിലേക്ക് 14.11.2022 ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിനാൽ ഓഡിറ്റ് പരാമർശത്തിൽ നിന്നും ഒഴിവാക്കി തരണമെന്ന് അപേക്ഷിക്കുന്നു.
14	4.3.7.3	**<u>വിനിയോഗ രേഖ സമർപ്പിക്കുന്നതിലെ കാലതാമസം കേന്ദ്ര വിഹിതം കിട്ടാതിരിക്കുന്നതിനിടയാക്കി</u>**	പദ്ധതി ഘടകങ്ങൾ നടപ്പിലാക്കാൻ കാലതാമസം വന്നതിനാലാണ് 2008-09 ലെ വിനിയോഗ സാക്ഷ്യപത്രം

		വിനിയോഗ രേഖ സമർപ്പിക്കുന്നതിലെ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പൂർത്തീകരിക്കുകയും മുൻകാലങ്ങളിലെ വിഹിതങ്ങൾക്കനുസൃതമായ സംസ്ഥാന വിഹിതം നൽകുകയും ചെയ്താൽ മാത്രമേ ഭാരത സർക്കാർ വിഹിതം ലഭിക്കുകയുള്ളൂ. 2008-09- ലെ വിനിയോഗ രേഖ സമർപ്പിക്കുവാൻ കുടുംബശ്രീ താമസിച്ചതും അനുയോജ്യമായ സംസ്ഥാന വിഹിതം (2010-11 ലെ ഭാരത സർക്കാരിന്റെ ആദ്യ തവണയുള്ള) നൽകാത്തതും 2010-11 വർഷത്തെ കേന്ദ്ര വിഹിതമായ 5.86 കോടിയുടെ രണ്ടാം തവണ ലഭ്യമാകാതിരിക്കുന്നതിനിടയാക്കി.	യഥാസമയം കേന്ദ്രസർക്കാരിന് സമർപ്പിക്കാനാകാത്തത്. എന്നാൽ 2008-09 വർഷത്തെ വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ ആകെ 10.59 കോടി രൂപ വകയിരുത്തിയതിൽ മുൻ സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ ധനവിനിയോഗ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തൻവർഷം പദ്ധതി ആദ്യഗഡുവായ 4.74 കോടി രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ 2009-10 ലെ ഓഡിറ്റഡ് ധനവിനിയോഗ സാക്ഷ്യപത്രം കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ കാലതാമസം നേരിട്ടതിനാലാണ് 2010-11 സാമ്പത്തിക വർഷത്തിലെ രണ്ടാംഗഡു കേന്ദ്രവിഹിത തുകയായ 5.86 കോടി രൂപ ലഭ്യമാകാതിരുന്നത്.
15	4.3.7.4	**<u>എഡിഎസ് റിവോൾവിംഗ് ഫണ്ട് സൂക്ഷിച്ചത്</u>** എസ്.ജെ.എസ്.ആർ.വൈ മാർഗ്ഗരേഖകളനുസരിച്ച് സ്വയം സഹായ സംഘങ്ങൾക്കും (എസ്.എച്ച്.ജി) ത്രിഫ്റ്റ് ആന്റ് ക്രഡിറ്റ് സൊസൈറ്റികൾക്കും (ടി &സിഎസ്) റിവോൾവിംഗ് ഫണ്ടായി 25,000/- ന്റെ ഒറ്റത്തവണ ഗ്രാന്റിന് അർഹതയുണ്ട്. മാവേലിക്കര സിഡിഎസ് ആറ് പ്രാദേശിക വികസന സൊസൈറ്റികൾക്കായി (എഡിഎസുകൾ) 1997-99 കാലയളവിൽ 7.51 ലക്ഷം മുൻകൂറായി ടി&സിഎസിന് റിവോൾവിംഗ് ഫണ്ട് വിതരണം ചെയ്യാൻ നൽകി. എഡിഎസ് ഈ തുകയുള്ള വിനിയോഗ	1997-99 കാലയളവിൽ മാവേലിക്കര നഗരസഭ സി.ഡി.എസ്സിനു കീഴിൽ ശ്രീമതി. ലീലാമ്മ ഉണ്ണി, ശ്രീമതി.കുഞ്ഞുമോൾ മാത്യു, ശ്രീമതി.രാധാമണി, ശ്രീമതി.ഉഷ, ശ്രീമതി.വിജയമ്മ എന്നിവർ 1,2,3,4,5 എ.ഡി.എസ്സ് ആയും ശ്രീമതി പുഷ്പകുമാരി മെമ്പർ സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു. ടി കാലയളവിൽ 7.51 ലക്ഷം രൂപ എ.ഡി.എസ്സിലേക്ക് റിവോൾവിംഗ് ഫണ്ട് ഇനത്തിൽ ട്രാൻസ്ഫർ ചെയ്തിരുന്നു. ടി കാലയളവിൽ പ്രവർത്തിച്ചിരുന്ന അയൽക്കൂട്ടങ്ങളും സംരംഭങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ഫണ്ടിന്റെ അപര്യാപ്തത ഒരു

		രേഖ ഹാജരാക്കിയിട്ടില്ല (2013 മേയ്).	ഘടകമാകരുത് എന്ന ലക്ഷ്യം മുൻ നിർത്തി മാത്രം ടി ഇക അയൽക്കൂട്ടങ്ങൾക്കും തൊഴിൽ സംരംഭകർക്കും 1000/- രൂപ മുതൽ 5000/- രൂപ വരെ വീതിച്ച് നൽകിയിട്ടുള്ളതായും അന്നത്തെ ഉത്തരവ് പ്രകാരം അയൽക്കൂട്ടങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ ചെയ്യുന്നതിനായി ടി ഇകകൾ യഥാസമയം വിനിയോഗിച്ചിട്ടുള്ളതായും 22 വർഷം കഴിഞ്ഞതിനാൽ ആയതിന്റെ രേഖകൾ നിലവിൽ ലഭ്യമല്ലായെന്നും ബന്ധപ്പെട്ട സി.ഡി.എസ്സ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് കുടുംബശ്രീ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങളും തൊഴിൽ സംരംഭങ്ങളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ചെയ്തിട്ടുള്ളതിനാലും 22 വർഷം കഴിഞ്ഞതിനാലും രേഖകൾ ലഭ്യമല്ലാത്ത സാഹചര്യത്തിലും ടി ഇക വിനിയോഗിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ചും ഓഡിറ്റ് പരാമർശത്തിൽനിന്ന് ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.
16	4.3.7.5	**<u>എസ്.ജെ.എസ്.ആർ.വൈ ഫണ്ട് വകമാറ്റൽ</u>** • പദ്ധതി മാർഗ്ഗരേഖകൾ പ്രോത്സാഹനമായി ഫണ്ട് വിതരണം ചെയ്യാൻ വിഭാവനം ചെയ്യുന്നില്ല. എന്നാൽ സിഡിഎസുകൾ വിനിയോഗിക്കാതെ കൈവശം വച്ച ഫണ്ട് കൂട്ടുകൃഷിയുള്ള	മറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കായി എസ്.ജെ.എസ്.ആർ.വൈ പദ്ധതിയുടെ A&OE ശീർഷകത്തിൽ നിന്ന് ഇക ചെലവാക്കിയിരുന്നു എന്ന നിരീക്ഷണത്തിൻമേൽ ടി ഇക തിരിച്ചുപിടിക്കുന്നതിനുള്ള

		പ്രോത്സാഹനമായി വിതരണം ചെയ്യാൻ കുടുംബശ്രീ ഡയറക്ടർ നിർദ്ദേശം നൽകി (2010 ഡിസംബർ) . 2010 ഡിസംബർ മുതൽ 2013 മാർച്ച് വരെയുള്ള കാലയളവിൽ 33.17 ലക്ഷം കൂട്ടുകൃഷിയ്ക്കുള്ള പ്രോത്സാഹന ധനമായി വിതരണം ചെയ്യാൻ വിനിയോഗിച്ചു. കൂട്ടുകൃഷിയ്ക്കായി വിനിയോഗിച്ച തുക എസ്.ജെ.എസ്.ആർ.വൈ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാൻ വേണ്ട നടപടികൾ തുടങ്ങിയതായി കുടുംബശ്രീ പ്രസ്താവിച്ചു. (2013 ജൂലൈ). • ത്രിഫ്റ്റ് നിക്ഷേപങ്ങൾ തിരിച്ചു നൽകുക. യുവശ്രീ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുക, വായ്പ തിരിച്ചടയ്ക്കുക, ബിഎസ്പിയുമായി ബന്ധപ്പെട്ട ചെലവുകൾ തുടങ്ങി എസ്.ജെ.എസ്.ആർ.വൈയ്ക്കു കീഴിൽ വരാത്ത കാര്യങ്ങൾക്കായി 61.52 ലക്ഷം കുടുംബശ്രീയും സിഡിഎസുകളും വകമാറ്റി (2007-08 മുതൽ 2011-12 വരെ) ചെലവഴിച്ചു, വിശദവിവരങ്ങൾ അനുബന്ധം xvii ൽ കൊടുത്തിരിക്കുന്നു.	നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം അപാകതകൾ തുടർന്നുള്ള പദ്ധതികളിൽ വന്നിട്ടില്ലാ എന്നും ടി അപാകതകൾ ആവർത്തിക്കപ്പെടാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതുമാണ് എന്ന് റിപ്പോർട്ട് ചെയ്യുന്നു.
17	4.3.8	**<u>നിരീക്ഷണവും മൂല്യനിർണയവും</u>** സിഡിഎസുകൾ, നഗരതദ്ദേശ സ്ഥാപനങ്ങൾ, ജില്ല, സംസ്ഥാനം തുടങ്ങിയ വിവിധ തലങ്ങളിലായാണ് എസ് ജെഎസ് ആർവൈയുടെ സംസ്ഥാനത്തെ	സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ) പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച അവലോകനം ഡി.എം.സി തലത്തിലും സംസ്ഥാനതലത്തിലും നിശ്ചിത ഇടവേളകളിൽ നടത്തുകയും നഗരസഭകൾ സമർപ്പിക്കുന്ന പ്രോഗ്രസ്സ് റിപ്പോർട്ട്

		നിരീക്ഷണം നടത്തേണ്ടത്. താഴെപ്പറയും പ്രകാരം, കാര്യക്ഷമമായ ഒരു നിരീക്ഷണ സംവിധാനം എസ് ജെഎസ് ആർവൈ നടത്തിപ്പിനുണ്ടായിരുന്നില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. സിഡിഎസുകളുടെ എക്സിക്യൂട്ടീവ് സമിതി യോഗങ്ങൾ ആനുകാലികമായി നടത്തിയിരുന്നുവെങ്കിലും പദ്ധതിയുടെ കീഴിലുള്ള അപര്യാപ്തതകളെക്കുറിച്ചുള്ള ചർച്ചകൾ നടത്തിരുന്നില്ല. യൂണിറ്റുകൾ പൂട്ടിപ്പോകുന്നതിന്റെ കാരണങ്ങൾ സിഡിഎസ്/ യുഎൽബി തലത്തിൽ അപഗ്രഥിക്കുകയോ ചർച്ചചെയ്യുകയോ ഉണ്ടായില്ല. കൂടാതെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിരുന്നതുപോല എസ്.ജെ.എസ് ആർവൈ നടപ്പാക്കുന്നതിനെ സംബന്ധിച്ച ഒരു അവലോകനവും കുടുംബശ്രീ ജില്ലാ മിഷൻ നടത്തിയിരുന്നില്ല. ജില്ലാ മിഷനിൽ ഒരു അഡീഷണൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററെ യൂണിറ്റുകളുടെ കുറഞ്ഞ അതിജീവനം സംബന്ധിച്ച പ്രശ്നങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസ്താവിച്ചു. (2013 ഡിസംബർ).	പരിശോധിച്ച് കേന്ദ്രസർക്കാരിൽ അതതു സമയം സമർപ്പിക്കുകയും ചെയ്തിരുന്നു. ജില്ലാ മിഷൻ തലത്തിൽ എ.ഡി.എം.സിയെ(അർബൻ) നിയമിച്ച് നഗര പദ്ധതികളുടെ മേൽനോട്ട ചുമതല ടിയാന് നൽകുകയും ചെയ്തിരുന്നു.
18	4.3.9	**നിഗമനം** പദ്ധതി നടത്തിപ്പിൽ സംസ്ഥാനങ്ങൾ നേരിട്ട ബുദ്ധിമുട്ടുകൾ	എസ്.ജെ.എസ്.ആർ.വൈ പദ്ധതി നടത്തിപ്പ് ഫലപ്രദമായി നടപ്പിലാക്കുന്നതിന് കുടുംബശ്രീ സംഘടനാ

		തരണം ചെയ്ത് നഗരദാരിദ്ര്യത്തിനറുതിവരുത്താൻ വേണ്ടി എസ്.ജെ.എസ്.ആർ.വൈ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചെങ്കിലും അതിന്റെ നടത്തിപ്പിൽ തിരിച്ചടികൾ നേരിട്ടു. കർമ്മ പദ്ധതി തയ്യാറാക്കുന്നതിലെ കാലതാമസം, ബാങ്ക് വായ്പാ അപേക്ഷകൾ തിരിസ്കരിച്ചത്, സഹായധനം ലഭിച്ച ഗുണഭോക്താക്കളുടെ സ്വയം തൊഴിൽ സംരംഭങ്ങളുടെ പുരോഗതിയും തുടങ്ങിയ സംരംഭങ്ങളുടെ നിലനിൽപ്പില്ലായ്മയും നിരീക്ഷിക്കുവാനുള്ള അനന്തര നടപടികളുടെ അഭാവം എന്നിവ സൂചിപ്പിക്കുന്നത് നഗരത്തിലെ തൊഴിൽ രഹിതരും / മുഴുവൻ സമയ തൊഴിൽ ലഭിക്കാത്തവരും ആയ പാവപ്പെട്ടവർക്ക് തൊഴിൽ നൽകുന്നതിലൂടെ നഗരദാരിദ്ര്യ നിർമ്മാർജ്ജനം നടത്തുകയെന്ന പ്രാഥമിക ലക്ഷ്യം കൈവരിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന പ്രവണതയാണ്. ഫണ്ടിന്റെ സിംഹഭാഗവും പദ്ധതി അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുകയാണെങ്കിലും പദ്ധതിയ്ക്ക് കീഴിൽ ലഭിച്ച മുഴുവൻ തുകയും ചെലവായതായി കാണിച്ചിരിക്കുന്നു. പദ്ധതിയുടെ നടത്തിപ്പ് നിരീക്ഷിക്കാനുള്ള സിഡിഎസ് എക്സിക്യൂട്ടീവ് സമതിയുടെയും കുടുംബശ്രീയുടെയും ചുമതല അവർ ഫലപ്രദമായി നിർവ്വഹിച്ചില്ല.	സംവിധാനത്തിന്റെ പങ്കാളിത്തവും നഗരസഭാ കൗൺസിലിന്റെ പിന്തുണയും ലഭ്യമാക്കിയിരുന്നു. പദ്ധതി മാർഗ്ഗനിർദ്ദേശം അനുസരിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഓരോ ഘടകത്തിനും ലഭ്യമാക്കുന്നതിന് മിഷൻ ശ്രദ്ധ ചെലുത്തിയിരുന്നു. പദ്ധതി നടത്തിപ്പിൽ വന്നിരുന്ന അപാകതകൾ മിഷന്റെ ശ്രദ്ധയിൽ വരുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനുള്ള ശ്രമവും മിഷൻ നടത്തിയിട്ടുണ്ട്. സംരംഭകരെ കണ്ടെത്തുന്നതിനും പരിശീലനം നൽകുന്നതിനും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ, ബാങ്കുകളുടെ സഹകരണം ഉറപ്പുവരുത്തുന്നതിന് ജില്ലാതല/ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗുകളിൽ അജണ്ട ചർച്ച ചെയ്യൽ, ചെലവഴിക്കാത്ത തുക തിരിച്ചുപിടിക്കൽ, സംരംഭങ്ങളുടെ നടത്തിപ്പിന് സഹായകമായി സൂക്ഷ്മ സംരംഭ കൺസൾട്ടന്റുമാരുടെ സേവനം ലഭ്യമാക്കൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങൾ മിഷൻ നടത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക്/ ബ്രാഞ്ചുകളുടെ മാത്രം പരിഗണനയിലുള്ള വായ്പ ലഭ്യമാക്കൽ, കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പരിമിതമായ അറിവ് എന്നിവയെല്ലാം പദ്ധതി നടത്തിപ്പിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ചെലവഴിക്കാതെ വന്ന 47,17,66,270/- രൂപ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ എൻ.യു.എൽ.എം പദ്ധതികളുടെ കേന്ദ്രവിഹിതമായി ചെലവഴിക്കുന്നു. തുടർന്നുവന്ന എല്ലാ പദ്ധതികളിലും പ്രസ്തുത പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം സുസ്ഥിരമാക്കാൻ

			വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നിലവിലെ പദ്ധതി നിർവ്വഹണം മികച്ച രീതിയിൽ നടത്തുന്നതിനാൽ മുൻകാല പദ്ധതി നടത്തിപ്പിൽ വന്നിട്ടുള്ള വീഴ്ചകൾ മാപ്പാക്കി ഓഡിറ്റ് ഖണ്ഡികകൾ ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

2013 മാർച്ച് 31 ന് അവസാനിച്ച് വർഷത്തെ സി &എജി റിപ്പോർട്ടിലെ 4.5, 4.6, 4.10 പരാമർശങ്ങളിന്മേൽ ഗ്രാമ പഞ്ചായത്തുകൾ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര പത്രിക

ഖണ്ഡിക നം.	നിഗമനങ്ങൾ/ ശുപാർശകൾ	സ്വീകരിച്ച ടപടി
4.5	വിനോദ നികുതി നിരക്കുകളിലെ കാറ്റഗറി ഇ യ്ക്ക് കീഴിൽ വിനോദ നികുതി നിർണ്ണയിക്കുന്നതിലുണ്ടായ പരാജയം വിനോദ നികുതി പിരിക്കുന്നതിൽ 1.20 കോടിയുടെ കുറവിന് കാരണമായി.	**കുന്നത്തുനാട് ഗ്രാമ പഞ്ചായത്ത്** 2005 - ലെ ലോക്കൽ അതോറിട്ടീസ് എന്റർടൈൻമെന്റ് ടാക്സ് ആക്ട് (ആക്ട് 26/05) സെക്ഷൻ 2 ബി പ്രകാരമാണ് വീഗാ ഹോളിഡെയ്സ് ആന്റ് പാർക്ക്സ് ലിമിറ്റഡിന്റെ വിനോദ നികുതി നിശ്ചയിച്ചത്. അതിൻപ്രകാരം കാറ്റഗറി ഡി ഗണത്തിൽ വരുന്ന വണ്ടർലായിൽ നിന്നും പ്രതിവർഷം 50 ലക്ഷം മുതൽ 60 ലക്ഷം വരെ വിനോദനികുതി ഈടാക്കുന്നതിനാണ് അനുമതിയുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 2007-08 വർഷം മുതൽ പ്രതിവർഷം 60 ലക്ഷം രൂപ നിരക്കിൽ വിനോദ നികുതി ഈടാക്കി വരുന്നുണ്ട്. ടി സ്ഥാപനത്തിന്റെ മുതൽ മുടക്ക് 2007-08 മുതൽ 50 കോടി രൂപ കവിഞ്ഞതിന്റെ അടിസ്ഥാനത്തിൽ സ്ലാബ് പുനർ നിർണ്ണയിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ തസ്വഭ (ആർ.സി) വകുപ്പിന്റെ 08.01.2015 ലെ 66464/RC2/14/LSGD നമ്പർ കത്ത് പ്രകാരം ഇ കാറ്റഗറിയിൽ ഉൾപ്പെടുത്തി 2007-08 മുതൽ 2014-15 വരെയുള്ള കാലയളവിൽ പ്രതിവർഷം 80 ലക്ഷം രൂപയും 2015-16 വർഷം മുതൽ 85 ലക്ഷം രൂപയും വിനോദനികുതിയായി 20.04.2015 തീയതിയിലെ 9-ാം നമ്പർ തീരുമാന പ്രകാരം നിജപ്പെടുത്തി ഉത്തരവായ തുക പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടുള്ളതുമാണെന്ന് എറണാകുളം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2017 ജൂലൈ 1 മുതൽ ജി.എസ്.റ്റി നിലവിൽ വന്നതിനെ തുടർന്ന് വിനോദനികുതി ഇല്ലാതാകുകയും ചെയ്തിട്ടുള്ളതാണ്.

2013 മാർച്ച് 31 ന് അവസാനിച്ച് വർഷത്തെ സി &എജി റിപ്പോർട്ടിലെ 4.6, 4.8, 4.9, 4.10, 4.11, 4.12 എന്നീ ഖണ്ഡികകളിന്മേലുള്ള ന്യൂനതാ പരിഹാര പത്രിക

ഖണ്ഡിക നം.	നിഗമനങ്ങൾ/ ഉപാർശകൾ	സ്വീകരിച്ച നടപടി
4.6	ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതിരുന്നതിനാൽ മത്സ്യ-മാംസ മാർക്കറ്റിൻ മേലും ബയോഗ്യാസ് പ്ലാന്റിന്റെ സിവിൽ ജോലികളിന്മേലും 13.79 ലക്ഷത്തിന്റെ നിഷ്ഫല ചെലവുണ്ടായി. പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന (എംപിഎൽഎഡി) പദ്ധതിയിൻ കീഴിൽ കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ (ജിപി) മത്സ്യ-മാംസ മാർക്കറ്റിനായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് 10 ലക്ഷം മതിപ്പുചെലവിൽ എറണാകുളം ജില്ലാ കളക്ടർ ഭരണാനുമതി നൽകി (2008 നവംബർ). തദ്ദേശ സ്വയംഭരണ വകുപ്പ് മൂവാറ്റുപുഴ സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈ ജോലിക്ക് 2008 നവംബറിൽ സാങ്കേതികാനുമതി നൽകി. ചെയ്യാനുദ്ദേശിച്ച കെട്ടിടത്തിന്റെ പ്രധാനഭാഗങ്ങൾ രണ്ട് കശാപ്പ് മുറികൾ, രണ്ട് മത്സ്യസ്റ്റാളുകൾ, രണ്ട് മാംസസ്റ്റാളുകൾ, ഒരു കനുകാലിപ്പുര, ഒരു ജനറേറ്റർ/കൺട്രോൾ റൂം എന്നിവയായിരുന്നു. ഉണഭോക്തൃ സമിതി കൺവീനറെ ഏൽപ്പിച്ച (2008 ഡിസംബർ) ജോലി, 2009 ഓഗസ്റ്റിൽ 10 ലക്ഷം ചെലവിൽ പൂർത്തിയായി. കല്ലൂർക്കാടുള്ള മത്സ്യ-മാംസ മാർക്കറ്റിലെ ഖരമാലിന്യം പരിപാലിക്കുന്നതിനായി ഒരു ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് 7.99 ലക്ഷത്തിന്റെ മതിപ്പ് ചെലവിൽ മെസ്സേഴ്സ് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡുമായി കല്ലൂർക്കാട് ജിപി സെക്രട്ടറി ഒരു കരാറിലേർപ്പെട്ടു (2010 സെപ്റ്റംബർ).	**കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്** കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത് 2008-09 വർഷത്തിൽ മെമ്പേഴ്സ് ഓഫ് പാർലമെന്റ് ലോക്കൽ ഏരിയ ഡവലപ്മെന്റ് സ്കീം പ്രകാരം 10 ലക്ഷം രൂപ ഫിഷ് - മീറ്റ് സ്റ്റാൾ പണിയുന്നതിന് അനുവദിച്ചിരുന്നു. 999673/- രൂപ ചെലവഴിച്ച് രണ്ട് മീറ്റ് സ്റ്റാളുകൾ, രണ്ട് ഫിഷ് സ്റ്റാളുകൾ, രണ്ടു കശാപ്പു മുറികൾ, ഒരു കാറ്റിൽ ഷെഡ്, കാലിത്തീറ്റ സ്റ്റോർ, സ്റ്റെയർ കേസ്, ഒരു ജനറേറ്റർ റൂം എന്നിവ ഉൾപ്പെടുന്ന അറവുശാല സമുച്ചയം പണി തീർത്തിട്ടുള്ളതാണ്. ഫിഷ് മീറ്റ് സ്റ്റാളിനൊപ്പം അറവുശാല കൂടി പണിതതിനാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ 28/01/2011 ലെ സി2-2454410 നമ്പർ കത്ത് പ്രകാരം മെയ്ൻ റോഡ്, താമസ ഭവനങ്ങൾ എന്നിവയിൽ നിന്ന് ദൂര പരിധി പാലിക്കാത്തതിനാൽ അറവുശാലയ്ക്കും മത്സ്യ മാംസ വിപണനത്തിനും പ്രവർത്തനാനുമതി നൽകിയില്ല. തുടർന്ന് 11/07/2011 തീയതിയിലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4-ാം നമ്പർ തീരുമാന പ്രകാരം കശാപ്പു ശാലക്കും മത്സ്യ മാംസ മാർക്കറ്റിനും അനുമതി ആവശ്യപ്പെട്ടത് പ്രകാരം 04/11/2013 -ൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ 07/06/2013 ലെ സി2-21741/13 നമ്പർ കത്ത് പ്രകാരം മത്സ്യ മാംസ വിപണനം മാത്രം നടത്തുന്നതിന് അനുമതി നൽകി.. ആയത് പ്രകാരം

	പദ്ധതിയ്ക്കാവശ്യമായ ഫണ്ടിന്റെ ഉറവിടം ശുചിത്വ മിഷൻ ഗ്രാന്റും നിർമ്മൽ പുരസ്കാരവുമായിരുന്നു. പ്ലാന്റിന്റെ സിവിൽ ജോലികൾ 3.79 ലക്ഷം ചെലവിൽ പൂർത്തിയായി (2011 ഫെബ്രുവരി). ഒരു പൊതുകമ്പോളം സജ്ജീകരിക്കുന്നതിനു മുൻപ്, ആ സ്ഥലത്തു അങ്ങനെയൊരു മാർക്കറ്റ് ഉറക്കുന്നത് വഴി ഉയർന്നുവരാവുന്ന പൊതുജനാരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ അഭിപ്രായം പഞ്ചായത്ത് വാങ്ങിയിരിക്കണമെന്ന് 1996- ലെ കേരള പഞ്ചായത്ത് രാജ് (ലൈസൻസ് നൽകുകയും പൊതു-സ്വകാര്യ മാർക്കറ്റുകളുടെ നിയന്ത്രണവും) ചട്ടങ്ങളിലെ ചട്ടം 3 (2) അനുശാസിക്കുന്നു. ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ജില്ലാ മെഡിക്കൽ ഓഫീസറോട് (ആരോഗ്യം) അഭിപ്രായം ആരാഞ്ഞത് 2010 നവംബറിൽ മാത്രമാണ്, അതായത്, കെട്ടിടനിർമ്മാണം കഴിഞ്ഞിട്ട്, അല്ലാതെ മേൽപ്പറഞ്ഞ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരം അതിനു മുൻപാണ് എന്ന് ഓഡിറ്റ് പരിശോധനയിൽ വെളിപ്പെട്ടു (2012 നവംബർ). കശാപ്പുശാല ആൾപ്പാർപ്പുള്ള വീടുകളുടെ 90 മീറ്ററിനുള്ളിലും മെയിൻ റോഡിൽ നിന്നും 30 മീറ്ററിനുള്ളിലും ആയതിനാൽ, ഈ സ്ഥലം കശാപ്പുശാല പ്രവർത്തിക്കുന്നതിന് അനുയോജ്യമല്ല എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു (2011 ജനുവരി). ഒരു കശാപ്പുശാല ആൾപ്പാർപ്പുള്ള വീടിന്റെ 90 മീറ്ററിനുള്ളിലോ, കിടത്തിചികിത്സയുള്ള ആശുപത്രികൾ, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രാർത്ഥനാസ്ഥലങ്ങൾ എന്നിവയിൽ നിന്നും 150 മീറ്ററിനുള്ളിലോ, പൊതുവഴിയിൽ നിന്ന് 30 മീറ്ററിനുള്ളിലോ ആകരുത് എന്ന 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും മാംസ സ്റ്റാളുകളും) ചട്ടത്തിലെ 5-ാം ചട്ടവുമായി ഇത് ഒത്തുപോകുന്നു. അതിനാൽ കശാപ്പുശാല പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. ചട്ടങ്ങളും വ്യവസ്ഥകളും പാലിക്കാതിരുന്നതും, പൊതുജനാരോഗ്യത്തിന്	01/08/2014 ൽ രണ്ട് ഫിഷ് സ്റ്റാളുകൾ, രണ്ട് മീറ്റ് സ്റ്റാളുകൾ എന്നിവ ലേലം ചെയ്തു നൽകുകയും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം 14/03/2017 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 4-ാം നമ്പർ തീരുമാന പ്രകാരം പ്രവർത്തനാനുമതി ലഭിക്കാതിരുന്ന 2 കശാപ്പ് മുറികളും കാറ്റിൽ ഷെഡ്ഡും മത്സ്യ മാംസ വിപണന സ്റ്റാളുകൾക്കായി ലേലം ചെയ്തു നൽകുന്നതിന് തീരുമാനിച്ചിരുന്നതും ആയത് 22/03/2017 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം ലേലം ചെയ്ത് നൽകിയിട്ടുള്ളതുമാണ്. ഈ കെട്ടിടത്തിലുള്ള എല്ലാ മുറികളും(10 സ്റ്റാളുകൾ) നിലവിൽ ലേലം ചെയ്തു നൽകിയിട്ടുള്ളതാണെന്നും, പരാമർശിത കെട്ടിടം പ്രതിമാസം 10659/- രൂപ പഞ്ചായത്തിന് വാടകയിനത്തിൽ വരുമാനം ലഭിക്കുന്ന ആസ്തിയാണ് എന്നുമുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ടി വിഷയം സംബന്ധിച്ച ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിൽ, അക്കൗണ്ടന്റ് ജനറലിന്റെ 02.03.2016 ലെ കത്തിൽ, 01..08.2014 ൽ മാർക്കറ്റ് പ്രയോജന പ്രദമാക്കി എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർനടപടി ഒഴിവാക്കിയതായി അറിയിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

	ഹാനികരമല്ലാത്ത ഒരു സ്ഥലത്ത് കശാപ്പുശാല സ്ഥാപിക്കുന്നതിൽ കല്ലൂർക്കാട് ജിപിയുടെ ഭാഗത്തുണ്ടാകേണ്ട മുൻകരുതലിന്റെ അഭാവവും, മത്സ്യ-മാംസ മാർക്കറ്റിനും ബയോഗ്യാസ് പ്ലാന്റിന്റെ സിവിൽ ജോലികൾക്കും ചെലവഴിച്ച 13.79 ലക്ഷം നിഷ്ഫലമാകുന്നതിനിടയാക്കി. ഇക്കാര്യം 2013 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).	
4.8	**കഴിഞ്ഞ പത്ത് വർഷമായി ഉപയോഗിക്കാതെ കിടക്കുന്ന ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ - 2003 ജനുവരിയിൽ പൂർത്തിയായ നാൾ മുതൽ ഹോസ്റ്റൽ സൗകര്യം പരസ്യപ്പെടുത്തുന്നതിന് മുൻകൈ എടുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിനുണ്ടായ വീഴ്ച ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ഉപയോഗശൂന്യമായും ഉപേക്ഷിക്കപ്പെട്ട നിലയിലും കിടക്കുന്നതിനും അതിന്മേൽ 13.18 ലക്ഷം രൂപ നിഷ്ഫലമായ നിക്ഷേപമാകുന്നതിനും ഇടയാക്കി.** അനുയോജ്യമായ ഹോസ്റ്റൽ സൗകര്യങ്ങളുടെ അഭാവത്തിൽ, ചേലക്കരയിലും സമീപ ഗ്രാമപഞ്ചായത്തുകളിലുമുള്ള സ്ത്രീകൾക്ക് ജോലി ചെയ്യേണ്ട സ്ഥലത്തേയ്ക്ക് പോകാനും തിരിച്ചു വരാനും ദിവസവും മണിക്കൂറുകളോളം യാത്ര ചെയ്യണമായിരുന്നു. ഇത്തരക്കാർക്ക് താമസസൗകര്യം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി, ചേലക്കര ഗ്രാമപഞ്ചായത്ത് സൗജന്യമായി നൽകിയ സ്ഥലത്ത്, തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് (ബിപി) 2003 ജനുവരിയിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമിച്ചു. 1.36 ലക്ഷത്തിന്റെ മെയിന്റനൻസ് ചെലവ് ഉൾപ്പെടെ ബിപിയ്ക്ക് ഉണ്ടായ മൊത്തം ചെലവ് 13.18 ലക്ഷമാണ്.	**<u>പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>** പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ചേലക്കര ഗ്രാമ പഞ്ചായത്തിൽ നിർമിച്ച വനിതാ ഹോസ്റ്റൽ 2019-20 സാമ്പത്തിക വർഷം അവസാനത്തോടുകൂടി പ്രവർത്തന ക്ഷമമായിട്ടുള്ളതാണ്. തുടർന്ന് താഴെ പറയുംപ്രകാരം തനത് വരുമാനം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചുവരുന്നു. 2019-20 - 27,500/- 2020-21 - 1,87,000/- 2021-22 - 2,33,500/- 2022-23 - 2,51,000/- 2023-24 സാമ്പത്തിക വർഷത്തിൽ നാളിതു വരെയായി 81,500/- രൂപ വാടക ഇനത്തിൽ തനത് വരുമാനമായി ലഭ്യമായിട്ടുണ്ട്. ആയതിനാൽ പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരിച്ചതിനാലും വനിതാ ഹോസ്റ്റൽ നല്ല രീതിയിൽ പ്രവർത്തിച്ച് ബ്ലോക്ക് പഞ്ചായത്തിന് തനത് വരുമാനം ലഭ്യമാകുന്നതിനാലും പരാമർശം ഒഴിവാക്കണമെന്ന് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

	എന്നാൽ കെട്ടിടം ഒരിക്കലും ഒരു ഹോസ്റ്റലായി പ്രവർത്തിച്ചില്ല. ഹോസ്റ്റൽ സൗകര്യം ആവശ്യമുള്ള ജോലിയുള്ള സ്ത്രീകളെ കണ്ടെത്തുന്നതിന് ഒരു പ്രാദേശിക സർവ്വേ നടത്തുന്നതിന് യാതൊരു ശ്രമവും നടത്തിയില്ലെന്നു ബിപി സെക്രട്ടറി പറഞ്ഞു. ഈ പ്രദേശത്തേക്ക് യാത്ര ചെയ്യുന്ന ജോലിയുള്ള സ്ത്രീകളെ ആകർഷിക്കുന്നതിന് ഫലപ്രദമായ ഒരു പ്രചാരണമോ സ്ത്രീകളെ താമസിപ്പിക്കുന്നതിനുള്ള ഹോസ്റ്റൽ സ്ഥിതിചെയ്യുന്ന പ്രദേശവുമായി ബന്ധപ്പെട്ടുള്ള അനിഷ്ട സംഭവങ്ങൾക്കുള്ള സാധ്യതയെക്കുറിച്ച് ഒരു അപഗ്രഥനമോ ബിപി നടത്തിയിട്ടില്ല. പ്രദേശത്തെ ജോലിയുള്ള സ്ത്രീകളുടെയിടയിൽ ഈ സൗകര്യം പരസ്യപ്പെടുത്തുന്നതിനായി സമീപ ഗ്രാമപഞ്ചായത്തുകളുടെ സംയോജിത ശ്രമങ്ങൾ വിനിയോഗിക്കുന്നതാണെന്ന് ബിപി സെക്രട്ടറി അറിയിച്ചു (2013 മെയ്). ഇന്നുവരെ (2013 സെപ്തംബർ) സെക്രട്ടറിയുടെ ഭാഗത്തുനിന്നും അങ്ങനെയൊരു ശ്രമവും തുടങ്ങിയിട്ടില്ല. ഗ്രാമപഞ്ചായത്തുകളിലുൾപ്പെടെ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് താമസ സൗകര്യം നൽകുക എന്ന സാമൂഹ്യ ലക്ഷ്യത്തോടുകൂടി, സുദീർഘമായ യാത്രകളുടെ ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി നിർമ്മിച്ച ഒരു കെട്ടിടം, കഴിഞ്ഞ പത്തു വർഷമായി ഉപയോഗശൂന്യമായും ഉപേക്ഷിക്കപ്പെട്ട നിലയിലും കിടക്കുന്നതിനാൽ 13.18 ലക്ഷത്തിന്റെ നിക്ഷേപം നിഷ്ഫലമായി. ഇക്കാര്യം സർക്കാരിനെ 2013 ഡിസംബറിൽ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).	
4.9	**ഒരു വിൻഡ്റോ കമ്പോസ്റ്റിംഗ് യൂണിറ്റിന്മേലുള്ള നിഷ്ഫല നിക്ഷേപം കോഴി മാലിന്യം സംസ്കരിക്കുവാനായി തൃശ്ശൂർ മുനിസിപ്പൽ കോർപറേഷൻ 29.99 ലക്ഷം രൂപ ചെലവിൽ നിർമിച്ച ഒരു വിൻഡോ കമ്പോസ്റ്റിംഗ് യൂണിറ്റ്, സമീപത്തെ കശാപ്പുശാലയിലെ**	**<u>തൃശ്ശൂർ കോർപറേഷൻ</u>** തൃശ്ശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ കുരിയച്ചിറയിൽ പ്രവർത്തിക്കുന്ന അറവുശാലയുടെ എട്ട് ഏക്കർ വിസ്തൃതിയുള്ള കോമ്പൗണ്ടിൽ തന്നെയാണ്

	വൃത്തിഹീനമായ സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലുണ്ടായ പരാജയം കാരണം നിഷ്ഫലമായി കിടന്നു. തൃശ്ശൂർ കോർപ്പറേഷന് 2006-07 -ലെ ജനകീയാസൂത്രണ പദ്ധതിക്ക് കീഴിൽ, കുരിയച്ചിറയിൽ നിലവിലുള്ള കശാപ്പുശാലക്ക് സമീപത്തെ കോഴിമാലിന്യ സംസ്കരണ പ്ലാന്റിൽ 23.65 ലക്ഷം മതിപ്പ് ചെലവിൽ ഒരു വിൻഡ്രോ കമ്പോസ്റ്റിംഗ് യൂണിറ്റ് സ്ഥാപിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു. കോർപ്പറേഷൻ പരിധിക്കുള്ളിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന കോഴി മാലിന്യങ്ങൾ സംസ്കരിച്ച്, പരിസ്ഥിതി സൗഹാർദ്ദ രീതിയിൽ അവയെ വളമാക്കി മാറ്റുന്ന ഈ പദ്ധതി, സംസ്ഥാനത്ത അത്തരത്തിൽ ആദ്യത്തേതായിരുന്നു. അംഗീകൃത ഏജൻസിയായ തൃശ്ശൂരിലെ സോഷ്യോ -ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ (എസ്ഇയുഎഫ്), മൂന്നു മാസത്തിനകം ജോലി നിർവ്വഹിച്ചിരിക്കണം എന്ന കരാറിന്മേൽ, യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഏൽപ്പിച്ചു (2007 ഫെബ്രുവരി). 2009 ഫെബ്രുവരിയിൽ പ്ലാന്റിന്റെ ഉദ്ഘാടനം നടത്തുകയും 2009 ഡിസംബറിൽ മാലിന്യ സംസ്കരണ പ്രക്രിയ പ്രവർത്തനക്ഷമമായ്ക്കുകയും ചെയ്തു. എന്നാൽ പ്രദേശവാസികളുടെ എതിർപ്പ് മൂലം 2011 ഫെബ്രുവരിയിൽ പ്ലാന്റിന്റെ പ്രവർത്തനം നിലച്ചു. 4.80 ലക്ഷത്തിന്റെ ആകസ്മിക ചെലവുകൾ ഉൾപ്പെടെ, 2013 സെപ്തംബർ വരെ പദ്ധതിയിന്മേലുണ്ടായ ആകെ ചെലവ് 29.99 ലക്ഷമാണ്. ഓഡിറ്റ് പരിശോധനയിൽ താഴെപ്പറയുന്നവ വെളിപ്പെട്ടു: • പദ്ധതി നടപ്പിലാക്കുന്ന വേളയിൽ പ്ലാന്റിന്റെ പരിസരത്തു വൃത്തിയുള്ളതും ആരോഗ്യപൂർണ്ണവുമായ ഒരു അന്തരീക്ഷം ഉറപ്പുവരുത്തുന്നതിൽ കോർപ്പറേഷൻ പരാജയപ്പെട്ടു. പരിസരത്തെ കശാപ്പുശാലയിൽ നിന്ന് മാംസമാലിന്യവും രക്തവും പ്ലാന്റിന്റെ പരിസരത്തേക്ക് ഒഴുകി എത്തിയതിനാൽ	വിൻട്രോ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളത്.സ്ലോട്ടർ ഹൗസിലെ മാലിന്യങ്ങൾ നഗരസഭ പ്രത്യേകമായാണ് കൈകാര്യം ചെയ്യുവരുന്നത്. ഇതിനായി പ്രത്യേകം സംവിധാനങ്ങളും,ഉദ്യോഗസ്ഥരും,തൊഴിലാളികളുമുണ്ട്. അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന കോഴി വേസ്റ്റ് വഴിയാത്രക്കാർക്കും, പരിസരവാസികൾക്കും, അസഹ്യമായ ദുർഗന്ധത്തിനും, മറ്റു പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണ് ഇത്തരമൊരു പദ്ധതിയെകുറിച്ച് നഗരസഭ ഗൗരവപൂർവ്വം ചിന്തിച്ചത്. ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വിൻട്രോ കമ്പോസ്റ്റ് യൂണിറ്റ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പദ്ധതി ആവിഷ്കരണത്തിന്റെ വിവിധ ഘട്ടങ്ങളായ രൂപീകരണം, ആസൂത്രണം, നടപ്പിലാക്കൽ,മോണിറ്ററിംഗ് തുടങ്ങിയ ഘട്ടങ്ങളിൽ ജനപങ്കാളിത്തവും വിവിധ സമിതികളുടെ ഇടപെടലും, പരിശോധനയും ഉണ്ടായിട്ടുള്ളതാണ്.വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും, ആരോഗ്യകാര്യ സ്റ്റാൻറിംഗ് കമ്മറ്റി, കൗൺസിൽ യോഗങ്ങൾ എന്നിവയിലും വിഷയം ചർച്ച ചെയ്തിട്ടുള്ളതാണ്.പദ്ധതിക്ക് ഡി.പി.സി അംഗീകാരവും ലഭിച്ചിട്ടുള്ളതാണ്. സർക്കാർ സഹായത്തോടെ പ്രവർത്തിക്കുന്ന സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടാഷന്റെ പ്രൊജക്ട് പ്രൊപ്പോസൽ പ്രശ്നപരിഹാരത്തിന് വളരെ സഹായകമാകുമെന്നായിരുന്നു കോർപ്പറേഷന്റെ കണക്കുകൂട്ടൽ. വനിതകൾക്ക് തൊഴിലും വരുമാനവുമുണ്ടാക്കുന്ന നല്ലൊരു സംരംഭമായാണ്

	പ്ലാന്റിന്റെ ജോലി ചെയ്യുവാൻ കുടുംബശ്രീയിലെ സ്ത്രീകൾ വിസമ്മതിച്ചു. തൽഫലമായി, പ്ലാന്റിന്റെ പരിസരത്ത് സംസ്കരിക്കാത്ത കോഴി മാലിന്യം കൂന്നുകൂടി അതിൽ നിന്ന് ദുർഗന്ധം വമിക്കുകയും, അത് പ്രദേശവാസികളുടെ എതിർപ്പിനിടയാക്കുകയും ചെയ്തു. കമ്പോസ്റ്റ് യൂണിറ്റിന്റെ സുഗമമായ നടത്തിപ്പിന് സഹായകമായ പരിതസ്ഥിതി ഇല്ല എന്നുള്ളത് തുടക്കത്തിൽ തന്നെ എസ്ഇയുഎഫ് കോർപ്പറേഷന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. കശാപ്പുശാലയിൽ നിന്നുള്ള മാലിന്യം ഒഴുകിവരുന്നതും, പ്ലാന്റിന്റെ പരിസരങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നതും തടയുന്നതിന് പകരം കോർപ്പറേഷൻ പ്ലാന്റ് അടച്ചുപൂട്ടാൻ തീരുമാനിച്ചു.	നഗരസഭ ഇതിനെ വിലയിരുത്തിയത്. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നടപ്പാക്കുന്ന പ്രൊജക്ടുകളിലെല്ലാം ഓരോഘട്ടത്തിലും ടി യൂണിറ്റിലെ എഞ്ചിനീയർമാരുടെയും, സാങ്കേതിക വിദഗ്ധരുടെയും സേവനം ലഭിക്കാറുണ്ട്. അതിനാൽ തന്നെ വിദഗ്ദാഭിപ്രായത്തിന്റെ അഭാവം പദ്ധതി നടത്തിപ്പുവേളയിൽ ഉണ്ടായിട്ടില്ല. നഗരപ്രദേശത്തെ 50 തിൽ അധികം കോഴിക്കടകളിൽ നിന്നുള്ള മാലിന്യം നേരിട്ട് ശേഖരിക്കുന്നതിനും വാഹനത്തിൽ പ്ലാൻറിലെത്തിച്ച് സംസ്കരിക്കുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. ഇതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. വിൻഡ്രോക്കാവശ്യമായ ചാണകം ലഭിക്കുന്നതിനും താരതമ്യേന ജനവാസം കുറഞ്ഞതും വിശാലവുമായ നഗരസഭ വകയായതും, മറ്റുനിബന്ധനകൾ പാലിക്കപ്പെടുന്ന ഉചിതമായ സ്ഥലം എന്ന പരിഗണനയിലാണ് ടി യൂണിറ്റ് അറവുശാല പരിസരത്ത് ആരംഭിക്കുവാനായി തിരഞ്ഞെടുത്തത്. പ്ലാൻറിലെത്തിക്കുന്ന മാലിന്യം ചാണകവുമായി ചേർത്ത് വിൻഡ്രോ ക്രമീകരിക്കുകയും അന്തരീക്ഷവായുവിൽ സംസ്കരണം നടക്കുകയും ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരുന്നതെങ്കിലും ഇത്തരത്തിൽ വിൻഡ്രോ ക്രമീകരിച്ചപ്പോൾ വേണ്ട രീതിയിൽ സംസ്കരണം നടക്കാത്തതിനാൽ ദുർഗന്ധം ഉണ്ടാവുകയായിരുന്നു. അതേസമയം തന്നെ ശേഖരിച്ച മാലിന്യങ്ങൾ കൂടിക്കിടന്ന്

	• അങ്ങനെ, കോഴിമാലിന്യം സംസ്കരിക്കുന്നതിനുള്ള വിൻഡ്റോ കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കോർപ്പറേഷനുണ്ടായ പരാജയം, 29.99 ലക്ഷത്തിന്റെ ചെലവ് നിഷ്ഫലമാക്കിക്കൊണ്ട് പ്ലാന്റ് നിഷ്ക്രിയാവസ്ഥയിൽ തുടരുന്നതിനിടയാക്കി. • ഇക്കാര്യം 2013 ഡിസംബെരിൽ സർക്കാരിനെ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).	ദുർഗന്ധം വമിച്ചത് പരിസരവാസികളുടെ എതിർപ്പിനിടയാക്കി. പദ്ധതിയുടെ വിജയം ഉറപ്പുവരുത്തുന്നതിന് മുൻപുതന്നെ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ പ്ലാൻറിന്റെ നടത്തിപ്പ് ചുമതലയിൽ നിന്നും ഒഴിയുകയായിരുന്നു. അരവുശാലയിൽ നിന്നുള്ള മാലിന്യങ്ങളൊന്നും വിൻടോ കംമ്പോസ്റ്റ് യൂണിറ്റിലോ അതിന്റെ പരിസരത്തോ എത്തുന്നില്ല. അറവുശാല പ്ലാറ്റ്ഫോം കഴുകുന്ന മലിനജലം മാത്രമാണ് ടാങ്കിൽ എത്തിയിരുന്നത്. കൂടിയ അളവിൽ ബ്ലീച്ചിംഗ് പൗഡർ കലർന്ന വെള്ളമായതിനാൽ ഇതിന് ദുർഗന്ധം ഉണ്ടാകാറില്ല. എന്നാൽ ഇപ്പോൾ അറവുശാലയിലെ വെള്ളം ശുദ്ധീകരിക്കുന്നതിന് പ്രത്യേക സംവിധാനം മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിർദ്ദേശപ്രകാരം അറുശാലയോട് ചേർന്നുതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ അറവുശാലയിൽ നിന്നുള്ള വെള്ളം ടാങ്കിൽ ഇപ്പോൾ എത്തുന്നില്ല. കോഴിവേസ്റ്റ് പ്ലാൻറും പരിസരവും പരിസരവും വത്തിഹീനമായി കിടക്കുന്നതിന് കുടുംബശ്രീ പ്രവർത്തകർ ഇടവരുത്തിയിട്ടില്ലാത്തതാണ്. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ വിഭാവനം ചെയ്തതുപോലെ വിൻടോ പ്രവർത്തിക്കാതിരുന്നതാണ് പദ്ധതിയുടെ പരാജയകാരണം. സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ നടപ്പാക്കുന്ന പദ്ധതികൾക്ക് നഗരസഭ വേറെ സാങ്കേതിക വിദഗ്ദരെ നിയോഗിക്കേണ്ടി വന്നിട്ടില്ല. സംസ്ഥാനത്തുതന്നെ ആദ്യം വിഭാവനം ചെയ്ത്

		നടപ്പാക്കിയ ഒരു സംരംഭത്തിന് കൂടുതൽ സാങ്കേതിക പരിശോധനകളും മറ്റ് മേൽ നോട്ടങ്ങളും നടത്തുവാൻ നഗരസഭയ്ക്ക് പരിമിതികൾ ഉണ്ടായിരുന്നു. ദുർഗന്ധം അസഹ്യമായതിനെതുടർന്ന് കുടുംബശ്രീ പ്രവർത്തകരെയും കോർപ്പറേഷന്റെ ഉദ്യോഗസ്ഥരെയും കോമ്പൗണ്ടിൽ പ്രവേശിക്കുന്നതിൽ നിന്ന് സമരസമിതി വിലക്കുകയും പിന്നീട് സമരസമിതിയുമായി ചർച്ചചെയ്ത ശേഷം മാലിന്യം നീക്കം ചെയ്യുന്നതിന് നടത്തിയ ശ്രമവും സമരസമിതി തടയുകയാണുണ്ടായത്. കാർഷിക സർവകലാശാലയുമായി സഹകരിച്ച് വിദഗ്ധോപദേശപ്രകാരം, നിലവിലുള്ള മാലിന്യം, പ്ലാൻറിൽ തന്നെ സംസ്കരിക്കാൻ നടത്തിയ കോർപ്പറേഷന്റെ ശ്രമവും സമരസമിതി തടഞ്ഞിട്ടുള്ളതാണ്. പൊതുജന സഹകരണം ഇല്ലാതെ വന്നതിനെ തുടർന്ന് മാലിന്യം നീക്കം ചെയ്യാനോ, സംസ്കരിക്കാനോ സാധിക്കാതെ വന്നതിനാലാണ് പ്ലാൻറ് അടച്ചിടേണ്ടി വന്നത്. തുടർന്ന് നഗരസഭ ടി പ്ലാൻറിനെ ഒ.ഡബ്ല്യു.സി (Organic waste converter)പ്ലാൻറാക്കി മാറ്റി. ഇത് 2019 ഓടെ പ്രവർത്തിച്ചു വരുന്നതാണ്. ആയതിനാൽ വിൻട്രോ കംമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കുവാൻ കഴിയാതെ വന്നുവെങ്കിലും ടി സ്ഥലം നിലവിൽ ഒ.ഡബ്ല്യു.സി പ്ലാൻറിനു വേണ്ടി ഉപയോഗപ്പെടുത്തുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടുള്ളതാണ്. മേൽ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിതരണമെന്ന് നഗരസഭ

		സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.
4.10	വ്യവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നിർമ്മിച്ച കെട്ടിടങ്ങൾ ഉപയോഗപ്പെടുത്താത്തതിനാൽ 69.80 ലക്ഷത്തിന്റെ ലഭ്യമായ വിഭവശേഷി നിഷ്ക്രിയ ആസ്തികളിൽപ്പെട്ട് കിടക്കുന്നതിനിടയാക്കി. ജനങ്ങളുടെ ആവശ്യവും സാമ്പത്തികശേഷിയും നിർണ്ണയിക്കാതെ, വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പാണ്ടിക്കാട്, ഉദയംപേരൂർ ഗ്രാമപഞ്ചായത്തുകൾ കെട്ടിടങ്ങൾ നിർമ്മിച്ചത് 69.80 ലക്ഷത്തിന്റെ ലഭ്യമായ വിഭവശേഷി നിഷ്ക്രിയ ആസ്തികളിൽപ്പെട്ട് കിടക്കുന്നതിനിടയാക്കി. (i) മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ഗ്രാമപഞ്ചായത്ത് (ജിപി) 39.06 ലക്ഷത്തിന്റെ മൊത്തം ചെലവിൽ കൊളപ്പറമ്പിൽ നാല് കെട്ടിടങ്ങൾ നിർമ്മിച്ചു. (2008-നും 2010-നും മദ്ധ്യേ). വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 11 ലക്ഷം ചെലവിൽ 1996-ൽ വാങ്ങിയ അഞ്ച് ഏക്കർ സ്ഥലത്തിന്റെ ഒരു ഭാഗത്താണ് കെട്ടിടങ്ങൾ നിർമ്മിച്ചത്. സ്ത്രീ സംരംഭകർക്ക് ചെറുകിട വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് കെട്ടിടങ്ങൾകൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ, ആവശ്യക്കാരില്ലാത്തതിനാൽ കെട്ടിടങ്ങൾ ഉപയോഗിച്ചില്ല. കെട്ടിടങ്ങളുടെ പല ഭാഗങ്ങളും ഇപ്പോൾ പൊട്ടിപ്പൊളിഞ്ഞ അവസ്ഥയിലാണ്; റോളിംഗ് ഷട്ടറുകൾ തുരുമ്പെടുക്കാൻ തുടങ്ങുകയും ചെയ്തു. 2012 ജൂണിൽ ജില്ലാ കളക്ടറുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം, ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി കെട്ടിടം ഏറ്റെടുക്കാൻ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിനോട് അപേക്ഷിച്ചതിന്മേൽ നടപടി പ്രതീക്ഷിച്ചിരിക്കുകയാണെന്ന് പാണ്ടിക്കാട് ജിപി സെക്രട്ടറി അറിയിച്ചു (2013 ജനുവരി). (ii) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വ്യാവസായിക	**പാണ്ടിക്കാട് ഗ്രാമ പഞ്ചായത്ത്** പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ കൊളപ്പറമ്പ് ഭാഗത്ത് പാണ്ടിക്കാട് വില്ലേജ്, ബ്ലോക്ക് നം. 148 പഞ്ചായത്ത് വക 5 ഏക്കർ സ്വന്തം ഭൂമിയിൽ വ്യവസായ കേന്ദ്രം സ്ഥാപിക്കുന്നതിനായി 2008-09, 2009-10 വർഷങ്ങളിൽ ഫണ്ട് വകയിരുത്തുകയും 893 ച.മീ വിസ്തീർണ്ണത്തിൽ 3 ഷെഡുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. അതിൽ ഒരു ഷെഡിൽ നൂട്രിമിക്സ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ബാക്കി ഭാഗം ഒഴിഞ്ഞ് കിടക്കുന്നതിനാൽ നിഷ്ക്രിയ ആസ്തിയായി പഞ്ചായത്തിന്റെ 39.06 ലക്ഷം രൂപ പാഴ്ചെലവായി തുടരുന്നതായി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. ടി സ്ഥലവും കെട്ടിടവും വനിത വ്യവസായ കേന്ദ്രം, എസ്.സി വനിതകൾക്കുള്ള പ്രത്യേക കേന്ദ്രം എന്നിവ ഉദ്ദേശിച്ച് നിർമ്മിക്കുകയും എന്നാൽ പ്രസ്തുത വിഭാഗത്തിൽ നിന്ന് മതിയായ അപേക്ഷകർ ഇല്ലാത്തതിനാൽ പൊതുവിഭാഗത്തിന് നൽകുന്നതിന് ത.സ്വ.ഭ.വ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 10/04/2014 ലെ 2473/D2/14 ത.സ്വ.ഭ നം. ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തി സർക്കാർ വ്യവസായ കേന്ദ്രമായിഏറ്റെടുക്കുന്നതിന് ശുപാർശചെയ്ത് 21/06/2012 ന് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ, ബഹു. വ്യവസായ വാണിജ്യ ഡയറക്ടർ,തിരുവനന്തപുരം അവർകൾക്ക് 24/07/2012 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഉത്തരവുകൾ ഒന്നും ലഭ്യമായിട്ടില്ല. ഈ വ്യവസായ കേന്ദ്രത്തിന്റെ അനുകൂല സാധ്യത പരിഗണിച്ച് ഗ്രാമ പഞ്ചായത്തിൽ സ്ഥതി

	യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി എറണാകുളം ജില്ലയിലെ ഉദയംപേരൂർ ജിപി രൂപീകരിച്ചു (2007-08). 2013 മാർച്ച് വരെ 19.74 ലക്ഷമാണ് പദ്ധതിയിന്മേലുള്ള ആകെ ചെലവ്. യൂണിറ്റുകൾക്ക് ആവശ്യക്കാരില്ലാത്തതിനാൽ കെട്ടിടം അവഗണിക്കപ്പെട്ട നിലയിലാവുകയും അതിന്റെ പരിസരഭാഗം കാടുപിടിച്ച് കിടക്കുന്ന കുറ്റിച്ചെടികളും പുല്ലുകളും കാരണം കെട്ടിടത്തിന് ക്ഷയം സംഭവിച്ചിരിക്കുകയുമാണ്. അർഹരായ പട്ടികജാതി ഗുണഭോക്താക്കളെ കണ്ടെത്താതിരുന്നതിനാലും സഹകരണ സൊസൈറ്റികൾ രൂപീകരിക്കാത്തതിനാലും പദ്ധതി ആരംഭിക്കാൻ കഴിഞ്ഞില്ലെന്ന് ഉദയംപേരൂർ ജിപി സെക്രട്ടറി അറിയിച്ചു (2013 ആഗസ്റ്റ്). പാണ്ടിക്കാട്, ഉദയംപേരൂർ ജിപികൾ ഗുണഭോക്താക്കളെ കണ്ടെത്തുന്നതുൾപ്പെടെയുള്ള സാധ്യതാ പഠനം, ഇത്തരം പദ്ധതികളുമായി ഇറങ്ങിത്തിരിക്കുന്നതിനു മുൻപ് നടത്തിയില്ല എന്നത് ഈ രണ്ട് ജിപികളിലുമായി 69.80 ലക്ഷത്തിന്റെ നിക്ഷേപം നിഷ്ഫലമാകാനിടയാക്കി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സ്ത്രീ സംരംഭകർക്ക് പരിശീലനം നൽകിയിരുന്നെങ്കിലും, ഗുണഭോക്താക്കൾ സമൂഹത്തിലെ സാമ്പത്തികമായി താഴെത്തട്ടിലുള്ള വിഭാഗത്തിൽപ്പെട്ടവരായതിനാൽ, വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള വിഭവ സമാഹരണത്തിന് അവർക്ക് സാധിച്ചില്ല എന്ന് പാണ്ടിക്കാട് ജിപി സെക്രട്ടറി പറഞ്ഞു (2013 സെപ്തംബർ). നിക്ഷേപവുമായി തട്ടിച്ചുനോക്കുമ്പോൾ കുറഞ്ഞ വേതനമാണ് എന്നതിനാൽ കരകൗശല വ്യവസായത്തിലേക്ക് പ്രവേശിക്കാൻ ഗുണഭോക്താക്കൾ വിമുഖരായിരുന്നു എന്ന് ഉദയംപേരൂർ ജിപി സെക്രട്ടറിയും അറിയിച്ചു (2013 ആഗസ്റ്റ്). കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് മുൻപ് സാധ്യതാപഠനം നടത്തുകയും യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് താത്പര്യവും സാമ്പത്തികശേഷിയും ഉള്ള	ചെയ്യുന്ന നിഷ്ഫല ആസ്തി ഉപയോഗപ്രദമാക്കുന്നതിന് 2018-19 വാർഷിക പദ്ധതിയിൽ ഉക വകയിരുത്തി പദ്ധതികൾ നടത്തിയിരുന്നു.കെട്ടിടത്തിന് വൈദ്യുതീകരണം നടത്തുന്നതിന് ഫണ്ട് വകയിരുത്തി ജില്ലാ സാങ്കേതിക സമിതിയുടെ എസ്റ്റിമേറ്റ്, ടി എസ് എന്നിവ ലഭ്യമാക്കുന്നതിനും ഈ കേന്ദ്രത്തിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് LSGD എഞ്ചിനീയറേയും ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിൽ മൃട്ടിമിക്സ് യൂണിറ്റ് മാസം 970/- രൂപ വാടക ലഭിക്കുന്നുണ്ട്. പാണ്ടിക്കാട് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വനിത വ്യവസായ കേന്ദ്രം ഉൾപ്പെടുന്ന വ്യവസായ എസ്റ്റേറ്റിലെ കെട്ടിടങ്ങൾ, മുറികൾ, പ്ലോട്ടുകൾ എന്നിവ കരാർ / പാട്ട വ്യവസ്ഥയിൽ അനുവദിക്കുന്നതിനുള്ള ബൈലോ 29/10/2021 ലെ ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 16/1 തീരുമാനപ്രകാരം അംഗീകരിച്ച് ഉചിതമാർഗ്ഗം അയക്കുകയും 04.11.2022 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/15744/2022-C6(DP) ഉത്തരവ് പ്രകാരം അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൻമേൽ തുടർ നടപടികൾ സ്വീകരിച്ച് വരികയുമാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. **<u>ഉദയം പേരൂർ ഗ്രാമ പഞ്ചായത്ത്</u>** ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിൽ എസ്.സി ഇൻഡസ്ട്രിയൽ യൂണിറ്റ് 2008-2009 വർഷം പണിപൂർത്തീകരിച്ചിരുന്നു. കെട്ടിടം ഉപയോഗിക്കാതിരുന്ന മൂലം ടി കെട്ടിടവും സ്ഥലവും ഉപയോഗക്ഷമമല്ലാത്ത അവസ്ഥയിലായിരുന്നു. 2021-2022 വാർഷിക

	ആളുകളെ കണ്ടെത്തുകയും ചെയ്യണമായിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല. വ്യാവസായിക യൂണിറ്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ ആവശ്യവും സാമ്പത്തിക ശേഷിയും നിർണ്ണയിക്കുന്നതിൽ പാണ്ടിക്കാട്, ഉദയംപേരൂർ ജിപികൾക്കുണ്ടായ പരാജയം 69.80 ലക്ഷത്തിന്റെ ലഭ്യമായ വിഭവശേഷി നിഷ്ക്രിയ ആസ്തികളിൽപ്പെട്ട് കിടക്കുന്നതിനിടയാക്കി എന്ന വസ്തുത ശേഷിക്കുന്നു. ഇക്കാര്യം 2013 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു. മറുപടി ലഭ്യമായിട്ടില്ല. (2014 ഏപ്രിൽ).	പദ്ധതിയിൽ 769908 ലക്ഷം രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് 609809/- രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തന സജ്ജമായിട്ടുണ്ട്. 2023-24 സാമ്പത്തികവർഷം വ്യവസായ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണത്തിനും ഗ്രൗണ്ട് ഫില്ലിംഗിനുമായി 5,00,000/- രൂപ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. വ്യവസായ കേന്ദ്രത്തിൽ ഉണഭോക്താക്കൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
4.11	**ഒരു വിനോദസഞ്ചാര വികസന പദ്ധതിയിൻമേലുള്ള പരാജയം** ആസൂത്രണത്തിന്റെയും കൃത്യമായ പരിപാലനത്തിന്റെയും അഭാവത്തിൽ ഒരു വിനോദസഞ്ചാര പദ്ധതിയിന്മേൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ചെലവാക്കിയ 67.24 ലക്ഷം നിഷ്ഫലമായി. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന് (ടിഎംസി) 2008-09-ലെ വാർഷിക പദ്ധതിയിൽ തനതു വരുമാനം വിനിയോഗിച്ച് 69.10 ലക്ഷത്തിന്റെ പ്രതീക്ഷിത ചെലവിൽ, 'വഞ്ചിക്കുളം വിനോദസഞ്ചാര പദ്ധതിക്ക്' രൂപം നൽകി. 2009 മാർച്ചിൽ പണി തുടങ്ങുകയും 67.24 ലക്ഷം ചെലവായതിനു ശേഷം, 2010 ജൂലൈയിൽ പൂർത്തീകരിക്കുകയും ചെയ്തു. രേഖകളുടെ പരിശോധനയിലും ഓഡിറ്റ് ടീമിന്റെ സ്ഥലസന്ദർശനത്തിലും (2013 സെപ്റ്റംബർ) വെളിപ്പെട്ടത് കുളം	**<u>തൃശ്ശൂർ കോർപറേഷൻ</u>** 2007-08 ൽ 50,00,000/- രൂപ വഞ്ചിക്കുളം പദ്ധതിക്കുവേണ്ടി സർക്കാർ ബജറ്റിൽ വകയിരുത്തിയിരുന്നു. ആയത് പ്രകാരം വഞ്ചിക്കുളം നവീകരണത്തിന്റെ പ്രൊജക്ട് പ്രൊപ്പോസൽ തയ്യാറാക്കി സോയിൽ ടെസ്റ്റ് നടത്തി ആർക്കിടെക്ടിനെ ചുമതലപ്പെടുത്തി എസ്റ്റിമേറ്റും, ഡിസൈനും തയ്യാറാക്കി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ ടെണ്ടർ നടത്തുന്നതിന് 16.09.2009 നാണ് സാധിച്ചത്. ടി ടെണ്ടറിൽ ആരുംതന്നെ പങ്കെടുക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചില്ല. ആയതിന് കാലതാമസം നേരിട്ട സാഹചര്യത്തിൽ 2008-09 ൽ സർക്കാർ ഫണ്ട് അനുവദിച്ചില്ല. ഇതേ തുടർന്ന് തൃശ്ശൂർ കോർപ്പറേഷൻ

	നവീകരിച്ചെങ്കിലും തുടർന്നുള്ള പരിപാലനവും സംരക്ഷണവും ശരിയായ വിധത്തിൽ നടത്താതിരുന്നത് വഞ്ചിക്കുളത്തിന്റെ പരിതാപകരമായ സ്ഥിതിക്ക് കാരണമായി എന്നാണ്. വലിച്ചെറിഞ്ഞ മാലിന്യങ്ങളും കുപ്പികളും നിറഞ്ഞു കുളം മലിനീകരിക്കപ്പെട്ടു. പുല്ലും പായ്ചെടികളും തഴച്ചു വളർന്നതിനാൽ പണം നൽകി ഉപയോഗിക്കാവുന്ന കക്കൂസുകളിലേക്ക് മാർഗ്ഗതടസം സൃഷ്ടിക്കുന്നു. കുളത്തിന് ചുറ്റുമുള്ള ഇരുമ്പ് കമ്പിയഴികളിൽ പലതും കാണാനില്ല. മൊത്തത്തിൽ മുഴുവൻ സ്ഥലവും ഉപേക്ഷിക്കപ്പെട്ട നിലയിലും ഒരു വിനോദസഞ്ചാര കേന്ദ്രത്തിനു അയോഗ്യവുമാണ്. അടുത്ത ഘട്ടത്തിൽ കൂടുതൽ ജോലികൾ ഏറ്റെടുത്തതിനു ശേഷമേ പദ്ധതിയുടെ പൂർണ്ണപ്രയോജനം ലഭ്യമാകൂ എന്ന് കോർപ്പറേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. (2013 സെപ്തംബർ). കുളത്തിന്റെയും പരിസരത്തിന്റെയും കൃത്യമായ പരിപാലനവും സംരക്ഷണവും കോർപ്പറേഷൻ മുൻകൂട്ടി കണ്ട് ആസൂത്രണം ചെയ്യാത്തതുകൊണ്ട് ഇതുവരെയുള്ള ചെലവ് നിഷ്ഫലമായി എന്നതിനാൽ മറുപടി അംഗീകരിക്കാനാവില്ല. അങ്ങനെ, കോർപ്പറേഷൻ പരിധിയിൽ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതി, പരിപാലനവും സംരക്ഷണവും ഇല്ലാത്തതിനാൽ ഒരു പരാജയമായിത്തീരുകയും 67.24 ലക്ഷത്തിന്റെ നിഷ്ഫല ചെലവിലേയ്ക്ക് നയിക്കുകയും ചെയ്തു. ഇക്കാര്യം 2013 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു; മറുപടി ലഭ്യമായിട്ടില്ല (2014 ഏപ്രിൽ).	കൗൺസിൽ തീരുമാനപ്രകാരം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചത്. കോർപ്പറേഷൻ ലെവൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന്റെ നിർദ്ദേശങ്ങൾക്കും ,ലഭ്യമായ പ്ലാൻ ഫണ്ടിനും വിധേയമായാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പദ്ധതി നടപ്പിലാക്കിയത്. ആയതുപ്രകാരം കുളത്തിനു ചുറ്റും പൈലിംഗ് വർക്ക്, സൈഡ് വാൾ, ഗ്രിൽ വർക്ക്, ലാംപ് പോസ്റ്റ് വർക്ക്,അമിനിറ്റി സെൻറർ,ടോയലറ്റ് ബ്ലോക്ക്,കുളത്തിൽ നിന്നും മണ്ണും ചളിയും നീക്കം ചെയ്യൽ എന്നിവ നടത്തി ഒന്നാം ഘട്ടം പൂർത്തിയാക്കിയിട്ടുള്ളതാണ്. മേൽ പദ്ധതി നടപ്പിലാക്കുന്നതിന് സമയബന്ധിതമായ പല പദ്ധതികളും കോർപ്പറേഷൻ ആവിഷ്കരിച്ചെങ്കിലും വിവധ സാങ്കേതിക കാരണങ്ങളാൽ ഒന്നും തന്നെ നടപ്പിലാക്കാൻ സാധിച്ചില്ല. മേൽ സാഹചര്യത്തിൽ കോർപ്പറേഷൻ സർക്കാരിനെ സമീപിക്കുകയും തത് ഫലമായി ടൂറിസം വകുപ്പിൽ നിന്നും പ്രാരംഭപ്രവർത്തനങ്ങൾക്കായി ഫണ്ട് ലഭിക്കുകയും ചെയ്തു. ടൂറിസം വകുപ്പ് മുഖേന ലഭിച്ച ഫണ്ട് ഉപയോഗപ്പെടുത്തി വഞ്ചിക്കുളത്തെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി വഞ്ചിക്കുളം പാർക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഈ മാസം(2023 ആഗസ്റ്റ്) തന്നെ പാർക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതാണ്. കൂടാതെ വഞ്ചിക്കുളത്ത് ബോട്ടിംഗ് അടക്കമുള്ള വിനോദ പരിപാടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി, തൃശ്ശൂർ അഡ്വഞ്ചേഴ്സ് ഹബ്

		എന്ന സ്ഥാപനം സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ 6 മാസകാലയളവിലേയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി നടത്തിപ്പുചുമതല ടി സ്ഥാപനത്തിന് കൈമാറുന്നതിന് 18.08.2023 ൽ ചേർന്ന സ്റ്റിയറിംഗ് കമ്മറ്റി യോഗം തീരുമാനിച്ചിട്ടുള്ളതാകുന്നു. വഞ്ചിക്കുളം നവീകരിച്ച് തൃശ്ശൂർ കോർപ്പറേഷന്റെ അഭിമാന പദ്ധതിയാക്കിമാറ്റുക എന്നതാണ് ലക്ഷ്യം. ഇതിനുള്ള പ്രവർത്തനങ്ങൾ നഗരസഭ ആവിഷ്കരിച്ചു വരുന്നു. നഗരസഭയുടെ മന:പൂർവ്വമായ ഉപേക്ഷയോ, അലംഭാവമോ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലാത്തതാണ്. രാഷ്ട്രീയ വ്യത്യാസമുള്ള വിവിധ ഭരണസമിതികൾ അധികാരത്തിൽ വരുമ്പോൾ പോളിസി വിഷയങ്ങളിലും, പദ്ധതികളുടെ മുൻഗണനാക്രമത്തിലും വ്യത്യാസം വരുത്തുകയാണുണ്ടായത് എന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പദ്ധതി നടത്തിപ്പിനായി ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തിവരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ വസ്തുതകൾ പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കിതരണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.
4.12	ഒരു ജൈവവള പദ്ധതിയിൻമേലുണ്ടായ നിഷ്ഫല ചെലവ് തദ്ദേശവാസികളുടെ എതിർപ്പ് അവഗണിച്ചുകൊണ്ട് വളാഞ്ചേരി ഗ്രാമ പഞ്ചായത്ത് ജൈവമാലിന്യം ഉപയോഗിച്ച് ഒരു ജൈവവള പദ്ധതിയ്ക്ക് തുടക്കം കുറിച്ചതിനാൽ 23.86 ലക്ഷം രൂപ നിഷ്ഫല ചെലവായി.	**വളാഞ്ചേരി നഗരസഭ** വളാഞ്ചേരി നഗരസഭ രൂപീകൃതമാകുന്നതിന് മുമ്പ് ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ പഞ്ചായത്തിലെ മാലിന്യങ്ങൾ ഒരു സ്വകാര്യ വ്യക്തിയുടെ ഒഴിഞ്ഞ ഭൂമിയിൽ നിക്ഷേപിച്ച് വരികയും

		എന്നാൽ ടി വ്യക്തി ആയതിന്മേൽ എതിർപ്പ് അറിയിക്കുകയും ചെയ്തു. ടി സാഹചര്യത്തിൽ പഞ്ചായത്തിലെ മാലിന്യങ്ങൾ വലിയ പ്രതിസന്ധി സൃഷ്ടിക്കുകയും ചെയ്ത അവസരത്തിൽ 2001 ഡിസംബർ മാസത്തിൽ പഞ്ചായത്ത് കമ്മിറ്റി 7.29 ലക്ഷം രൂപ ചെലവഴിച്ച് കാട്ടിപ്പുരത്തി വില്ലേജിൽ നിലവിലെ വാർഡ് 33 കഞ്ഞിപ്പുരയിൽ ഒരു ജൈവ പദ്ധതിക്കായി 1.74 ഏക്കർ സ്ഥലം വാങ്ങുകയും പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവ മാലിന്യങ്ങൾ സുരക്ഷിതവും പ്രയോജന പ്രദവുമാകുന്ന രീതിയിൽ സംസ്കരിക്കാനും കർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള ജൈവവളം പ്രദാനം ചെയ്യുന്നതിനുമായി ദീർഘ വീക്ഷണത്തോടുകൂടി ഒരു പദ്ധതിക്ക് രൂപം നൽകുകയും, ആയതിന് 40 ലക്ഷം രൂപ വകയിരുത്തി പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ ആസൂത്രണ സമിതി അംഗീകാരം വാങ്ങുകയും ചെയ്തു. ആയതിന്റെ നടത്തിപ്പിലേക്കായി ഖരമാലിന്യ പരിപാലനത്തിനായി അംഗീകൃത ഏജൻസിയായ കാസർകോട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് നൽകി 2006 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. ആയതിലേക്ക് 37.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ടി ഏജൻസി തയ്യാറാക്കി നൽകുകയും ചെയ്തിട്ടുള്ളതാണ്. മേൽ പ്രവൃത്തികൾ ഉടങ്ങുന്ന വേളയിൽ

		പരിസര വാസികളുടെ ശക്തമായ എതിർപ്പ് മൂലം ആയത് തടസ്സപ്പെട്ടു. ആയതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം ബഹു. ആർ.ഡി.ഒ യുടെ നേതൃത്വത്തിൽ പലതവണ ചർച്ചകൾ നടത്തിയെങ്കിലും പരാജയപ്പെടുകയും പഞ്ചായത്ത് കമ്മിറ്റിയുടെ ഭൂരിപക്ഷ തീരുമാനത്തിൽ ആയതിന്റെ പ്രവർത്തനങ്ങൾ തുടർന്ന് വരികയും ചെയ്തു. ആയത് പ്രകാരം ടി പ്രവൃത്തികൾ ആരംഭിക്കുന്നതിലേക്കായി കാസർകോഡ് സോഷ്യൽ സർവ്വീസ് സൊസൈറ്റി എഗ്രിമെൻറ് വച്ച വേളയിൽ അഡ്വാൻസ് ആയി 6.58 ലക്ഷം രൂപയും ടി സ്ഥലത്തേക്ക് വൈദ്യുത ലൈൻ എടുക്കുന്നതിന് 1.24 ലക്ഷം രൂപ കെ.എസ്.ഇ.ബി ക്കും, മാലിന്യങ്ങൾ ടി സ്ഥലത്ത് കൊണ്ട് വരുന്നതിന് 8.15 ലക്ഷം രൂപയും ടിപ്പറിന്റെ മെയിന്റനൻസിന് 60,000 രൂപയും സ്ഥലം വാങ്ങിയത് 7.29 ലക്ഷം ഉൾപ്പെടെ ആകെ 23.86 ലക്ഷം രൂപ അടിസ്ഥാന പരമായ ആവശ്യങ്ങൾക്കായി ചെലവഴിക്കുകയും ചെയ്തു. എന്നാൽ പരിസ്ഥിതിക്കും പൊതുജനാരോഗ്യത്തിനും ഹാനികരമാണ് ടി പ്ലാൻറ് എന്ന തെറ്റിദ്ധാരണയിൽ ടി സൊസൈറ്റിയുടെ വാഹനം പൊതുജനങ്ങൾ തടയുകയും പോലീസിൻറെ നേതൃത്വത്തിൽ നിരവധി ആളുകളെ അറസ്റ്റ് ചെയ്യുകയും ഇതുയും വലിയ പ്രക്ഷോഭത്തിനാൽ ടി പ്രവൃത്തികൾ 2008 ൽ നിർത്തിവയ്ക്കേണ്ടി വന്നിട്ടുള്ളതുമാണ്.

		2015 നവംബറിൽ നഗരസഭയായി പരിവർത്തനം ചെയ്ത ടി പഞ്ചായത്തിൽ നാളിതുവരെ ടി ഭൂമിയിൽ പ്രവേശിക്കാനോ മറ്റു പ്രവൃത്തികൾ ചെയ്യാനോ സാധിച്ചിരുന്നില്ല. എന്നാൽ 2022 ൽ ടി സ്ഥലത്തിന്റെ പരിസര പ്രദേശമായ വാർഡ് 4, വാർഡ് 33 എന്നീ വാർഡുകളിലെ വാർഡ് സഭകളിൽ നഗരസഭ ചെയർമാൻ, സെക്രട്ടറി എന്നിവർ നേരിട്ടെത്തി ജനങ്ങളെ കാര്യങ്ങൾ പറഞ്ഞ് ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതും സർക്കാർ നിലവിൽ ഡംബിംഗ് യാർഡുകൾ പ്രോത്സാഹിപ്പിക്കുന്നില്ല എന്നും ആയതിനാൽ ടി സ്ഥലത്ത് ഒരു ജൈവ പാർക്കും ഒരു എഫ്.എസ്.ടി.പി യും സ്ഥാപിക്കുന്നതിന് ടി പ്രദേശത്തെ ആളുകൾ വാർഡ് സഭയിലൂടെ അംഗീകാരം നൽകിയതിന്റെ അടിസ്ഥാനത്തിൽ 7 കോടി രൂപയുടെ ജൈവ പാർക്കിനും 5 കോടി 71 ലക്ഷം രൂപയുടെ എഫ്.എസ്.ടി.പി യുടെയും ഡി.പി.ആർ ലഭ്യമായിട്ടുള്ളതുമാണ്. 2001 ൽ പഞ്ചായത്ത് 7.29 ലക്ഷം രൂപയിൽ വാങ്ങിയ 1.74 ഏക്കർ സ്ഥലം ഏകദേശം 3 കോടി 48 ലക്ഷം രൂപ വിലമതിക്കുന്ന നഗരസഭയുടെ ഏറ്റവും വലിയ ആസ്തികളിൽ ഒന്നാണ്. നിലവിൽ ടി പ്രദേശത്ത് ഒരു സെൻറ് ഭൂമിക്ക് 2_ലക്ഷത്തിന് മുകളിലാണ് അടിസ്ഥാന വില. ഒരു പഞ്ചായത്തിന്റെ/ നഗരസഭയുടെ ഏറ്റവും വലിയ

		പ്രശ്നങ്ങളിൽ ഒന്നാണ് മാലിന്യ സംസ്കരണം എന്നത്. ആയത് നടപ്പിലാക്കുന്നതിന് വേണ്ടി മാത്രമാണ് ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രമിച്ചിട്ടുള്ളത്. നിലവിൽ നഗരസഭയിൽ ഉടവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകുകയും നഗരസഭയുടെ ഹരിതകർമ്മസേന വീടുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് അംഗീകൃത ഏജൻസിക്ക് കൈമാറുകയും ചെയ്തു വരികയാണ്.

M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept
Govt. Secretariat, Tvpm.
PEN. 101250

അനുബന്ധം

11.3.16 AG

भारतीय लेखा तथा लेखापरीक्षा विभाग
INDIAN AUDIT AND ACCOUNTS DEPARTMENT
प्रधान महालेखाकार (सामान्य एवं सामाजिक क्षेत्र लेखापरीक्षा) का कार्यालय, केरल, तिरुवनन्तपुरम - 695001
OFFICE OF THE PRINCIPAL ACCOUNTANT GENERAL (GENERAL & SOCIAL SECTOR AUDIT), KERALA, THIRUVANANTHAPURAM - 695 001

നം. എസ്.ബി.എ I (HQ)VIII/Audit-1384/272
തീയതി 02.05.2016

സ്വീകർത്താവ്,

സെക്രട്ടറി,
കല്ലൂർക്കാട് ഗ്രാമ പഞ്ചായത്ത്
എറണാകുളം-686668

സർ,

വിഷയം: കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിന്റെ 1997-98 മുതൽ 2007-08 വർഷത്തെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിന്റെ തുടർ നടപടികൾ സംബന്ധിച്ച്.

സൂചന:. നം. സി1-3117/15 തീയതി 5.10.2015.

സൂചനയിലേയ്ക്ക് ശ്രദ്ധക്ഷണിയ്ക്കുന്നു. മറുപടി താഴെക്കൊടുക്കുന്നു

ഭാഗം 2 എ-ഖണ്ഡികകൾ

I	നിയമങ്ങളും ചട്ടങ്ങളും മാനിക്കാതെ ഫിഷ് - മീറ്റ് മാർക്കറ്റ് പണിതതു മൂലം നിഷ്ഫലമായ ചെലവ് - 13.79 ലക്ഷം രൂപ	1.8.2014 ൽ മാർക്കറ്റ് പ്രയോജനപ്രദമാക്കി എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി ഇല്ല ✓

ഭാഗം 2 ബി -ഖണ്ഡികകൾ

11.3.16

I	നികുതി നികുതിയേതര വരവിന്റെ നിർണ്ണയത്തിലും പിരിവിലുമുള്ള അപാകതകൾ മൂലമുണ്ടായ നഷ്ടം എ) വാർഷിക വാടകയ്ക്ക് അനുസൃതമായി കെട്ടിട വാടക ഈടാക്കാത്തതുമൂലമുണ്ടായ നഷ്ടം 0.31 ലക്ഷം രൂപ ബി) സർക്കാർ സഹായമില്ലാത്ത അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി വസൂലാക്കിയില്ല. - 0.28 ലക്ഷം രൂപ	എ) കെട്ടിട നികുതിയിൽ ഉണ്ടായ വരുമാന നഷ്ടം ക്രമീകരിച്ച് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്. ✓ ബി) മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി ഇല്ല ✓
II	മുടങ്ങിക്കിടക്കുന്ന പണം മീറ്റ്ഫിഷ് മാർക്കറ്റ് ഐസാലിന്യ സംസ്ക്കരണ പ്ലാന്റ് 3.78 ലക്ഷം	നിർമ്മാണം പൂർത്തീകരിച്ചു എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി ഇല്ല ✓

True Copy

OFFICE OF THE KALLOORKAD GRAMAPANCHAYATH ERNAKULAM DT. Pin-686 668

V.K. VALSAMMA
SECRETARY

दूरभाष /Telephone : 0471-2330795 फैक्स /Fax : 0471-2531326 GRAM/ तार/ / e-mail : agaukerala@cag.gov.in
PHONE : 0485-2236225

III	ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചകൾ എ) കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനതു ഫണ്ടിലേക്ക് മാറ്റാത്തത് സംബന്ധിച്ച്. ബി) തിരികെ വന്ന പെൻഷൻ തുകകൾ ട്രഷറിയിൽ നിക്ഷേപിക്കാൻ വൈകുന്നത് സംബന്ധിച്ച് സി) ട്രഷറിയിൽ നിന്നും പിൻവലിച്ച തുകകൾ കാഷ് ബുക്കിൽ രേഖപ്പെടുത്താത്തത് സംബന്ധിച്ച്	എ) കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പൂർണ്ണമായും പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടി രേഖാമൂലം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്. ബി) തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ട് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ അടുത്ത ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമായിതുടർ നടപടി ഇല്ല ✓ സി) തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ട് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ അടുത്ത ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമായിതുടർ നടപടി ഇല്ല ✓
IV	മറ്റ്ക്രമക്കേടുകൾ 1. വികസന ഫണ്ടുകളുടെ വിനിയോഗത്തിലെ കാലതാമസം 2.ഇ.എം.എസ് ഹൗസിംഗ് ലോൺ മുതൽ തുക പഞ്ചായത്ത് ബാങ്കിലടയ്ക്കാൻ വൈകുന്നതും, ടി തുക ബാങ്ക് ക്രഡിറ്റ് ചെയ്യാൻ വൈകുന്നതും സംബന്ധിച്ച് 3. ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി – ഭൗതിക ലക്ഷ്യം കൈവരിക്കാത്തത് സംബന്ധിച്ച് 4. വികസന ഫണ്ടിന്റെ ദുരുപയോഗം ട്രഷറിയിൽ നിന്നും തുക പിൻവലിച്ചശേഷം ഗുണഭോക്തതാക്കൾക്ക് കൈമാറാൻ വൈകുന്നത് സംബന്ധിച്ച് 5. അംഗനവാടികളുടെ ശോച്യവസ്ഥ	1. ഇപ്പോൾ വികസന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കുന്നുണ്ട് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ അടുത്ത ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമായി തുടർ നടപടി ഇല്ല ✓ 2. ഇപ്പോൾ തുക യഥാസമയം ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെന്നും മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നുമുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി ഇല്ല. ✓ 3. പദ്ധതി പൂർണ്ണ ലക്ഷ്യപ്രാപ്തിയിലെത്തിച്ച് രേഖാമൂലം ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്. 4. അപാകത പരിഹരിച്ചിട്ടുണ്ട് എന്ന മറുപടിയുടെ അടിസ്ഥാനത്തിൽ അടുത്ത ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമായി തുടർ നടപടി ഇല്ല ✓ 5. മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി ഇല്ല ✓

വിശ്വസ്തതയോടെ,

ഓഡിറ്റ് ഓഫീസർ

True Copy

V.K. VALSAMMA
SECRETARY
KALLOORKAD GRAMA PANCHAYAT
PHONE : 0485-2289225